പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)

## എട്ടാമത് റിപ്പോർട്ട്

(2017 മേയ് 10-ാം തീയതി സമർപ്പിച്ചത്)

## 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് (2010-ലെ 15-ാം ആക്ട്)-ൻ കീഴിൽ പുറപ്പെടുവിച്ച 429/2013, 115/2015 എന്നീ എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2017

പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

(2016-2019)

## എട്ടാമത് റിപ്പോർട്ട്

(2017 മേയ് 10-ാം തീയതി സമർപ്പിച്ചത്)

**2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010-ലെ 15-ാം ആക്റ്റ്)-ൻ കീഴിൽ പുറപ്പെടുവിച്ച 429/2013, 115/2015 എന്നീ എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്**

850/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം 1 - എസ്.ആർ.ഒ. നമ്പർ 429/2013 | .. | 19 |
| അനുബന്ധം 2 - എസ്.ആർ.ഒ. നമ്പർ 115/2015 | .. | 109 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുരളി പെരുനെല്ലി, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. ജി. എസ്. ജയലാൽ, എം. എൽ. എ.

ശ്രീ. എം. മുകേഷ്, എം. എൽ. എ.

ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.

ശ്രീമതി യു. പ്രതിഭ ഹരി, എം. എൽ. എ.

ശ്രീ. റോജി എം. ജോൺ, എം. എൽ. എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ.

ശ്രീ. ഷാഫി പറമ്പിൽ, എം. എൽ. എ.

ശ്രീ. എ. എൻ. ഷംസീർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010-ലെ 15-ാം ആക്റ്റ്)-ൻ കീഴിൽ പുറപ്പെടുവിച്ച 429/2013, 115/2015 എന്നീ നമ്പർ എസ്.ആർ.ഒ.കൾ സമിതി സൂക്ഷ്മമായി പഠിക്കുകയും അതിലെ വ്യവസ്ഥകൾ സംബന്ധിച്ച് നിയമം, മത്സ്യബന്ധന തുറമുഖം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് 14-12-2016-ൽ തെളിവെടുപ്പ് നടത്തുകയും ചെയ്തു. തുടർന്ന് 21-12-2016, 9-2-2017 എന്നീ തീയതികളിലായി യഥാക്രമം തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകൾ സന്ദർശിച്ച് ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പുകളുടെയും സന്ദർശനങ്ങളുടെയും ഭാഗമായി ലഭിച്ച വിവരങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2017 മേയ് 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2017 മേയ് 10.

# റിപ്പോർട്ട്

## 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010-ലെ 15-ാം ആക്റ്റ്)-ൻ കീഴിൽ പുറപ്പെടുവിച്ച 429/2013, 115/2015 എന്നീ എസ്.ആർ.ഒ.കളുടെ സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

കേരളത്തിന്റെ ഭക്ഷ്യസുരക്ഷക്കും പോഷകാഹാര ലഭ്യതയ്ക്കും മത്സ്യം നിർണ്ണായകമായ പങ്ക് വഹിക്കുന്നു. ഒരു കാലത്ത് സംസ്ഥാനത്തിന്റെ നദികളും, കായലുകളും, കുളങ്ങളും മറ്റ് ജലാശയങ്ങളും മത്സ്യസമ്പത്തിനാൽ അനുഗ്രഹീതമായിരുന്നു. മുൻകാലങ്ങളിൽ വെള്ളം വറ്റാതെ നിൽക്കുന്ന പാടങ്ങളിൽ ഉൾപ്പെടെ സമൃദ്ധമായി കാണപ്പെട്ടിരുന്ന ആറ്റുകൊഞ്ച്, മനത്തിൽ, പള്ളത്തി, വരാൽ, പരൽ തുടങ്ങിയ മീനുകൾ അന്യംനിന്ന അവസ്ഥയാണ്. മത്സ്യസമ്പത്തിൽ ഗണ്യമായ കുറവാണ് സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മത്സ്യാഹാരം ശീലമാക്കിയ കേരളീയരുടെ ആവശ്യത്തിന് അനുസരിച്ചുള്ള മത്സ്യം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടിവരുന്ന അവസ്ഥ സംജാതമായിരിക്കുന്നു. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. ആയതിന് സംസ്ഥാനത്തെ നദികൾ, കായലുകൾ, കുളങ്ങൾ, മറ്റ് ജലാശയങ്ങൾ എന്നിവയുടെ ജൈവ വൈവിധ്യവും സന്തുലിതാവസ്ഥയും നിലനിർത്തി, മത്സ്യസമ്പത്ത് വർദ്ധിപ്പിച്ച് ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലും സാമ്പത്തിക നിലനിൽപ്പും ഉറപ്പാക്കേണ്ടിയിരിക്കുന്നു.

(2) കേരള സംസ്ഥാന ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യസമ്പത്തിന്റെ ശോഷണത്തിലേക്ക് നയിക്കുന്ന അമിത ചൂഷണം നിയന്ത്രിക്കുന്നതിനും മത്സ്യവിത്തുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മത്സ്യങ്ങളുടെ രോഗങ്ങൾ തടയുന്നതിനും അത് വഴി സംസ്ഥാനത്ത് മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതാണ് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010-ലെ 15-ാം ആക്റ്റ്). പ്രസ്തുത ആക്റ്റിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ചതാണ് എസ്.ആർ.ഒ. നമ്പർ 429/13, 115/2015 എന്നീ എസ്.ആർ.ഒ.കൾ.

(3) 2010-ലെ കേരള ഉൾനാടൻ ഫിഷറീസും, അക്വാകൾച്ചറും ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച 429/2013, 115/2015 എന്നീ നമ്പർ എസ്.ആർ.ഒ കൾ സമിതി സൂക്ഷ്മമായി പഠിക്കുകയും അതിലെ വ്യവസ്ഥകൾ സംബന്ധിച്ച് നിയമം, മത്സ്യബന്ധന തുറമുഖം എന്നീ വകുപ്പ് സെക്രട്ടറിമാരുമായും ചർച്ച നടത്തുകയും തൃശ്ശൂർ, എറണാകുളം ജില്ലകളിൽ അക്വാകൾച്ചറും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്തു

അതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിരീക്ഷണങ്ങളും ശിപാർശകളും നിർദ്ദേശങ്ങളുമാണ് ചുവടെ ചേർക്കുന്നത്:

**എസ്.ആർ.ഒ. നമ്പർ 429/13, തീയതി 28-5-2013**

[സ. ഉ. (അച്ചടി) നമ്പർ 34/13/മ.ന.വ. തിയതി 28-5-2013]

(4) 'സാക്ഷ്യപ്പെടുത്തിയ വിത്തുകൾ' എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന അതിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ നിർദ്ദിഷ്ട ഗുണനിലവാരം പാലിക്കുന്നവയാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒരു ഹാച്ചറിയിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ബ്രൂഡ് സ്റ്റോക്കിന്റെ സന്തതികളോ ഒരു സീഡ് ഫാമിൽ വളർത്തിയെടുത്ത ഫ്രൈകളോ എന്നർത്ഥമാക്കുന്ന എന്ന ചട്ടം 2(1)(ഡി)-ലെ നിർവ്വചനം 'സാക്ഷ്യപ്പെടുത്തിയ വിത്തുകൾ' എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി അതിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ നിയമാനുസൃതമായി പ്രവർത്തിക്കുന്ന ഹാച്ചറികളിൽ നിന്നോ/സീഡ് ഫാമുകളിൽ നിന്നോ ഓരോ ബാച്ചിൽ നിന്നുമായി ശേഖരിക്കുന്ന വ്യത്യസ്ത ദശകളിലുള്ള ചെമ്മീൻ മത്സ്യക്കുഞ്ഞുങ്ങളുടെ സാമ്പിളുകൾ പരിശോധിച്ച് നിർദ്ദിഷ്ട ഗുണനിലവാരം പാലിക്കുന്നവയാണെന്ന് അർത്ഥമാകുന്ന എന്ന വിധത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ ചില വകുപ്പുകൾ ഉൾപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് 2014-ൽ പാസ്സാക്കിയ വിത്ത് നിയമത്തിന് ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ടെന്നും പ്രസ്തുത നിയമത്തിൽ സമിതി നിർദ്ദേശിച്ച മാറ്റങ്ങൾ വ്യക്തമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥർ മറുപടി നൽകി. വിത്തുനിയമത്തിൽ നിർവ്വചിച്ചിട്ടുള്ളതുകൊണ്ട് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ മാറ്റം വരുത്തേണ്ടതില്ലേയെന്ന് സമിതി ആരാഞ്ഞതിന് സമിതി നിർദ്ദേശിച്ച രീതിയിൽ മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് നിയമ വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടം 2(1)(ഡി) "സാക്ഷ്യപ്പെടുത്തിയ വിത്തുകൾ" എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി അതിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ നിയമാനുസൃതമായി പ്രവർത്തിക്കുന്ന ഹാച്ചറികളിൽ നിന്നോ/സീഡ് ഫാമുകളിൽ നിന്നോ ഓരോ ബാച്ചിൽ നിന്നുമായി ശേഖരിക്കുന്ന വ്യത്യസ്ത ദശകളിലുള്ള ചെമ്മീൻ മത്സ്യക്കുഞ്ഞുങ്ങളുടെ സാമ്പിളുകൾ പരിശോധിച്ച് നിർദ്ദിഷ്ട ഗുണനിലവാരം പാലിക്കുന്നവയാണ് എന്ന് അർത്ഥമാക്കുന്ന എന്ന വിധത്തിൽ മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(5) ചട്ടം 2(1)(എഫ്)-ലെ 'മത്സ്യബന്ധനം' എന്നാൽ ഏതെങ്കിലും ജലാശയത്തിൽ നിന്നും മത്സ്യങ്ങളേയോ കക്ക വർഗ്ഗ ജീവികളെയോ പിടിച്ചെടുക്കുകയോ ശേഖരിക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തിയോ പ്രവർത്തനങ്ങളോ

എന്നർത്ഥമാക്കുന്നു എന്നത് 'മത്സ്യബന്ധനം' എന്നാൽ ഏതെങ്കിലും ജലാശയത്തിൽ നിന്നും മത്സ്യങ്ങളേയോ കക്ക, ഷെൽ മത്സ്യമുൾപ്പെടെയുള്ള ജീവനുള്ള മറ്റ് ജലജീവികളെയോ ജലസസ്യങ്ങളെയോ പിടിച്ചെടുക്കുകയോ ശേഖരിക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തിയോ പ്രവർത്തനങ്ങളോ എന്നർത്ഥമാക്കുന്നു എന്ന വിധത്തിൽ മാറ്റം വരുത്താവുന്നതല്ലേയെന്ന് സമിതി ആരാഞ്ഞതിന് ആ രീതിയിൽ മാറ്റം വരുത്താവുന്നതാണെന്ന് മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ 2(1)(എഫ്), 'മത്സ്യബന്ധനം' എന്നാൽ ഏതെങ്കിലും ജലാശയത്തിൽ നിന്നും മത്സ്യങ്ങളെയോ കക്ക, ഷെൽ മത്സ്യമുൾപ്പെടെയുള്ള ജീവനുള്ള മറ്റ് ജലജീവികളെയോ ജലസസ്യങ്ങളെയോ പിടിച്ചെടുക്കുകയോ ശേഖരിക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തിയോ പ്രവൃത്തനങ്ങളോ എന്ന് അർത്ഥമാക്കുന്നു എന്ന വിധത്തിൽ മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(6) ചട്ടം 2(1)(കെ)-ലെ "സീഡ് ഫാമുകൾ എന്ന നിർവ്വചനത്തിൽ വ്യത്യസ്ത ജലജീവികളുടെ പോസ്റ്റ് ലാർവകളും സ്പോണുകളും ഫ്രൈകളും ഹാച്ച് ലിംഗ്സും ഫിംഗർ ലിംഗ്സുകളും വളർത്തുന്നതിനുള്ള ഫാമുകൾ എന്നർത്ഥമാകുന്നു" എന്ന് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(7) ആക്ടിന്റെ 2 (എക്സ്)-ൽ 'പൊതുജലാശയം' എന്നതിന് സർക്കാരിന്റെയോ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218-ാം വകുപ്പ് പ്രകാരമോ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 208(എ) വകുപ്പ് പ്രകാരമോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതോ, ബോർഡുകളുടെയോ മറ്റേതെങ്കിലും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയോ സംഘടനകളുടെയോ ഉടമസ്ഥതയിലുള്ള അഴിമുഖങ്ങളോ....." എന്ന് വ്യക്തമാക്കുന്നതിനാൽ പൊതുജലാശയങ്ങളുടെ ഉടമസ്ഥതയെക്കുറിച്ച് വ്യക്തമാക്കുന്ന ചട്ടം 3(എ)-ൽ "ബോർഡുകളുടെയോ" എന്നത് കൂടി ചേർക്കേണ്ടതുണ്ടോയെന്ന ചർച്ചയിൽ ദേവസ്വം/വഖഫ് ബോർഡുകളുടെ കീഴിലുള്ള കുളങ്ങളും പൊതുജലാശയത്തിൽ ഉൾപ്പെടുന്നുണ്ടെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും "ബോർഡുകളുടെയോ" എന്ന് ചേർക്കുന്നത് ഉചിതമാണെന്ന് സമിതി വിലയിരുത്തുകയും ചെയ്തു. ആയതിനാൽ ചട്ടം 3(എ)-ൽ "ബോർഡുകളുടെയോ" എന്ന് കൂടി ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(8) ചട്ടം 3(എ)-ലെ അഞ്ചാമത് വരിയിൽ "ആയത് റിപ്പോർട്ടിനായി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതും" എന്നതിന്ശേഷം "ടി ഉദ്യോഗസ്ഥൻ പ്രസ്തുത സ്ഥലം ഫിഷറീസ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമാണെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്താൽ" എന്നും കൂടി ചേർക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

(9) ചട്ടം 4-ന്റെ തലക്കെട്ടിലെ "ഫിഷറീസ് ഡയറക്ടറുടെയും 35-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെയും അധികാരങ്ങൾ" എന്നതിൽ "ആക്ടിന്റെ 35-ാം വകുപ്പ് പ്രകാരം" എന്ന രീതിയിൽ മാറ്റം വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(10) ചട്ടം 4 (iv)-ന്റെ നാലാമത് വരിയിൽ "........ ഉദ്യോഗസ്ഥന് ഉത്തമബോധ്യമുള്ള മത്സ്യങ്ങളെ കണ്ടുകെട്ടുക" എന്നത് "ഉദ്യോഗസ്ഥന് ഉത്തമ ബോദ്ധ്യമുള്ള പക്ഷം മത്സ്യങ്ങളെ കണ്ടുകെട്ടുക" എന്ന വിധത്തിൽ മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(11) ആക്ടിന്റെ 35(5) പ്രകാരം "ഈ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് എന്തെങ്കിലും മത്സ്യമോ കക്കയോ ഇറച്ചിയോ പിടിച്ചെടുക്കുന്ന സംഗതിയിൽ ഫിഷറീസ് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ അവയുടെ വിൽപ്പനയ്ക്കുവേണ്ട ഏർപ്പാട് ചെയ്യേണ്ടതും...... " എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ ചട്ടം 4(v)-ലെ "അധികാരപ്പെട്ട ഉദ്യോഗസ്ഥൻ" എന്നതിനുപകരം "ഫിഷറീസ് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥൻ" എന്ന് മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(12) ചട്ടം 4(viii)-ന്റെ നാലാമത്തെ വരിയായ "പരിശോധനയുടെ ആവശ്യത്തിലേക്ക് മത്സ്യം, ജലം, മണ്ണ്, മത്സ്യങ്ങൾ എന്നിവയുടെ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യുക" എന്നതിനു പകരം പരിശോധനയുടെ ആവശ്യത്തിലേക്ക് മത്സ്യങ്ങൾ, ജലം, മണ്ണ്, തീറ്റ, മരുന്നുകൾ, രാസപദാർത്ഥങ്ങൾ എന്നിവയുടെ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യുക" എന്ന രീതിയിൽ മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(13) ചട്ടം 4(x)-ൽ "പ്രകൃത്യായുള്ള ജലപരിസ്ഥിതികളിലും അക്വാകൾച്ചർ കുളങ്ങളിലും രോഗങ്ങൾ പടരുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക" എന്നതിനുശേഷം "രോഗബാധയുള്ള കുളങ്ങൾ സീൽ ചെയ്യുകയും വെള്ളം അണുവിമുക്തമാക്കിയതിന് ശേഷം മാത്രം തുറന്നുവിടാൻ അനുവദിക്കുകയും ചെയ്യുക" എന്ന് കൂടി ചേർക്കുന്നത് സംബന്ധിച്ച വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന് രോഗബാധയുണ്ടെന്ന് കണ്ടെത്തുന്ന കുളങ്ങൾ അണുവിമുക്തമാക്കുന്നതിന് ക്ലോറിനേഷൻ നടത്തി മുഴുവൻ മത്സ്യങ്ങളെയും നശിപ്പിച്ച് ഏകദേശം ഒരാഴ്ച സൂക്ഷിച്ചതിന് ശേഷം മാത്രമേ വെള്ളം റിലീസ് ചെയ്യാൻ അനുവദിക്കുകയുള്ളൂവെന്നും ആയതിന് ചില നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ടെന്നും മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. "സീൽ ചെയ്യുക" എന്ന പദം ഉപയോഗിക്കുന്നത് പ്രായോഗികമല്ലെന്നും അസിസ്റ്റന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു. അസിസ്റ്റന്റ് ഡയറക്ടറുടെ അഭിപ്രായം അംഗീകരിച്ച സമിതി, രോഗബാധയുണ്ടെന്ന് കണ്ടെത്തുന്ന കുളങ്ങൾ അണുവിമുക്തമാക്കുന്നതിനുള്ള

നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം മാത്രം തുറന്നുവിടാൻ അനുവദിക്കുക" എന്ന് കൂടി ചേർക്കുന്നത് ഉചിതമായിരിക്കുമെന്ന് വിലയിരുത്തുകയും ചെയ്തു. ആയതിനാൽ ചട്ടം 4(x)-ൽ രോഗബാധയുണ്ടെന്ന് കണ്ടെത്തുന്ന കുളങ്ങൾ അണുവിമുക്തമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം മാത്രം തുറന്ന വിടാൻ അനുവദിക്കുക എന്നുകൂടി ചേർക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(14) ചട്ടത്തിന്റെ ചില ഭാഗങ്ങളിൽ "പൊതു ഉൾനാടൻ ജലാശയം" എന്ന് ഉപയോഗിച്ചിരിക്കുന്നതായി സമിതി ചൂണ്ടിക്കാണിക്കുകയും, ആയതിന്റെ നിർവ്വചനം എന്താണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു. ഉൾനാടൻ ജലാശയങ്ങൾ എന്നതിൽ പൊതുജലാശയവും സ്വകാര്യ ജലാശയവും ഉൾപ്പെടുമെന്നും പബ്ലിക് ഇൻലാന്റ് വാട്ടർ ബോഡീസ് എന്നതിന്റെ മലയാള പരിഭാഷയാണ് പൊതു ഉൾനാടൻ ജലാശയം എന്നും മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ വിശദമാക്കി.

(15) പൊതുജലാശയം, സ്വകാര്യജലാശയം എന്നിവ ആക്ടിൽ പ്രത്യേകം നിർവ്വചിച്ചിട്ടുള്ളതിനാൽ രണ്ടു നിർവ്വചനവും കൂടി constructive ആയി interpret ചെയ്താൽ മതിയാകുമെന്ന് മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി പൊതുജലാശയത്തിനും സ്വകാര്യജലാശയത്തിനും ആക്ടിൽ പ്രത്യേക നിർവ്വചനമുള്ളതിനാൽ പൊതുഉൾനാടൻ ജലാശയം എന്ന് പറയേണ്ട കാര്യമില്ലെന്നും ഉൾനാടൻ ജലാശയം എന്നു മാത്രം പറഞ്ഞാൽ മതിയെന്നും അഭിപ്രായപ്പെട്ടു.

(16) പൊതു ഉൾനാടൻ ജലാശയവും ഉൾനാടൻ ജലാശയവും constructive ആയി interpret ചെയ്താൽ മതിയെന്ന വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി, "ചട്ടം 5 (2)-ന്റെ ആദ്യവരിയിലും രണ്ടാമത്തെ വരിയിലുമായി ആവർത്തിച്ചുവന്നിരിക്കുന്ന പൊതുഉൾനാടൻ ജലാശയത്തിലെയും ഉൾനാടൻ ജലാശയത്തിലെയും എന്നതിലെ ആവർത്തനം ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചു. കൂടാതെ ചട്ടത്തിന്റെ മൂന്നാം വരിയിലെ "ലൈസൻസ് സമ്പ്രദായം വഴിയും" എന്നത് "ലൈസൻസ് വഴിയും" എന്നും മാറ്റുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(17) ചട്ടം 5 (3)-ന്റെ മൂന്നാമത്തെ വരിയിൽ "പൊതുജലാശയത്തിലും ഉൾനാടൻ ജലാശയത്തിലും മത്സ്യബന്ധനത്തിനുമുള്ള അവകാശം ഉണ്ടായിരിക്കുകയുള്ളൂ" എന്നതിന് പകരം "പൊതുജലാശയത്തിലും ഉൾനാടൻ ജലാശയത്തിലും അക്വാകൾച്ചറിനും മത്സ്യബന്ധനത്തിനുമുള്ള അവകാശം ഉണ്ടായിരിക്കുകയുള്ളൂ" എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(18) ചട്ടം 6 (4), ചട്ടം 6 (5) എന്നിവയ്ക്ക് സമാനതകൾ ഉള്ളതിനാൽ ചട്ടം 6 (5) പൂർണ്ണമായി ഒഴിവാക്കി ചട്ടം 6 (4) "യാതൊരാളും ഏതൊരു ഉൾനാടൻ ജലാശയത്തിൽ നിന്നും സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ അനുവദിക്കപ്പെട്ട ഇനമല്ലാത്ത മത്സ്യവിത്തുകളെയോ, മത്സ്യക്കുഞ്ഞുങ്ങളെയോ ബ്രൂഡ് മത്സ്യങ്ങളെയോ ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ് എന്ന രീതിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച അഭിപ്രായം ആരാഞ്ഞതിന് അത്തരത്തിൽ മാറ്റം വരുത്താമെന്ന് മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി. മറുപടി അംഗീകരിച്ച സമിതി, ചട്ടം 6(5) പൂർണ്ണമായി ഒഴിവാക്കുന്നതിനും ചട്ടം 6(4)-ൽ യാതൊരാളും ഏതൊരു ഉൾനാടൻ ജലാശയത്തിൽ നിന്നും സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ അനുവദിക്കപ്പെട്ട ഇനമല്ലാത്ത മത്സ്യവിത്തുകളെയോ മത്സ്യക്കുഞ്ഞുങ്ങളെയോ ബ്രൂഡ് മത്സ്യങ്ങളെയോ ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ് എന്ന രീതിയിൽ മാറ്റം വരുത്തുന്നതിനും ശിപാർശ ചെയ്യുന്നു. ചട്ടം 6(5) പൂർണ്ണമായി ഒഴിവാക്കുന്നതിനാൽ ചട്ടം 6(6) മുതൽ 6(13) വരെ പുനരക്കം ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു.

(19) ചട്ടം 7 (1)-ന്റെ നാലാമത്തെ വരിയിൽ "അക്വാകൾച്ചറോ" എന്നതിന് ശേഷം "ഫിൽട്രേഷനോ" എന്ന് കൂടി ചേർക്കാൻ സമിതി നിർദ്ദേശിക്കുന്നു.

(20) ചട്ടം 8(3)-ൽ "അനുവദിക്കപ്പെട്ടിട്ടുള്ള രജിസ്ട്രേഷനിലോ ലൈസൻസിലോ വിവരിക്കും പ്രകാരമല്ലാതെയുള്ള യാതൊരു മത്സ്യബന്ധന പ്രവർത്തനത്തിലും യാതൊരാളും ഏർപ്പെടാൻ പാടുള്ളതല്ല എന്നാൽ വിനോദാവശ്യത്തിനോ, ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനോ, ചൂണ്ട ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർ രജിസ്ട്രേഷനോ ലൈസൻസോ എടുക്കേണ്ടതില്ല" എന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ ചട്ടം 6(1) (എ)-ൽ "യാതൊരാളും ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി നൽകപ്പെട്ട ഒരു ലൈസൻസിന്റെ അടിസ്ഥാനത്തിലല്ലാതെ, വ്യവസായികാടിസ്ഥാനത്തിലോ നിത്യവൃത്തിക്കോ ഏതൊരുവിധ മത്സ്യബന്ധന പ്രവർത്തനങ്ങളിലേർപ്പെടുകയോ ചെയ്യാൻ പാടില്ലാത്തതാണ്" എന്നും വ്യക്തമാക്കിയിരിക്കുന്നു. ഈ രണ്ട് ചട്ടങ്ങളിലെയും വൈരുദ്ധ്യത്തിന് കാരണം സമിതി ആരാഞ്ഞതിന്, ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെന്നും മത്സ്യത്തൊഴിലാളിക്ക് മാത്രമേ ലൈസൻസ് നൽകാൻ പാടുള്ളൂവെന്നും, മത്സ്യത്തൊഴിലാളി അല്ലാത്ത ഒരാളിന് രജിസ്ട്രേഷൻ നൽകാമെന്നും രണ്ട് രീതിയിൽ ചട്ടത്തിൽ പറയുന്നതിനാൽ രജിസ്ട്രേഷൻ കിട്ടുകയും ലൈസൻസ് കിട്ടാതിരിക്കുകയും ചെയ്യുന്ന അവസ്ഥ വന്നുചേരുന്നുണ്ടെന്ന് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു പ്രസ്തുത വൈരുദ്ധ്യം പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സമിതിയെ അറിയിച്ചു

(21) ചട്ടം 6(1) (എ)-യും ചട്ടം 8(3)-ഉം ഒരുമിച്ച് നിലനിൽക്കില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ചട്ടം 6 (1) (എ) ഒഴിവാക്കി ചട്ടം 8(3) നിലനിർത്തുവാനും അതനുസരിച്ച് ചട്ടം 6(1)(എ) ഒഴിവാക്കുന്നതിനാൽ ചട്ടം 6(1)(ബി) മുതൽ ചട്ടം 6(1)(കെ) വരെ പുനരക്കം ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു.

(22) ചട്ടം 9(12)-ലെ ക്യാച്ച് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷയിൽ വിത്ത് എടുത്ത ഹാച്ചറിയുടെ പേര് ഉൾപ്പെടുത്തുവാനും ചട്ടം 9(12)(സി)-ൽ 'എണ്ണം' എന്നതിന് പകരം 'എണ്ണവും തൂക്കവും' എന്നുകൂടി ചേർക്കുവാനും നിർദ്ദേശിച്ചു. അതോടൊപ്പം ക്യാച്ച് സർട്ടിഫിക്കറ്റ് അപേക്ഷാഫാറത്തിന്റെ മാതൃക കൂടി ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(23) ചട്ടം 10(9)-ലെ "അക്വാകൾച്ചർ പ്രദേശത്ത് അക്വാകൾച്ചർ പ്രവർത്തനത്തിന് അനുമതി നൽകുന്നതിനുള്ള മുൻഗണന" എന്നത് "അക്വാകൾച്ചർ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതും പൊതുജലാശയങ്ങളിൽ അക്വാകൾച്ചർ പ്രവർത്തനത്തിന് അനുമതി നൽകുന്നതിനുള്ള മുൻഗണന" എന്ന വിധത്തിൽ മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(24) ചട്ടം 10(10)-ൽ "അക്വാകൾച്ചർ പ്രദേശത്തിന്റെയോ അക്വാകൾച്ചർ ഫാമിന്റെയോ അടുത്തായി ഏതെങ്കിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ ആയതിന്റെ ആവശ്യത്തിലേക്ക് ഫിഷറീസ് വകുപ്പിന്റെ പക്കൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള മുൻകൂർ അനുമതിക്കുള്ള മാനദണ്ഡങ്ങളും ദൂരപരിധിയും നിശ്ചയിച്ച് വ്യക്തമാക്കിയിട്ടുള്ളതായി കാണുന്നില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും മുൻകൂർ അനുമതിക്കുള്ള മാനദണ്ഡവും ദൂരപരിധിയും നിശ്ചയിക്കേണ്ടത് ആവശ്യമാണെന്ന് വിലയിരുത്തുകയും ചെയ്തു. ആയതിനാൽ ചട്ടം 10(10)-ൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ ആയതിന്റെ അനുമതിക്കുള്ള മാനദണ്ഡവും ദൂരപരിധിയും നിശ്ചയിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(25) ചട്ടം 12(3)-ൽ "രജിസ്ട്രേഷൻ ഫീസ് ഉള്ളടക്കം ചെയ്ത്" എന്നതിന് ശേഷം "നിശ്ചയിക്കപ്പെട്ട രേഖകൾ ഉൾപ്പെടെ അപേക്ഷ ഫോറം ലഭിച്ച് കഴിഞ്ഞാൽ" എന്ന് ചേർക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(26) ചട്ടം 12(5)-ന്റെ രണ്ടാമത്തെ വരിയിൽ "അനുവദിക്കുകയോ" എന്നതിന് ശേഷം "അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്" എന്ന് ചേർക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(27) ചട്ടം 12(8)-ലും ചട്ടം 13(7)-ലും സൂചിപ്പിച്ചിരിക്കുന്ന ബോർഡുകൾ നിലവിൽ മഞ്ഞ പ്രതലത്തിൽ വെള്ള ചായത്തിലാണ് ആലേഖനം ചെയ്തിരിക്കുന്നതെന്നും കൂടുതൽ വ്യക്തതയ്ക്കായി അത് മഞ്ഞച്ചായമടിച്ച പ്രതലത്തിൽ കറുത്ത ചായത്തിൽ ആലേഖനം ചെയ്യുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെട്ട സമിതി "ബോർഡുകൾ മഞ്ഞച്ചായമിട്ട പ്രതലത്തിൽ കറുത്ത ചായത്തിൽ ആലേഖനം ചെയ്ത്" എന്ന രീതിയിൽ മാറ്റം വരുത്തുവാൻ ശിപാർശ ചെയ്യുന്നു.

(28) ചട്ടം 13(7)-ന്റെ മൂന്നാമത്തെ വരിയിൽ "ഹാച്ചറിയുടെ പാത അഭിമുഖീകരിക്കുന്ന വ്യക്തമായ ഒരു ഭാഗത്ത് പ്രദർശിപ്പിക്കേണ്ടതാണ്" എന്നതിന് പകരം "ഹാച്ചറിയുടെ പാതയ്ക്ക് അഭിമുഖമായി വ്യക്തമായി ഒരു ഭാഗത്ത് പ്രദർശിപ്പിക്കേണ്ടതാണ്"എന്ന രീതിയിൽ മാറ്റം വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(29) ചട്ടം 16, സ്ഥാവര വലകളുടെയും ചെമ്മീൻ കെട്ടിന്റെയും ലൈസൻസുമായി ബന്ധപ്പെട്ടതായതിനാൽ ചട്ടം 16(5-)ന്റെ ആദ്യവരിയിൽ സൂചിപ്പിച്ചിരിക്കുന്ന "ലൈസൻസ്" പുതുക്കുന്നതിനായി എന്നതിനുപകരം "ലൈസൻസ് ലഭിക്കുന്നതിനായി" എന്ന പ്രകാരം മാറ്റം വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(30) ചട്ടം 17-ന്റെ മൂന്നാമത്തെ വരിയിൽ "ലൈസൻസ് ഉള്ളടക്കം ചെയ്ത്" എന്നതിന് ശേഷം "നിശ്ചയിക്കപ്പെട്ട ഫീസോടുകൂടി"എന്ന് ചേർക്കുന്നതിനും ഇതേ ചട്ടത്തിലെ അഞ്ചാമത്തെയും ആറാമത്തെയും വരിയിലായി വരുന്ന "അധികാരപ്പെട്ട ഉദ്യോഗസ്ഥൻ" എന്നതിന് ശേഷം "അപേക്ഷ സ്വീകരിച്ച് കഴിഞ്ഞാൽ ഒരുമാസത്തിനകം നിയമപരമായ എല്ലാ പരിശോധനകളും നടത്തി തൃപ്തിപ്പെടുന്ന പക്ഷം ഒരു വർഷത്തേക്കു കൂടി ലൈസൻസ് പുതുക്കി നൽകേണ്ടതാണ്" എന്ന പ്രകാരം കൂടുതൽ വ്യക്തത വരുത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.

(31) ചട്ടം 19-ൽ സൂചിപ്പിച്ചിരിക്കുന്ന അക്വാകൾച്ചർ ലൈസൻസും, ചട്ടം 21-ൽ സൂചിപ്പിച്ചിരിക്കുന്ന ഹാച്ചറി ലൈസൻസും പുതുക്കുന്നതിന് പുതിയ ലൈസൻസിന് അപേക്ഷിക്കുമ്പോഴുള്ള അതേ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ടോയെന്നും, മറ്റ് തടസ്സങ്ങൾ ഇല്ലെങ്കിൽ നിശ്ചയിക്കപ്പെട്ട ഫീസ് അടച്ചാൽ ലൈസൻസ് പുതുക്കി നൽകുന്നതല്ലേ ഉചിതമെന്നും സമിതി ആരാഞ്ഞതിന്; പുതിയ ലൈസൻസിന് അപേക്ഷിക്കുമ്പോൾ ഫീസിബിലിറ്റി തുടങ്ങിയ കാര്യങ്ങൾ ആവശ്യമാണെന്നും എന്നാൽ ലൈസൻസ് പുതുക്കുന്നതിന് ആയത് ആവശ്യമില്ലെന്നും എന്തൊക്കെയാണ് ആവശ്യമാണെന്നുള്ളത് സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കാമെന്നും മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി. മറ്റ് തടസ്സങ്ങളില്ലെങ്കിൽ നിശ്ചയിക്കപ്പെട്ട ഫീസ് അടച്ചാൽ ലൈസൻസ് പുതുക്കി നൽകുന്ന രീതിയിൽ ചട്ടത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(32) ചട്ടം 25-ൽ അധ്യായം X-ന്റെ തലക്കെട്ട് "റിട്ടേണുകൾ നൽകാനുള്ള ബാധ്യത" എന്ന് മാറ്റം വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(33) ചട്ടം 26(2)(എ)-യുടെ ആദ്യവരിയിൽ "സ്ഥാവര വലകൾ അല്ലെങ്കിൽ അക്വാകൾച്ചർ യൂണിറ്റ് സ്ഥാപിക്കുന്നതിന്" എന്നത് "സ്ഥാവര വലകൾ അല്ലെങ്കിൽ അക്വാകൾച്ചർ യൂണിറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന്" എന്നവിധം മാറ്റം വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(34) ചട്ടം 26 (3)-ലെ മൂന്നാമത്തെ വരിയിൽ " .......... ഈ ആവശ്യത്തിലേക്കായി ഫോറം എ 3-ൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ആവശ്യമായ കുറിപ്പുകൾ ഉൾക്കൊള്ളിച്ച ശേഷം" എന്നത് "....... ഈ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള ഫോറം എ 3-ൽ ഉൾക്കൊള്ളുന്ന രജിസ്റ്ററിൽ ആവശ്യമായ കുറിപ്പുകൾ ഉൾക്കൊള്ളിച്ച ശേഷം" എന്ന വിധത്തിൽ മാറ്റം വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(35) ചട്ടം 30(1)-ലെ രണ്ടാമത്തെ വരിയിൽ "മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തുന്നതിനായി" എന്നതിന് പകരം "മത്സ്യ വിത്തുകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിനായി" എന്ന രീതിയിലും 30(4)-ലെ ആദ്യ വരിയിൽ "മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തി നൽകേണ്ടതും" എന്നതിന് പകരം "മത്സ്യവിത്തുകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തി നൽകേണ്ടതും" എന്ന രീതിയിലും മാറ്റം വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(36) ചട്ടം 30(5)-ലെ മൂന്നാമത്തെ വരിയിൽ "...... ഉദ്യോഗസ്ഥനിൽ നിന്ന് തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നത് വരെ തീർപ്പുകൽപ്പിക്കുവാൻ പാടില്ലാത്തതുമാണ്" എന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും തീർപ്പ് കൽപ്പിക്കേണ്ട സമയ പരിധി പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ ചട്ടം 30(5)-ൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(37) ചട്ടം 30(5)-ലെ മൂന്നാമത്തെ വരിയിൽ "...... ഉദ്യോഗസ്ഥനിൽ നിന്ന് തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെയും കർഷക പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ രോഗബാധിതമായ വിത്ത് ക്ലോറിനേറ്റ് ചെയ്ത് നശിപ്പിക്കുകയും ചെയ്യേണ്ടതാണ്" എന്ന വിധത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിന് ഹാച്ചറിയിൽ രോഗബാധയുള്ള വിത്ത് കണ്ടെത്തിയാൽ ഉടൻതന്നെ നിർമ്മാർജ്ജനം ചെയ്തുവരികയുമാണ് പതിവെന്നും, അതിന്

പുറത്ത് നിന്നുള്ളവരെ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പരാതി ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട കർഷകന്റെ സാന്നിദ്ധ്യത്തിൽ രോഗബാധിതമായ വിത്തുകൾ നശിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ രോഗബാധിതമായ വിത്ത് നശിപ്പിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട കർഷകന്റെ സാന്നിദ്ധ്യത്തിൽ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(38) ആക്ടിന്റെ 9(1) പ്രകാരം "സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം മത്സ്യവിത്തുകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിനായി ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണ്" എന്നും ആക്ടിന്റെ 9(3) പ്രകാരം "ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സർക്കാർ ഒരു മത്സ്യ വിത്ത് കമ്മിറ്റി ഗസറ്റ് വിജ്ഞാപനംമൂലം രൂപീകരിക്കേണ്ടതാണ്" എന്നും ചട്ടം 32(1) (ബി)യിൽ മത്സ്യവിത്ത് ഉത്പാദന കേന്ദ്രത്തിന്റെയും മത്സ്യ ഫാമുകളുടെയും ഔദ്യോഗിക അംഗീകാരത്തിന് വേണ്ടി അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും സാക്ഷ്യപ്പെടുത്തുന്ന ഏജൻസികളെയോ അല്ലെങ്കിൽ വ്യക്തികളെയോ അധികാരപ്പെടുത്തുക എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതിന് വ്യക്തികളെയോ എന്ന് ചട്ടത്തിൽ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത എന്താണെന്ന് സമിതി ആരാഞ്ഞതിന് 2010-ലെ ആക്ടിന്റെ രണ്ട് പ്രൊവിഷനുകളെടുത്താണ് വിത്തുനിയമത്തിന് രൂപം നൽകിയതെന്നും പ്രസ്തുത ആക്ടിന്റെ ചട്ടത്തിൽ മത്സ്യവിത്ത് കമ്മിറ്റി, സയന്റിസ്റ്റ്, ഹാച്ചറിയിലെ ആളുകൾ എന്നിവയെക്കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ടെന്നും വ്യക്തികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഉദ്യോഗസ്ഥരെയാണെന്നും മത്സ്യവിത്തുകളുടെ ഗുണനിലവാരം മത്സ്യഫാമുകളുടെ പ്രവർത്തനം എന്നിവ വിലയിരുത്തുന്നതിന് വിത്ത് നിയമത്തിൽ ഒരു മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അത് ഒരു വ്യക്തിയോ ഏജൻസിയോ ആകാമെന്നും അറിയിച്ച മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ വിദഗ്ധനെ നിയമിക്കുന്നതാണ് നല്ലതെന്നും അപ്പോൾ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള വിദഗ്ദരായ ആളുകളെ നിയമിക്കാൻ കഴിയുമെന്നും കൂട്ടിച്ചേർത്തു. ആയതിനാൽ ചട്ടം 32(1) ബി-ൽ "വ്യക്തികളെയോ" എന്നതിന് പകരം 'വിദഗ്ദർ' എന്ന വാക്ക് ചേർക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(39) അപേക്ഷകൻ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതായ രേഖകൾ എന്തെല്ലാമെന്നത് ഫാറം നമ്പർ AR1-ലും RPF2-ലും ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(40) മത്സ്യബന്ധന ലൈസൻസ് പുതുക്കൽ, സ്ഥാവര വലകളുടെയും ചെമ്മീൻ കെട്ടുകളുടെയും ലൈസൻസ് പുതുക്കൽ, അക്വാകൾച്ചർ ലൈസൻസ് പുതുക്കൽ, ഹാച്ചറി ലൈസൻസ് പുതുക്കൽ എന്നിവയുടെ നടപടിക്രമം നടത്തുന്നത് അതത് ലൈസൻസ് ഫാറത്തിലാണെന്നും ലൈസൻസ് പുതുക്കുന്നതിന് പ്രത്യേക ഫാറങ്ങളുടെ ആവശ്യമില്ലേയെന്ന് സമിതി ആരാഞ്ഞതിന് ലൈസൻസ് പുതുക്കലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി പുതിയ ഫാറം നൽകുന്നതാണ് നല്ലതെന്നും മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി. മറുപടിയുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന ലൈസൻസ്, സ്ഥാവര വലകളുടെയും ചെമ്മീൻ കെട്ടുകളുടെയും ലൈസൻസ്, അക്വാകൾച്ചർ ലൈസൻസ്, ഹാച്ചറി ലൈസൻസ് എന്നിവയുടെ പുതുക്കലുമായി ബന്ധപ്പെട്ട ഫാറങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(41) ചട്ടത്തിൽ താഴെ പറയുന്ന മാറ്റങ്ങൾ തിരുത്തൽ വിജ്ഞാപനം വഴി ഭേദഗതി ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു:

(a) ചട്ടം 4(ix)-ന്റെ രണ്ടാമത്തെ വരിയിലെ "വിശ്വസിക്കൻ തക്ക" എന്നത് "വിശ്വസിക്കാൻ തക്ക" എന്ന് മാറ്റം വരുത്തുക.

(b) ചട്ടം 6(ഇ)-ലെ രണ്ടാമത് വരിയിൽ "സ്പോടക വസ്തു" എന്നത് "സ്ഫോടക വസ്തു" എന്ന് മാറ്റം വരുത്തുക.

(c) ചട്ടം 6(3)-ലെ രണ്ടാമത് വരിയിൽ "തടയോ കൃത്രിമ ബന്ധകളോ" എന്നത് "തടയണയോ കൃത്രിമ ബണ്ടുകളോ" എന്ന് മാറ്റം വരുത്തുക.

(d) ചട്ടം 8(11)-ന്റെ അവസാന വരിയിൽ "വലകൾ ഉണ്ടെങ്കിൽ" എന്നത് "വലകളോ ഉണ്ടെങ്കിൽ" എന്ന് മാറ്റം വരുത്തുക.

(e) ചട്ടം 11(1)-ന്റെ രണ്ടാമത്തെ വരിയിലെയും ചട്ടം 11(2)-ന്റെ ഏഴാമത്തെ വരിയിലെയും "ഉരുക്കളും" എന്നത് "ഉരുക്കളും" എന്ന് മാറ്റം വരുത്തുക.

**എസ്.ആർ.ഒ. നമ്പർ 115/2015**

[സ. ഉ. (പി) നമ്പർ 9/2015/മ.തു.വ. തിയതി 9-3-2015]

(42) എസ്.ആർ.ഒ. നമ്പർ 429/13-ലെ ചട്ടം 2(1)(ഡി)-ലെ നിർവ്വചനത്തിലെ "സാക്ഷ്യപ്പെടുത്തിയ വിത്തുകൾ എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി അതിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ നിയമാനുസൃതമായി പ്രവർത്തിക്കുന്ന ഫാക്ടറികളിൽ നിന്നോ സീഡ് ഫാമുകളിൽ നിന്നോ ഓരോ ബാച്ചിൽ നിന്നുമായി ശേഖരിക്കുന്ന വ്യത്യസ്ത ദശകളിലുള്ള ചെമ്മീൻ മത്സ്യക്കുഞ്ഞുങ്ങളുടെ സാമ്പിളുകൾ പരിശോധിച്ച് നിർദ്ദിഷ്ട ഗുണനിലവാരം പാലിക്കുന്നവയാണെന്ന്

സാക്ഷ്യപ്പെടുത്തുന്ന വിത്തുകൾ എന്നർത്ഥമാകുന്നു" എന്ന വിധത്തിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചതിനാൽ ചട്ടം 2(1)(i)-ന്റെ ആവശ്യമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ചട്ടം 2(1)(i)-ന്റെ ആവശ്യമില്ലെന്ന് മത്സ്യബന്ധന ഉദ്യോഗസ്ഥർ മറുപടി നൽകി. തെളിവെടുപ്പിന്റെ അടിസ്ഥാനത്തിലുള്ള മറുപടി അംഗീകരിച്ച സമിതി ചട്ടം 2(1)(i) ഒഴിവാക്കാനും ചട്ടം 2(1)(ii) മുതൽ 2(1)(iv) വരെ പുനരക്കം ചെയ്യാനും നിർദ്ദേശിക്കുന്നു.

(43) ചട്ടം 2(6)(ii)-ൽ, SRO No. 429/13-ലെ ചട്ടം 9(3)-ലെ "വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് വിനിർദ്ദേശിക്കുന്ന മത്സ്യവിത്തുകൾ അല്ലാതെ യാതൊരു ഇനം മത്സ്യവിത്തുകളും അക്വാകൾച്ചറിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല" എന്ന ഉപചട്ടത്തിനുപകരം "സർക്കാർ വിജ്ഞാപനപ്രകാരം നിരോധിച്ചിരിക്കുന്ന മത്സ്യവിത്തുകൾ യാതൊരു കാരണവശാലും അക്വാകൾച്ചറിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല" എന്ന ഉപചട്ടം ചേർക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ഉപചട്ടം പരിശോധിച്ച സമിതി SRO No. 429/13-ലെ ചട്ടം 9(2), 9(3), 9(6) എന്നിവ ഒരു വിഷയമായതിനാൽ പ്രസ്തുത ഉപചട്ടങ്ങൾ ഒരുമിച്ച് ഒറ്റ ചട്ടമായി നിലനിർത്തുന്നതിന്റെ സാധ്യത പരിശോധിക്കാൻ നിർദ്ദേശിക്കുന്നു.

(44) ചട്ടം 2(6)(iv)-ന്റെ പരിശോധന വേളയിൽ SRO No. 429/13-ന്റെ ചട്ടം 9(5)-ൽ വ്യക്തമാക്കിയ പ്രകാരം ഏതെങ്കിലും വിദേശിയായ മത്സ്യം വളർത്തുന്നതായോ വ്യാപാരം ചെയ്യുന്നതായോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നതായുള്ള ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും സമിതി ആരാഞ്ഞതിന് ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ചട്ടങ്ങൾക്ക് വിരുദ്ധമായി മത്സ്യം വളർത്തൽ, വ്യാപാരം ചെയ്യൽ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം മത്സ്യകൃഷി കണ്ടുകെട്ടി നശിപ്പിക്കുകയാണ് ചെയ്യുന്നതെന്നും മത്സ്യബന്ധന വകുപ്പ് മറുപടി നൽകുകയും ചെയ്തു. ചട്ടലംഘനത്തിനെതിരെ കർശനമായ നടപടിയെടുക്കണമെന്നും ചട്ടലംഘനത്തിനെതിരെ ആക്റ്റിൽ പീനൽ പ്രൊവിഷൻ ഉൾപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

(45) ചട്ടം 2(14)(i)-ൽ "മത്സ്യങ്ങൾ അഥവാ കക്ക, കക്കയിറച്ചി അഥവാ രണ്ടുംകൂടിയോ ഒരു അധികാരപരിധിയിൽ നിന്നും മറ്റൊരു അധികാര പരിധിയിലേക്ക് ഉൾനാടൻ ജലാശയത്തിലൂടെ" എന്ന വാക്കുകൾക്ക് പകരം "ഷെൽ ഒരു അധികാര പരിധിയിൽ നിന്നും മറ്റൊരു അധികാര പരിധിയിലേക്ക്" എന്നുചേർത്തിരിക്കുന്നു. അതിൻപ്രകാരം ഫാറം നമ്പർ P1-ന്റെയും P2-ന്റെയും ശീർഷകത്തിൽ "മത്സ്യങ്ങൾ, കക്ക/കക്കയിറച്ചി അല്ലെങ്കിൽ രണ്ടും സ്ഥലം മാറ്റം ചെയ്യുന്നതിനുള്ള" എന്നതിനുപകരം

"ഷെൽ ഒരു അധികാര പരിധിയിൽ നിന്നും മറ്റൊരു അധികാര പരിധിയിലേക്ക്" എന്ന് മാറ്റം വരുത്തുന്നത് ഉചിതമല്ലേയെന്ന് സമിതി ആരാഞ്ഞതിന് "ഷെൽ" എന്നാൽ ജീവനുള്ളതോ മൃതാവസ്ഥയിലുള്ളതോ ആയ മൊളസ്കാ വിഭാഗം ജീവികളുടെ പുറന്തോട് എന്നർത്ഥമാകുന്നുവെന്നും 'ഷെൽ' എന്താണെന്ന് എസ്.ആർ.ഒ. നമ്പർ 429/2013-ൽ നിർവ്വചിച്ചിട്ടുണ്ടെന്നും എസ്.ആർ.ഒ. നമ്പർ 115/2015-ൽ പറഞ്ഞിരിക്കുന്നതിൽ defect ഉണ്ടെന്നും പഴയതുപോലെ ആക്കുന്നതായിരിക്കും നല്ലതെന്നും മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി. മാറ്റം വരുത്തിയതുമൂലമാണ് ആശയക്കുഴപ്പം ഉണ്ടായതെന്ന് സമിതി വിലയിരുത്തുകയും 115/2015-ൽ പറഞ്ഞിരിക്കുന്ന മാറ്റം വരുത്തേണ്ടതില്ലെന്ന് ശിപാർശ ചെയ്യുന്നു.

(46) 2010-ലെ കേരള ഉൾനാടൻ ഫിഷറീസും, അക്വാകൾച്ചറും ആക്ടിൻ കീഴിൽ പുറപ്പെടുവിച്ച 429/2013, 115/2015 എന്നീ എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധന നടത്തിയ സമിതി, കേരള സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയെ സംബന്ധിച്ച നിയമങ്ങൾ എത്രത്തോളം മത്സ്യമേഖലയിലെ ജനങ്ങൾക്ക് ഉപകാരപ്പെടുന്നു, നിലവിലുള്ള നിയമങ്ങൾമൂലമുള്ള ബുദ്ധിമുട്ടുകൾ എന്നിവ പരിശോധിക്കുന്നതിനും നേരിട്ട് മനസ്സിലാക്കുന്നതിനും സമിതി എറണാകുളം ജില്ലയിലെ കടമക്കുടി, പിഴല, മൂലംപള്ളി, മുളവുകാട് എന്നീ പ്രദേശങ്ങളും തൃശ്ശൂർ ജില്ലയിൽ അഴിക്കോട് റീജിയണൽ ഷ്രിംപ് ഹാച്ചറി, പൊയ്യ മോഡൽ ഷ്രിംപ് ഫാം ആന്റ് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളും സന്ദർശിക്കുകയുണ്ടായി.

(47) കേരളത്തിലെ മത്സ്യമേഖല പ്രധാനമായും ആശ്രയിക്കുന്നത് നമ്മുടെ നാടിന്റെ തനതു ജലസ്രോതസ്സുകളായ പുഴകളെയും കായലുകളെയും ആണ്. ഒരു കാലത്ത് നമ്മുടെ പുഴകളും കായലുകളും ചെമ്മീൻ, ഞണ്ട്, കരിമീൻ തുടങ്ങിയ ശുദ്ധജല മത്സ്യങ്ങളാൽ അനുഗ്രഹീതമായിരുന്നു. അതുകൊണ്ടുതന്നെ കേരളത്തിലെ തീരപ്രദേശത്തെ ജനങ്ങളുടെ ഉപജീവനമാർഗ്ഗം പുഴയുമായും കായലുകളുമായും ബന്ധപ്പെട്ടിരിക്കുന്നു. ആഗോളവൽക്കരണവും, നഗര വികസനവും നമ്മുടെ തീരങ്ങളെയും പുഴകളെയും കായലുകളെയും മലിനമാക്കി ഉപജീവനമാർഗ്ഗം അസാധ്യമാക്കി. അതുമാത്രമല്ല മത്സ്യസമ്പത്തുള്ള മേഖലകളെല്ലാം എക്കൽ അടിഞ്ഞ് ആഴം കുറഞ്ഞ് പോകുന്നതിനാൽ കടലിൽ നിന്നുള്ള മത്സ്യസമ്പത്തിന്റെ ഉല്പാദനം കുറയാൻ കാരണമായിത്തീരുന്നു. പുഴയോരത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രികൾ, ചെറിയ വ്യവസായശാലകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ മത്സ്യസമ്പത്ത് കുറയുന്നതിന് അവയുടേതായ പങ്ക് വഹിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. തീരപ്രദേശങ്ങളിലെ മലിനീകരണം

കാരണം പുഴയിൽ നിന്ന് സ്വാഭാവികമായി കയറിയിറങ്ങുന്ന ചെമ്മീൻ കുഞ്ഞുങ്ങൾ ഇപ്പോൾ കർഷകർക്ക് ലഭിക്കുന്നില്ലെന്നും, മത്സ്യവിത്ത് ഉല്പാദനത്തിലൂടെ ലഭിക്കുന്ന ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചാൽപോലും പലപ്പോഴും ദിവസങ്ങൾക്കകം അവ ചത്തുപോകുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും മാത്രമല്ല കാലാകാലങ്ങളായി മാലിന്യങ്ങളും എക്കലും വന്നടിഞ്ഞ് പുഴയും കായലും നികരുന്നതുമൂലം ഒഴുക്ക് നിലയ്ക്കുന്നതായും സമിതി മനസ്സിലാക്കുന്നു.

(48) മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതും എക്കൽ വന്നടിയുന്നതും സ്ഥിരമായി മത്സ്യനാശം സംഭവിച്ച് തീരപ്രദേശങ്ങൾ മത്സ്യബന്ധനത്തിന് ഉപയോഗപ്രദമല്ലാതായി തീരുവാൻ കാരണമാകുന്നുവെന്ന് സമിതി വിലയിരുത്തുകയും പുഴയിലെ മാലിന്യങ്ങൾ നിശ്ശേഷം എടുത്ത് കളഞ്ഞ് ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ കഴിഞ്ഞാൽ പ്രസ്തുത പ്രശ്നം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുമെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ പുഴയിലെ മാലിന്യങ്ങൾ പൂർണ്ണമായും എടുത്തുകളഞ്ഞ് ശാസ്ത്രീയമായ രീതിയിൽ ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ കഴിയുന്ന രൂപത്തിലാക്കുകയും അങ്ങനെ മാലിന്യ മുക്തമാക്കിയ പുഴയിൽ ഫിഷറീസ് വകുപ്പ് അതത് കാലത്ത് കിട്ടുന്ന മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുവാനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

(49) മത്സ്യക്കുഞ്ഞുങ്ങളെ പുഴകളിലോ കായലുകളിലോ നിക്ഷേപിച്ചതിനുശേഷം അതിന്മേൽ ഒരു മോണിറ്ററിംഗ് നടക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. നിക്ഷേപിക്കുന്ന മത്സ്യക്കുഞ്ഞുങ്ങൾക്ക് ആനുപാതികമായി മത്സ്യസമ്പത്ത് വർദ്ധിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും മത്സ്യസമ്പത്ത് വർദ്ധിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം കണ്ടെത്തി അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിനുശേഷം മത്സ്യസമ്പത്തിന് ഉണ്ടാകുന്ന വർദ്ധനവ് നിരീക്ഷിക്കുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(50) രാസമാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും പുഴയിലും കായലുകളിലും മത്സ്യബന്ധന മേഖലകളിലും ഒഴുക്കിവിടുന്നതിനെതിരെ ചട്ടങ്ങൾ നിലവിലുണ്ടെങ്കിലും ഇത് നടപ്പിലാക്കുന്നതിൽ വിവിധ വകുപ്പുകൾ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്ന് സന്ദർശന വേളയിൽ മനസ്സിലാക്കിയ സമിതി ചട്ടങ്ങൾക്ക് വിരുദ്ധമായി രാസമാലിന്യങ്ങളോ മറ്റ് മാലിന്യങ്ങളോ പുഴയിലോ, കായലുകളിലോ മറ്റു മത്സ്യബന്ധന മേഖലകളിലോ ഒഴുക്കി വിടുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.

(51) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയുടെ സുസ്ഥിര വികസനം, സംരക്ഷണം, പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനും മത്സ്യകൃഷി വികസനം ഉത്തരവാദിത്വപരമായി നടപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിനുമായി സർക്കാരിനെ ഉപദേശിക്കുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ ഒരു സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയും ജില്ലാ തലത്തിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളും രൂപീകരിക്കേണ്ടതാണെന്ന് ആക്ടിന്റെ 41-ാം വകുപ്പിൽ വ്യക്തമാക്കുന്നു. അപ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയുടെയോ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയുടെയോ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നാണ് സമിതിക്ക് സന്ദർശന വേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. ആയതിനാൽ നിയമ പ്രകാരം രൂപീകരിക്കേണ്ട ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും അടിയന്തരമായി രൂപീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(52) ഏതെങ്കിലും ഒരു പൊതുജലാശയം മത്സ്യത്തെയോ അതിന്റെ പരിസ്ഥിതിയെയോ സംരക്ഷിക്കുന്നതിനും മതിയായ പ്രാധാന്യമുള്ളതാണെന്ന് കരുതുന്നപക്ഷം അങ്ങനെയുള്ള പ്രദേശത്തെ ഒരു സംരക്ഷിത മത്സ്യസങ്കേതമായി പ്രഖ്യാപിക്കുന്നതിന് ആക്ടിലെ 28-ാം വകുപ്പുപ്രകാരമുള്ള ഒരു സാങ്കേതിക കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ സാങ്കേതിക സമിതിയുടെ ഉപദേശമില്ലാതെ സർക്കാർ ഫണ്ട് ഉപയോഗിച്ച് കേരളത്തിലെ പല സ്ഥലങ്ങളിലും മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്നതായി സമിതിയുടെ തെളിവെടുപ്പിനിടെ പരാതിയായി ഉയർന്നുവന്നു. പ്രസ്തുത പരാതിയെ സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ നിയമപ്രകാരവും ചട്ടപ്രകാരവും രൂപീകരിക്കേണ്ടതായ സാങ്കേതിക സമിതി അടിയന്തരമായി രൂപീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. മേല്പറഞ്ഞ പരാതിക്ക് ആധാരമായ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

(53) വംശനാശം നേരിടുന്ന മത്സ്യങ്ങളെയോ, കണ്ടൽക്കാടുകളോ മത്സ്യപ്രജനന സ്ഥലങ്ങളോ മത്സ്യക്കുഞ്ഞുങ്ങൾ വളരുന്ന സ്ഥലമോ കണ്ടെത്തുന്നതിന് വകുപ്പ് പഠനം നടത്തുന്നുണ്ടോയെന്ന് സമിതിയുടെ അന്വേഷണത്തിന് അത്തരം പഠനങ്ങൾ ഒന്നും നടക്കുന്നില്ലെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. വംശനാശം നേരിടുന്ന മത്സ്യങ്ങളെ കണ്ടെത്തുന്നതിനും അവ ഏതെല്ലാമെന്ന് കണ്ടെത്തി ലിസ്റ്റ് ചെയ്ത് അവയെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് വകുപ്പ് തലത്തിൽ അടിയന്തര നടപടി ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. ആയതിനാൽ വംശനാശം നേരിടുന്ന മത്സ്യങ്ങൾ, കണ്ടൽക്കാടുകൾ, മത്സ്യ പ്രജനന സ്ഥലങ്ങൾ, മത്സ്യക്കുഞ്ഞുങ്ങൾ വളരുന്ന സ്ഥലം

എന്നിവ കണ്ടെത്തുന്നതിനാവശ്യമായ പഠനം വകുപ്പുതലത്തിൽ നടത്തുന്നതിനും അതോടൊപ്പം സംരക്ഷിത മത്സ്യങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തുവാനും അവയെ സംരക്ഷിക്കുവാനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(54) സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ 20% മത്സ്യവിത്തുകൾ മാത്രമേ ഉല്പാദിപ്പിക്കാൻ സാധിക്കുന്നുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. മത്സ്യവിത്തുകൾ ഉല്പാദിപ്പിക്കുന്നതിന് ഊർജിതമായ നടപടികൾ സർക്കാർ തലത്തിൽ ഇനിയും കൂടുതൽ നടത്തേണ്ടിയിരിക്കുന്നുവെന്നാണ് സമിതി വിലയിരുത്തുന്നത്. സമിതിയുടെ സന്ദർശന വേളയിൽ പൊയ്യ ഷ്രിംപ് ഹാച്ചറിയുടെ ആക്ഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ടെന്നും നിലവിലുള്ള എല്ലാ കുളങ്ങളും ഉൾപ്പെടുന്ന ഏകദേശം 34 ഹെക്ടർ സ്ഥലം മത്സ്യകൃഷി ചെയ്യുന്നതിനുള്ള പദ്ധതിയായിട്ടാണ് സമർപ്പിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുകയും ഇങ്ങനെയുള്ള പദ്ധതികളിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ കഴിയുമെങ്കിൽ അത്തരം പദ്ധതികൾ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

(55) പൊതുജലാശയങ്ങളും സ്വകാര്യ ജലാശയങ്ങളും മത്സ്യകൃഷിക്ക് എത്ര ശതമാനം ഉപയോഗപ്പെടുത്താൻ കഴിഞ്ഞുവെന്ന സമിതിയുടെ അന്വേഷണത്തിന് മത്സ്യകൃഷിക്ക് അനുയോജ്യമായത് പൊതുജലാശയങ്ങളും റിസർവോയറുകളുമാണെന്നും ഏറ്റെടുത്ത വ്യക്തിഗത കുളങ്ങളും ടാങ്കുകളും 80% വരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നും വകുപ്പുദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി. എന്നാൽ വനം വകുപ്പിന്റെ പരിധിയിലുള്ള ജലാശയങ്ങളിൽ തദ്ദേശീയ മത്സ്യങ്ങളെ മാത്രമേ കൃഷി ചെയ്യാൻ പാടുള്ളൂവെന്ന വനം വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യാൻ സാധിക്കുന്നില്ലെന്നും വകുപ്പുദ്യോഗസ്ഥർ കൂട്ടിച്ചേർക്കുകയുണ്ടായി. വനം വകുപ്പിന്റെ പരിധിയിലുള്ള പൊതുജലാശയങ്ങളും റിസർവോയറുകളും മത്സ്യകൃഷിക്ക് അനുയോജ്യമാണെങ്കിലും തദ്ദേശീയമായ മത്സ്യങ്ങളുടെ സംരക്ഷണം ലക്ഷ്യംവച്ചുകൊണ്ട് അത്തരം മത്സ്യങ്ങളെ മാത്രമേ ഇവയിൽ കൃഷി ചെയ്യാൻ പാടുള്ളൂവെന്ന് വനം വകുപ്പ് ഉത്തരവിറക്കിയിട്ടുള്ളതിനാൽ നല്ല രീതിയിൽ മത്സ്യകൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ തുടർന്ന് കൃഷിയിറക്കാൻ സാധിക്കുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി തദ്ദേശീയമല്ലാത്ത മത്സ്യങ്ങളെ കൃഷി ചെയ്യാൻ പാടില്ല എന്നതിനുപകരം തദ്ദേശീയമായ മത്സ്യങ്ങൾക്ക് ഹാനികരമായ മത്സ്യങ്ങളെ വളർത്താൻ പാടില്ലായെന്നാക്കി ഉത്തരവിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് വനം വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ ശിപാർശ ചെയ്യുന്നു.

(56) ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് വിഷമുക്ത ഭക്ഷണമെന്നത്. വിഷമുക്ത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവകൃഷി നടപ്പിലാക്കി വരുന്നതുപോലെ വിഷമുക്തമായ മത്സ്യങ്ങളും നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിന് ഒരു സെന്റ് മുതൽ മൂന്ന് സെന്റ് വരെയുള്ള ചെറിയ

കുളങ്ങളിൽ പ്ലാസ്റ്റിക് ഷീറ്റിട്ട് മത്സ്യകൃഷി ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള അടുക്കള കുളങ്ങൾ എന്ന ആശയം വളരെ ഫലപ്രദമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. നിലവിൽ ആയിരം രൂപ വില വരുന്ന മത്സ്യങ്ങളെയും അതിനെ പരിപാലിക്കുന്നതിനുള്ള പരിശീലനവുമാണ് വകുപ്പ് ഇതിലേക്കായി നൽകിവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ ജനങ്ങളുടെ ഭക്ഷണത്തിന്റെ പ്രധാന ഘടകമായ മത്സ്യം വിഷമുക്തമാക്കുന്നതിനായി വീടുകളോട് ചേർന്ന് കുളം കുഴിച്ച് പ്ലാസ്റ്റിക് ഷീറ്റിട്ട് മീൻ വളർത്തി ചൂണ്ടയിട്ട് പിടിച്ച് മത്സ്യം ഉപയോഗിക്കണമെന്ന രീതിയിലുള്ള അവബോധം കൊണ്ടുവരേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തി. അതിന്റെ ഭാഗമായി <u>സ്ഥലക്കുറവുള്ള ചെറിയ പറമ്പുകളിൽപ്പോലും മത്സ്യകൃഷി നടപ്പിലാക്കാൻ കഴിയുന്ന അടുക്കള കുളങ്ങൾ എന്ന ആശയം കൂടുതൽ വ്യാപിപ്പിക്കുവാനും ഇങ്ങനെയുള്ള പദ്ധതിക്ക് കൂടുതൽ പ്രോത്സാഹനം നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.</u>

(57) ഫോർമാലിൻ പോലുള്ള വിഷമയമായ രാസവസ്തുക്കൾ ചേർത്ത് മത്സ്യം വിറ്റഴിക്കുന്നതായി പല പത്രമാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇതിൽ നിന്ന് ഒരു മോചനം എന്ന നിലയിൽ സുരക്ഷിത മത്സ്യം ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ടെന്നുള്ള ഒരു അവബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുന്നതിന് ഒരു കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതായിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതിലേക്കുള്ള ആദ്യ ശ്രമമെന്ന നിലയിൽ വാർഡ് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ <u>അടുക്കള കുളങ്ങൾ പോലുള്ള മത്സ്യകൃഷി രീതികൾ വാർഡ് അടിസ്ഥാനത്തിൽ വോളന്റിയേഴ്സിനെക്കൊണ്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.</u>

(58) ലാഭകരമായ രീതിയിൽ ജൈവ പൊക്കാളി കൃഷി നടത്തിയിരുന്ന പല സ്ഥലങ്ങളിലും ജൈവ പൊക്കാളി കൃഷി ചെയ്യുന്നതിന് ആവശ്യമായ സാഹചര്യം നിലവിലില്ലെന്ന് സമിതിയുടെ തെളിവെടുപ്പുവേളയിൽ പരാതി ഉയർന്നുവന്ന സാഹചര്യത്തിൽ <u>ജൈവ പൊക്കാളി കൃഷി ചെയ്യുന്നതിനാവശ്യമായ പ്രോത്സാഹനവും നടപടികളും സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. പൊക്കാളി നെൽകൃഷി സംരക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും നന്നായി കൃഷി ചെയ്യുന്ന നെൽപ്പാടങ്ങളിൽ സംയോജിത മത്സ്യ ചെമ്മീൻ കൃഷി നടപ്പിലാക്കാനും സമിതി ശിപാർശ ചെയ്യുന്നു.</u>

(59) കായലുകൾ, പുഴകൾ എന്നിവയിൽ സ്ഥാപിക്കുന്ന കുറ്റികൾ, വലകൾ എന്നിങ്ങനെയുള്ള ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കോ അവരുടെ സഹകരണസംഘങ്ങൾക്കോ മാത്രമായി നിജപ്പെടുത്തണമെന്ന് സമിതിയുടെ

തെളിവെട്ടപ്പിനിടെ ആവശ്യമുയർന്നിട്ടുണ്ട്. ആയതിനാൽ മത്സ്യബന്ധന വകുപ്പ് കായലുകൾ, പുഴകൾ എന്നിവയിൽ സ്ഥാപിക്കുന്ന കുറ്റികൾ, വലകൾ എന്നിങ്ങനെയുള്ള ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളി, സഹകരണ സംഘങ്ങൾ എന്നിവർക്ക് നൽകുന്നതിനെ സംബന്ധിച്ച് ആവശ്യമായ പഠനം നടത്തി തീരുമാനമെടുക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(60) നെൽകൃഷിയുടെ അവശിഷ്ടങ്ങൾ മത്സ്യഭക്ഷണമായി സ്വീകരിച്ചുകൊണ്ട് നടത്തുന്ന മത്സ്യകൃഷി ആദായകരമാണെന്നും പ്രസ്തുത കൃഷിരീതി പ്രാവർത്തികമാക്കിയാൽ മത്സ്യകൃഷിക്കും നെൽകൃഷിക്കും ഒരുപോലെ ഉണർവേകുമെന്നതിനാൽ അടിയന്തര പ്രാധാന്യത്തോടെ പ്രസ്തുത കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തുവാൻ മത്സ്യബന്ധനം, കൃഷി എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

(61) സമിതിയുടെ സൂക്ഷ്മപരിശോധനയിലും സന്ദർശന വേളയിലും മനസ്സിലാക്കിയ കാര്യങ്ങളാണ് ശിപാർശകളായി സമിതി നൽകിയിട്ടുള്ളത്. ഈ ശിപാർശകൾക്ക് ഗവൺമെന്റിന്റെ സജീവ പരിഗണനയും സത്വര ശ്രദ്ധയും ലഭിക്കുമെന്ന പ്രതീക്ഷ സമിതിക്കുണ്ട്. മത്സ്യസമ്പത്ത് കുറയുന്നതും കായലുകളും പുഴകളും മലിനമാവുന്നതുകാരണം മത്സ്യമേഖലയുമായി ബന്ധപ്പെട്ട ജനജീവിതങ്ങൾ ദുസ്സഹമാകുന്നത് നേരിട്ട് മനസ്സിലാക്കിയ സമിതി ഇതിൽ ആശങ്ക രേഖപ്പെടുത്തുന്നു. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യബന്ധനം ഉപജീവനമായി നടത്തുന്നവർക്കും ഈ റിപ്പോർട്ട് ഗുണകരമാവുമെന്ന് സമിതി പ്രത്യാശിക്കുന്നു.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2017 മേയ് 10.

അനുബന്ധം I

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 28th May 2013<br>2013 മേയ് 28<br>7th Jyaishta 1935<br>1935 ജ്യേഷ്ഠം 7 | No. 1459<br>നമ്പർ 1459 |

## കേരള സർക്കാർ

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 34/13/മ.തു.വ. *തിരുവനന്തപുരം, 2013 മേയ് 28.*

**എസ്. ആർ. ഒ. നമ്പർ 429/2013.**—2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010-ലെ 15-ാം ആക്റ്റ്)-ലെ 44-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

അദ്ധ്യായം I

**പ്രാരംഭം**

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'ആക്റ്റ്' എന്നാൽ 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010-ലെ 15-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) 'അക്വാകൾച്ചർ അവകാശം' എന്നാൽ ഈ ആക്റ്റ് പ്രകാരം അക്വാകൾച്ചർ നടത്തുന്നതിനുള്ള അവകാശം എന്നർത്ഥമാകുന്നു;

(സി) 'സാക്ഷ്യപ്പെടുത്തൽ' എന്നാൽ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഒരു നികായമോ സംഘടനയോ ഏജൻസിയോ ഒരു ഹാച്ചറിയുടേയോ, ഫാമിന്റെയോ, ഉൽപ്പന്നമോ, പ്രവർത്തനക്രമമോ, പ്രക്രിയയോ, സംവിധാനമോ, സേവനമോ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആവശ്യകതകൾ നിറവേറ്റുന്നതാണെന്ന് ഒരുകൂട്ടം പരിശോധനയുടെയോ ആവശ്യമെങ്കിൽ ഉൽപ്പാദന സംവിധാനത്തിലെ തുടർച്ചയായ പരിശോധനയിലൂടെയോ കണ്ടെത്തി അപ്രകാരം ആവശ്യകതകൾ നിറവേറ്റുന്നതാണെന്ന് രേഖാമൂലം ഉറപ്പ് നൽകുന്നതിനുള്ള ഒരു നടപടിക്രമം എന്നർത്ഥമാകുന്നു;

(ഡി) 'സാക്ഷ്യപ്പെടുത്തിയ വിത്തുകൾ' എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന അതിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ നിർദ്ദിഷ്ട ഗുണനിലവാരം പാലിക്കുന്നവയാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒരു ഹാച്ചറിയിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ബ്രൂഡ് സ്റ്റോക്കിന്റെ സന്തതികളോ ഒരു സീഡ് ഫാമിൽ വളർത്തിയെടുത്ത 'ഫ്രൈ'കളോ എന്നർത്ഥമാകുന്നു;

(ഇ) 'ഫാം' എന്നാൽ അക്വാകൾച്ചറിന് ഉപയോഗപ്പെടുത്തുന്ന പ്രകൃതിദത്തമായി തന്നെ നിലവിലുള്ളതോ ഉണ്ടാക്കിയെടുത്തതോ രൂപാന്തരപ്പെടുത്തിയതോ ആയ കുളമോ, ജലസംഭരണിയോ അല്ലെങ്കിൽ വെള്ളച്ചാലുകൾ, മത്സ്യക്കൂടുകൾ, മത്സ്യവളപ്പുകൾ, മത്സ്യകൃഷി ചങ്ങാടങ്ങൾ, തട്ടുകൾ എന്നിവ ഉൾപ്പെടുന്നതായ ഏതെങ്കിലും ജലാശയങ്ങളോ എന്നർത്ഥമാകുന്നു;

(എഫ്) 'മത്സ്യബന്ധനം' എന്നാൽ ഏതെങ്കിലും ജലാശയത്തിൽനിന്നും മത്സ്യങ്ങളെയോ കക്കവർഗ്ഗ ജീവികളെയോ പിടിച്ചെടുക്കുകയോ ശേഖരിക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തിയോ പ്രവർത്തനങ്ങളോ എന്നർത്ഥമാകുന്നു;

(ജി) 'മത്സ്യബന്ധനാവകാശം' എന്നാൽ ഒരു പൊതുജലാശയത്തിൽ നിന്നും മത്സ്യബന്ധനം നടത്തുന്നതിനുള്ള അവകാശം എന്നർത്ഥമാകുന്നു;

(എച്ച്) 'ലോട്ട്' എന്നാൽ ഒരേ സ്പോണിംഗ് വംശത്തിൽ നിന്നും പിറന്നതും എപ്പോഴും ഒരേ ജലലഭ്യത പങ്കിട്ട് പരിപാലിക്കപ്പെട്ടതുമായ ഒരു കൂട്ടം മത്സ്യങ്ങൾ എന്നർത്ഥമാകുന്നു;

(ഐ) 'മെക്കാനിക്കലും മോട്ടറൈസ്ഡും ഉപകരണങ്ങൾ' എന്നാൽ മത്സ്യബന്ധന ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന യന്ത്ര ഉപകരണങ്ങളോ, യന്ത്രങ്ങളോ, എഞ്ചിനുകളോ ഘടിപ്പിച്ച ഉപകരണങ്ങളോ എന്നർത്ഥമാകുന്നു;

(ജെ) 'കുളം' എന്നാൽ പ്രകൃതിദത്തമായി നിലവിലുള്ളതോ രൂപം കൊടുത്ത് നിർമ്മിച്ചിട്ടുള്ളതോ ആയ കുളങ്ങളോ ചിറകളോ ഫാം പ്രദേശങ്ങളോ പരിവർത്തനപ്പെടുത്തിയ ജലപ്രദേശമോ എന്നർത്ഥമാകുന്നു;

(കെ) 'സീഡ് ഫാമുകൾ' എന്നാൽ അക്വാകൾച്ചർ ഫാമുകളിൽ ഉപയോഗിക്കുന്നതിനായി മത്സ്യങ്ങളുടെ 'ഫ്രൈ'കളും ഫിംഗർലിംഗ്സുകളും, ചെമ്മീന്റെയും കൊഞ്ചിന്റെയും പോസ്റ്റ് ലാർവ്വകളും വളർത്തുന്നതിനുള്ള ഫാമുകൾ എന്നർത്ഥമാകുന്നു;

(എൽ) 'ഷെൽ' എന്നാൽ ജീവനുള്ളതോ മൃതാവസ്ഥയിലുള്ളതോ ആയ മൊളാസ്ക്ക വിഭാഗം ജീവികളുടെ പുറന്തോട് എന്നർത്ഥമാകുന്നു;

(എം) 'സ്പാറ്റ്' എന്നാൽ ജലാശയാടിത്തട്ടിലെ ഏതെങ്കിലും ദൃഢവസ്തുക്കളിൽ പറ്റിക്കൂടുന്ന മൊളാസ്ക്ക വിഭാഗത്തിലുള്ള ജലജീവികളുടെ ലാർവൽ അവസ്ഥകൾ എന്നർത്ഥമാകുന്നു;

(എൻ) 'പട്ടിക' എന്നാൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു;

(ഒ) 'ജലാശയം' എന്നാൽ കാലികമായോ വാർഷികമായോ ജലം കെട്ടിക്കിടക്കുന്ന ഏതെങ്കിലും ഒരു ഭൂപ്രദേശമെന്നർത്ഥമാകുന്നതും അതിൽ കായലുകൾ, നെൽപ്പാടങ്ങൾ, തണ്ണീർത്തടങ്ങൾ, വേലിയേറ്റത്തിനും വേലിയിറക്കത്തിനുമിടയിലുള്ള പ്രദേശങ്ങൾ, അഴിമുഖങ്ങൾ, കടൽത്തട്ടുകൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## വികസനം, പ്രജനനം, സംരക്ഷണം, മാനേജ്മെന്റ്, ഉൾനാടൻ ഫിഷറിയും അക്വാകൾച്ചറും വിഭാഗം

3. ഫിഷറി സംബന്ധിച്ച ഒരു പൊതുജലാശയത്തിന്റെ ഉപയോഗം.—ഏതൊരാളും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഒരു പൊതു ജലാശയം ഉപയോഗപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്, അതായത് :

(എ) പൊതുജലാശയങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ളതോ അഥവാ ഒരു നികായത്തിന്റെയോ, ഏതെങ്കിലും ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിന്റെയോ സംഘടനയുടെയോ, ഉടമസ്ഥതയിലോ ആയിരിക്കുന്നിടത്ത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ നികായത്തിനോ, അർദ്ധ സർക്കാർ

സ്ഥാപനത്തിനോ സംഘടനയ്ക്കോ അപേക്ഷ സമർപ്പിക്കേണ്ടതും ആയ റിപ്പോർട്ടിനായി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതും റിപ്പോർട്ട ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനമോ, നികായമോ അർദ്ധ സർക്കാർ സ്ഥാപനമോ സംഘടനയോ ഫിഷറി പ്രവർത്തനങ്ങൾക്കായി പൊതു ജലാശയം പാട്ട വ്യവസ്ഥയിൽ അനുവദിക്കേണ്ടതുമാണ്.

(iii) പൊതുജലാശയം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നിടത്ത്, ബന്ധപ്പെട്ട വകുപ്പിന്റെ അനുമതിയോടുകൂടി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി അത്തരം പൊതുജലാശയം പാട്ട വ്യവസ്ഥയിൽ അനുവദിക്കാവുന്നതാണ്.

4. <u>ഫിഷറീസ് ഡയറക്ടറുടെയും 35-ാം വകുപ്പുപ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റേയും അധികാരങ്ങൾ</u>.– ഫിഷറീസ് ഡയറക്ടർക്കും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനും താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:–

(i) മത്സ്യത്തിന്റെയോ കക്കവർഗ്ഗ ജീവികളുടെയോ ബന്ധനത്തിലോ, ശേഖരണത്തിലോ, കടത്തലിലോ, സംഭരണത്തിലോ ഏർപ്പെടുകയോ, ഏർപ്പെട്ടിരിക്കുന്നതായി സംശയിക്കപ്പെടുകയോ ചെയ്യുന്ന ഏതൊരു വാഹനത്തെയും മത്സ്യബന്ധന ഉരുവിനെയും യാനത്തെയും തടയുന്നതിനും അതിനുള്ളിൽ പ്രവേശിക്കുകയും തിരച്ചിൽ നടത്തുകയും ചെയ്യുന്നതിന് ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിനായി ഏതൊരു പ്രവർത്തിയും ചെയ്യുക;

(ii) ആക്റ്റിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്നോ, പാലിക്കപ്പെടുന്നുണ്ടോയെന്നോ ഉറപ്പ് വരുത്തുന്നതിലേക്കായി മത്സ്യങ്ങളെ കടത്തുന്നതിനായി ഉപയോഗിക്കുകയോ, ഉപയോഗിക്കുന്നതിനായി സംശയിക്കപ്പെടുകയോ ചെയ്യുന്ന ഏതൊരു വാഹനത്തെയും തടയുന്നതിനും അതിനുള്ളിൽ പ്രവേശിക്കുന്നതിനും;

(iii) ഏതൊരു മത്സ്യബന്ധനോപകരണങ്ങളോ മറ്റ് ഏതൊരു ഉപകരണമോ സാമഗ്രികളോ വസ്തുക്കളോ ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകളെയോ ഒരു മത്സ്യബന്ധന ലൈസൻസിന്റെ ഉപാധികളെയോ ലംഘിച്ചുകൊണ്ട് ഉപയോഗിച്ചിട്ടുണ്ടെന്ന് വിശ്വസിക്കാൻ തക്ക കാരണമുണ്ടെന്ന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യമുണ്ടെങ്കിൽ ആയത് കണ്ടുകെട്ടുക;

(iv) ആക്റ്റിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ അനുസരിച്ച് നൽകിയിട്ടുള്ള ഒരു മത്സ്യബന്ധന ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പിടിച്ചെടുക്കുകയോ അധീനപ്പെടുത്തുകയോ ചെയ്തിട്ടുള്ളതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തമബോധ്യമുള്ള മത്സ്യങ്ങളെ കണ്ടുകെട്ടുക;

(v) പിടിച്ചെടുത്ത മത്സ്യബന്ധന ഉരുക്കളുടെയോ, വലകളുടെയോ, വാഹനങ്ങളുടെയോ, ഉപകരണങ്ങളുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സാമഗ്രികളുടെയോ ഉടമസ്ഥർ ഈ ആക്റ്റിലെ 35-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ബോണ്ട് നൽകാത്തപക്ഷം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്

ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പിടിച്ചെടുക്കപ്പെട്ട മത്സ്യങ്ങളെയോ കക്കവർഗ്ഗജീവികളെയോ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ പൊതുലേലത്തിലൂടെ വിൽക്കുകയും ഈ ചട്ടങ്ങളിലെ പട്ടിക II-ൽ പറയും പ്രകാരമുള്ള പ്രസ്താവന തയ്യാറാക്കിയശേഷം അത്തരം വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം ട്രഷറിയിലെ റവന്യൂ ഡിപ്പോസിറ്റ് ഹെഡ്ഡിൽ ഒടുക്കുകയും ചെയ്യുക;

(vi) ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടുള്ള നിർമ്മിതികളോ വസ്തുക്കളോ നീക്കം ചെയ്യുകയോ അത്തരത്തിലുള്ള നിർമ്മിതികൾ നടക്കുമ്പോൾ അവ തടയുകയും ചെയ്യുക;

(vii) ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് അക്വാകൾച്ചർ പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള ഉൾനാടൻ ജലാശയങ്ങൾ സർവ്വേ നടത്തുകയും അവയ്ക്ക് അതിർത്തി നിർണ്ണയിക്കുകയും ചെയ്യുക;

(viii) ഒരു അക്വാകൾച്ചർ പ്രദേശത്തോ ചെമ്മീൻ/ഷ്രിംപ് ഹാച്ചറിയിലോ കൊഞ്ച് ഹാച്ചറിയിലോ പ്രവേശിക്കുകയും അവിടങ്ങളിലെ ജലഗുണനിലവാരം, തീറ്റക്രമം, അവിടുത്തെ നടപടിക്രമങ്ങളുടെ രേഖകൾ/കുറിപ്പുകൾ തുടങ്ങിയവ പരിശോധിക്കുന്നതിനും പരിശോധനയുടെ ആവശ്യത്തിലേക്ക് മത്സ്യം, ജലം, മണ്ണ്, മത്സ്യങ്ങൾ എന്നിവയുടെ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യുക;

(ix) ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കുളങ്ങളിൽ നിരോധിച്ചിട്ടുള്ള മത്സ്യങ്ങളുടെ കൃഷി നടത്തുന്നുവെന്ന് വിശ്വസിക്കാൻതക്ക കാരണമുണ്ടെന്ന് അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തമബോധ്യമുണ്ടെങ്കിൽ അത്തരം മത്സ്യങ്ങൾ പിടിച്ചെടുക്കുക;

(x) പ്രകൃത്യായുള്ള ജല പരിസ്ഥിതികളിലും അക്വാകൾച്ചർ കുളങ്ങളിലും രോഗങ്ങൾ പടരുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക;

(xi) മേൽത്തരം മാനേജ്മെന്റ് പ്രവർത്തനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുക.

---

അദ്ധ്യായം III

## മത്സ്യബന്ധനവും അക്വാകൾച്ചറും അവകാശങ്ങൾ

5. മത്സ്യബന്ധനവും അക്വാകൾച്ചറും ക്രമീകരിക്കൽ.— (1) പൊതു ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനവും അക്വാകൾച്ചറും നടത്തുന്നതിനുള്ള അവകാശം പൂർണ്ണമായും ഫിഷറീസ് വകുപ്പിനായിരിക്കുന്നതാണ്:

എന്നാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജലവിഭവ വകുപ്പിന്റെയും അധീനതയിലുള്ള ജലാശയങ്ങളിലെ ഇത്തരം അവകാശങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ജലവിഭവ വകുപ്പിനോ ആയിരിക്കുന്നതാണ്.

(2) സംസ്ഥാനത്തെ ഏതൊരു പൊതു ഉൾനാടൻ ജലാശയത്തിലെയു ഉൾനാടൻ ജലാശയത്തിലേയും ഏതൊരു വ്യക്തിയുടെയും മത്സ്യബന്ധനത്തിനുള്ള അവകാശം ലൈസൻസ് സമ്പ്രദായം വഴിയും മത്സ്യബന്ധന യാനങ്ങളുടേയും മത്സ്യബന്ധന ഉരുക്കളുടേയും മത്സ്യബന്ധനോപകരണങ്ങളുടേയും ഉപയോഗം രജിസ്ട്രേഷനിലൂടെയും നിയന്ത്രിക്കേണ്ടതാണ്.

(3) ആക്റ്റിലേയും ഈ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി നൽകപ്പെട്ട ലൈസൻസുള്ള ഒരു വ്യക്തിക്കു മാത്രമേ ഒരു പൊതു ജലാശയത്തിലും ഉൾനാടൻ ജലാശയത്തിലും മത്സ്യബന്ധനത്തിനുള്ള അവകാശം ഉണ്ടായിരിക്കുകയുള്ളൂ.

(4) ഏതൊരു സ്വകാര്യ ജലാശയങ്ങളിലെയും ചെമ്മീൻ കെട്ടിലേയും പാടശേഖരങ്ങളിലേയും മറ്റ് വെള്ളക്കെട്ടിലേയും മത്സ്യബന്ധനം നടത്തുന്നതിനുള്ള അവകാശം അവയുടെ ഉടമയിലോ/ഉടമകളിലോ നിക്ഷിപ്തമായിരിക്കുന്നതും അത്തരം പ്രദേശങ്ങൾ അതിന്റെ ഉടമസ്ഥർക്ക് ഏതെങ്കിലും വ്യക്തികൾക്കോ/സംഘങ്ങൾക്കോ/ മത്സ്യത്തൊഴിലാളിക്കോ/മത്സ്യത്തൊഴിലാളി സംഘങ്ങൾക്കോ പാട്ടത്തിന് നൽകാവുന്നതുമാണ്. എന്നാൽ ഒരു ഏക്കറിൽ കൂടുതൽ വിസ്തൃതിയുള്ള അത്തരം പ്രദേശങ്ങൾ മത്സ്യത്തൊഴിലാളികൾക്കോ/മത്സ്യത്തൊഴിലാളി സംഘങ്ങൾക്കോ മാത്രമേ പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് സാധിക്കുകയുള്ളു. എന്നാൽ ഒരു ഏക്കറിൽ താഴെയുള്ള പ്രദേശങ്ങളിലെ മത്സ്യബന്ധന അവകാശം അതിന്റെ ഉടമസ്ഥന് വ്യക്തിക്കോ/വ്യക്തികൾക്കോ അല്ലെങ്കിൽ മത്സ്യത്തൊഴിലാളിക്കോ മത്സ്യത്തൊഴിലാളി സംഘങ്ങൾക്കോ പാട്ടത്തിന് നൽകാവുന്നതാണ്. ഇത്തരം ജലപ്രദേശങ്ങളിൽ നടത്തപ്പെടുന്ന ഏതു രീതിയിലുള്ള മത്സ്യബന്ധന പ്രവർത്തനവും രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യബന്ധനോപകരണങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്.

## അദ്ധ്യായം IV

## നിരോധനവും തടസ്സപ്പെടുത്തലും റഗുലേഷനുകളും

6. <u>പൊതു ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനം</u>.—(1) യാതൊരാളും ആക്റ്റിലെയും ഈ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി നൽകപ്പെട്ട ഒരു ലൈസൻസിന്റെ അടിസ്ഥാനത്തിലല്ലാതെ,—

(എ) വ്യാവസായികാടിസ്ഥാനത്തിലോ നിത്യവൃത്തിക്കോ, ഏതൊരുവിധ മത്സ്യബന്ധന പ്രവർത്തനങ്ങളിലേർപ്പെടുകയോ;

(ബി) ഉൾനാടൻ ജലാശയങ്ങളിൽ മോട്ടോറൈസ്ഡ് ഉപകരണങ്ങളുപയോഗിച്ചുള്ള മത്സ്യബന്ധന പ്രവർത്തനം നടത്തുകയോ;

(സി) അഴിമുഖ പ്രദേശങ്ങളിലോ (അഴിമുഖം, തോട്, കായൽ ഭാഗത്തേക്ക് 2 കി. മീ. ദൂരം) വിജ്ഞാപനം ചെയ്ത മറ്റ് ജലപ്രദേശങ്ങളിലോ ഏതെങ്കിലും തരത്തിലുള്ള മത്സ്യബന്ധനം നടത്തുകയോ;

(ഡി) ഒരു പാലത്തിന്റെയോ ചീർപ്പിന്റെയോ ഇരുവശങ്ങളിലുമായി 100 മീ. വരെയുള്ള വശങ്ങളിലൂടെയുള്ള മത്സ്യങ്ങളുടെ സുഗമമായ സഞ്ചാരത്തെ തടസപ്പെടുത്തുന്ന വിധത്തിൽ മത്സ്യബന്ധനം നടത്തുകയോ;

(ഇ) പൊതു ഉൾനാടൻ ജലാശയങ്ങളിൽ നശീകരണ മത്സ്യബന്ധന രീതികളായ തോട്ടപൊട്ടിക്കൽ, സ്ഫോടകവസ്തു പ്രയോഗിക്കൽ, വൈദ്യുതിയോ വൈദ്യുതോപകരണങ്ങളോ ഉപയോഗിക്കൽ, രാസവസ്തുക്കളും വിഷവസ്തുക്കളും കലക്കൽ, വിഷച്ചെടികളും ദോഷവസ്തുക്കളും മറ്റ് മാരക വസ്തുക്കളും ഉപയോഗിക്കൽ തുടങ്ങിയ മാർഗ്ഗങ്ങളുപയോഗിച്ച് മത്സ്യബന്ധന പ്രവർത്തനം നടത്തുകയോ;

(എഫ്) രാത്രികാലങ്ങളിൽ മത്സ്യങ്ങളെ ആകർഷിച്ച് പിടിക്കുന്നതിനായി നൂറ് വാട്സിൽ കൂടുതൽ ശക്തിയുള്ള വിളക്കുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുകയോ;

(ജി) അഴിമുഖ പ്രദേശങ്ങളിലോ സംരക്ഷിത മത്സ്യ സങ്കേതങ്ങളിലോ ഏതെങ്കിലും തരത്തിലുള്ള ഉപകരണങ്ങളോ വലകളോ ഉപയോഗിച്ച് മത്സ്യബന്ധന പ്രവർത്തനം നടത്തുകയോ;

(എച്ച്) ഉൾനാടൻ ജലാശയങ്ങളിൽ വേലിയേറ്റ സമയത്ത് കുറ്റിവലകൾ ഉപയോഗിച്ച് മത്സ്യബന്ധന പ്രവർത്തനം നടത്തുകയോ;

(ഐ) ഉൾനാടൻ ജലാശയങ്ങളിൽ പകൽ സമയം ചീനവലകൾ ഉപയോഗിച്ച് മത്സ്യബന്ധന പ്രവർത്തനം നടത്തുകയോ;

(ജെ) അഴിമുഖത്തേക്ക് 4 മീറ്ററിൽ കൂടുതൽ വായ് വട്ടമുള്ള കുറ്റിവലകൾ ഉപയോഗിച്ച് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധന പ്രവർത്തനം നടത്തുകയോ;

(കെ) നാൽപ്പത്തിയെട്ട് മീറ്റർ വിസ്താരത്തോടെയുള്ള പ്രോസ്റ്ററുകൾ ഘടിപ്പിച്ച ചീനവലകൾ ഉപയോഗിച്ച് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധന പ്രവർത്തനം നടത്തുകയോ;

ചെയ്യാൻ പാടില്ലാത്തതാണ്.

(2) മത്സ്യസമ്പത്തിനെ നശിപ്പിക്കുകയോ, ക്ഷയിപ്പിക്കുകയോ ചെയ്യുന്ന തരത്തിൽ മലിനകാരകങ്ങളോ വ്യാവസായികമോ ഗൃഹജന്യമോ ആയ ഖര-ദ്രവ്യ മാലിന്യങ്ങളോ കീടനാശിനികളോ രാസവസ്തുക്കളോ ഒരു ഉൾനാടൻ ജലാശയത്തിൽ നിക്ഷേപിക്കുകയോ, നിക്ഷേപിക്കാൻ ഇടയാകുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(3) യാതൊരാളും ഒരു ഉൾനാടൻ ജലാശയത്തിൽ മത്സ്യങ്ങളുടെ സഞ്ചാരത്തെ തടസ്സപ്പെടുത്തുന്ന തരത്തിൽ ചിറകളോ, തടയോ, കൃത്രിമ ബന്ധുകളോ, കെട്ടുകളോ, വേലികളോ നിർമ്മിക്കുവാൻ പാടില്ലാത്തതാണ്:

എന്നാൽ, ഈ ഉപചട്ടത്തിലെ യാതൊന്നും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി ചെയ്യുന്ന ഒരു നിർമ്മാണത്തെ സംബന്ധിച്ച് ബാധകമാകുന്നതല്ല.

(4) യാതൊരാളും ഏതൊരു ഉൾനാടൻ ജലാശയത്തിൽ നിന്നും സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ, അനുവദിക്കപ്പെട്ടിട്ടുള്ള മത്സ്യങ്ങളെയല്ലാതെയുള്ള ബ്രൂഡ് മത്സ്യങ്ങളെ പിടിക്കാനും വില്പന നടത്താനും പാടില്ലാത്തതാണ്.

(5) യാതൊരാളും ഏതൊരു ഉൾനാടൻ ജലാശയത്തിൽ നിന്നും സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ, അനുവദിക്കപ്പെട്ട ഇനമല്ലാത്തതായ മത്സ്യവിത്തുകളേയോ മത്സ്യകുഞ്ഞുങ്ങളെയോ ശേഖരിക്കുകയോ വില്പന നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(6) യാതൊരാളും ഒരു സ്വാഭാവിക ജലപ്രദേശവുമായോ തണ്ണീർത്തടങ്ങളുമായോ ബന്ധപ്പെട്ടു കിടക്കുന്ന ഏതൊരു ഉൾനാടൻ ജലാശയത്തിന്റെയും നിലവിലുള്ള പാരിസ്ഥിതികാവസ്ഥയെ ഭീഷണിപ്പെടുത്തുംവിധമോ ശല്യപ്പെടുത്തുംവിധമോ ഉള്ള നശീകരണ പ്രവർത്തനങ്ങളോ രൂപാന്തരപ്പെടുത്തലുകളോ യാതൊരുവിധ മാർഗ്ഗങ്ങളുപയോഗിച്ചും നടത്തുവാൻ പാടില്ലാത്തതാണ്.

(7) യാതൊരാളും ഏതൊരു ചെമ്മീൻ കെട്ടും യാതൊരു വിധത്തിലും രൂപാന്തരപ്പെടുത്താൻ പാടില്ലാത്തതാണ്.

(8) യാതൊരാളും ചെമ്മീൻ കെട്ടിന്റെ ആവശ്യത്തിലേക്കായി തദ്ദേശ മത്സ്യങ്ങളെയോ പ്രകൃത്യാലുള്ള മറ്റ് ജീവജാലങ്ങളെയോ നിർമ്മാർജ്ജനം ചെയ്യുകയോ നശിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(9) യാതൊരാളും അഴിമുഖ പ്രദേശങ്ങളിലോ അഴിമുഖത്ത് നിന്നും കായൽ ഭാഗത്തേക്ക് 500 മീറ്റർ വരെയുള്ള പ്രദേശത്തോ സ്ഥാവര വലകൾ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(10) യാതൊരാളും മത്സ്യബന്ധന പ്രവർത്തനത്തിനായി സ്ഥാവര വലകളിൽ യന്ത്രവത്കരണം നടത്തി ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

(11) യാതൊരാളും ഫിഷറീസ് വകുപ്പിൽനിന്നും ഗവേഷണാവശ്യത്തിലേക്കായി അനുമതി ലഭിച്ച പ്രകാരമല്ലാതെയുള്ള യാതൊരു വിധത്തിലുള്ള പടലുകൾ സ്ഥാപിച്ച് ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മത്സ്യബന്ധനം നടത്താൻ പാടില്ലാത്തതാണ്.

(12) യാതൊരാളും കണ്ടൽ വന പ്രദേശങ്ങൾ, മത്സ്യങ്ങളുടെ പ്രജനന കേന്ദ്രങ്ങൾ, സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള അങ്ങനെയുള്ള നഴ്സറികൾ തുടങ്ങിയ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങൾ മത്സ്യബന്ധന പ്രവർത്തനത്തിനായി ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

(13) യാതൊരാളും ഒരു മീറ്ററിൽ അധികരിക്കാത്ത നീളമോ, വീതിയോ ഉള്ള വലകൾ ഒഴികെയുള്ള വലകളിൽ 20 മി. മീറ്ററിൽ കുറഞ്ഞ കണ്ണി വലിപ്പമുള്ള യാതൊരു വലയും നിർമ്മിക്കുകയോ, സൂക്ഷിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

7. അക്വാകൾച്ചർ നിരോധനം.—(1) യാതൊരാളും ഏതൊരു ഉൾനാടൻ ജലാശയങ്ങളിലും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിക്കുന്ന ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും ലൈസൻസിന്റെയും അടിസ്ഥാനത്തിലല്ലാതെ അക്വാകൾച്ചറോ ഹാച്ചറി വഴിയുള്ള ഉൽപ്പാദനമോ നടത്തുവാൻ പാടുള്ളതല്ല:

എന്നാൽ, ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് അക്വാകൾച്ചർ നടത്തി വരുന്നവർക്ക് ഈ ചട്ടം നിലവിൽ വന്ന് ആറുമാസക്കാലം തികയുന്നതുവരെയോ അല്ലെങ്കിൽ അത്തരം രജിസ്ട്രേഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളപക്ഷം ആയതിന്റെ തീർപ്പ് കൽപ്പിക്കപ്പെടുന്നതുവരേയ്ക്കോ അപ്രകാരമുള്ള പ്രവൃത്തി തുടരാവുന്നതാണ്.

(2) അക്വാകൾച്ചർ പ്രദേശം '**കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റി ആക്റ്റ് 2005**' (2005-ലെ 24-ാം കേന്ദ്ര ആക്റ്റ്) നിലനിൽക്കുന്ന പ്രദേശത്തുൾപ്പെട്ടതാണെങ്കിൽ അത്തരം പ്രദേശത്തേക്കുള്ള അക്വാകൾച്ചർ രജിസ്ട്രേഷനും ലൈസൻസും നൽകുന്നത് പ്രസ്തുത കേന്ദ്ര ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത അങ്ങനെയുള്ള വിധത്തിലായിരിക്കേണ്ടതാണ്.

(3) യാതൊരാളും ഏതൊരു ഉൾനാടൻ ജലാശയത്തിലും ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പാടങ്ങളിലും, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ നൽകിയ വാർഷിക ലൈസൻസ് ഇല്ലാതെ യാതൊരു വിധത്തിലുമുള്ള അക്വാകൾച്ചർ പ്രവർത്തനങ്ങൾ നടത്തുവാനും പാടുള്ളതല്ല.

(4) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഉൾനാടൻ ജലാശയങ്ങളിലോ, അക്വാകൾച്ചർ പ്രദേശത്തോ പാടങ്ങളിലോ യാതൊരു തരത്തിലുമുള്ള മാറ്റം വരുത്തലും നടത്താൻ പാടുള്ളതല്ല.

(5) നെൽകൃഷി ചെയ്യാൻ അനുയോജ്യമായ വയലുകൾ അക്വാകൾച്ചറിനായി ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

(6) യാതൊരാളും ആക്റ്റിലെ 9-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള മൽസ്യവിത്തുകളുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാത്തപക്ഷം ഹാച്ചറികൾവഴി ഉൽപ്പാദിക്കപ്പെട്ടിട്ടുള്ള മത്സ്യവിത്തുകളോ പ്രകൃതിയിൽനിന്നും ശേഖരിച്ചിട്ടുള്ള യാതൊരു ഇനം മത്സ്യവിത്തുകളോ ഒരു അക്വാകൾച്ചർ കൃഷിയിടത്തിൽ നിക്ഷേപിക്കുവാൻ പാടുള്ളതല്ല.

(7) യാതൊരാളും ഒരു ഹാച്ചറിയിൽ നിന്നുല്പാദിപ്പിച്ചതോ അയൽ സംസ്ഥാനത്തുനിന്ന് കൊണ്ടുവന്നതോ ആയ നിരോധിക്കപ്പെട്ടിട്ടുള്ള മത്സ്യവിത്തുകൾ യാതൊരുവിധ അക്വാകൾച്ചറിനും ഉപയോഗിക്കാൻ പാടുള്ളതല്ല.

(8) യാതൊരാളും പാരിസ്ഥിതിക പ്രാധാന്യമുള്ള കണ്ടൽവന പ്രദേശങ്ങൾപോലുള്ള പ്രദേശങ്ങളോ മത്സ്യപ്രജനന കേന്ദ്രങ്ങളോ നഴ്സറികളോ അക്വാകൾച്ചറിനായി ഉപയോഗപ്പെടുത്താൻ പാടുള്ളതല്ല.

(9) യാതൊരാളും ആക്റ്റിലെ 4-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെട്ട അക്വാകൾച്ചർ പ്രദേശങ്ങളിലല്ലാതെ ഈ ചട്ടങ്ങൾ നിലവിൽ വന്ന് 6 മാസങ്ങൾക്കുശേഷം അഴിമുഖപ്രദേശങ്ങൾ, കായലുകൾ, ലഗൂണുകൾ, ക്രീക്കുകൾ എന്നിവിടങ്ങളിൽ അക്വാകൾച്ചർ നടത്താൻ പാടില്ലാത്തതാണ്.

8. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധന നിയന്ത്രണം.—(1) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും കരസ്ഥമാക്കിയ ലൈസൻസിന്റെ അടിസ്ഥാനത്തിലല്ലാതെ യാതൊരാളും ഏതൊരു ഉൾനാടൻ ജലാശയത്തിലും മത്സ്യബന്ധനത്തിൽ ഏർപ്പെടുകയോ കക്കയോ, കക്കയിറച്ചിയോ അല്ലെങ്കിൽ രണ്ടും കൂടിയോ, ശേഖരിക്കുകയോ സ്പാറ്റുകൾ സംഭരിക്കുകയോ ചെയ്യാനോ പാടുള്ളതല്ല.

(2) മത്സ്യബന്ധനം നടത്തപ്പെടുന്ന ഉൾനാടൻ ജലാശയത്തിന്റെ പകുതിയിലധികം ഭാഗം തടസ്സപ്പെടുന്ന വിധത്തിൽ യാതൊരാളും മത്സ്യബന്ധന പ്രവർത്തനം നടത്താൻ പാടുള്ളതല്ല.

(3) അനുവദിക്കപ്പെട്ടിട്ടുള്ള രജിസ്ട്രേഷനിലോ ലൈസൻസിലോ വിവരിക്കും പ്രകാരമല്ലാതെയുള്ള യാതൊരു മത്സ്യബന്ധന പ്രവർത്തനത്തിലും യാതൊരാളും ഏർപ്പെടാൻ പാടുള്ളതല്ല:

എന്നാൽ, വിനോദാവശ്യത്തിനോ, ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനോ, ചൂണ്ട ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർ രജിസ്ട്രേഷനോ, ലൈസൻസോ എടുക്കേണ്ടതില്ല:

എന്നുമാത്രമല്ല, വ്യാവസായികാടിസ്ഥാനത്തിൽ ചൂണ്ട ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്ക് നിർബന്ധമായും രജിസ്ട്രേഷനും, ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്.

(4) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിച്ചിട്ടുള്ള ലൈസൻസിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ചിട്ടുള്ളതോ, സംഭരിച്ചിട്ടുള്ളതോ ആയ കക്കകളോ, കക്കയിറച്ചിയോ, രണ്ടും കൂടിയോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഫോറം നമ്പർ പി.2-ൽ അനുവദിച്ച കടത്ത് പെർമിറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് കടത്തുവാൻ പാടുള്ളതല്ല.

(5) ഏതെങ്കിലും തരത്തിലോ, വിഭാഗത്തിലോ ഉള്ള സ്വതന്ത്ര വലകൾ ഏതെങ്കിലുമൊരു ഉൾനാടൻ ജലാശയത്തിൽ മത്സ്യബന്ധനാവശ്യത്തിനായോ, ടൂറിസാവശ്യത്തിനായുള്ള "മോക്ക് ഓപ്പറേഷനു" വേണ്ടിയോ, ഉയർത്തുന്നതോ സ്ഥാപിക്കുന്നതോ നിർബന്ധമായും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിച്ചിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയോ, ലൈസൻസിന്റെയോ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്.

(6) ദേശീയ ജലപാതയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ജലപാതയുടെയോ അതിർത്തി തൂണുകളിൽനിന്നും പുറത്തേക്ക് 30 മീറ്ററിനുള്ളിലോ ഒരു കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെയോ, ഫെറിയുടെയോ, ജെട്ടിയുടെയോ ഇരുഭാഗത്തുനിന്നും 50 മീറ്ററിനുള്ളിലോ ഏതെങ്കിലും തരത്തിലുള്ള സ്ഥാവര വലകൾ യാതൊരു കാരണവശാലും ഉയർത്തുവാനോ, സ്ഥാപിക്കുവാനോ പാടുള്ളതല്ല.

(7) രണ്ട് ചീനവലകൾ തമ്മിലുള്ള ദൂരം 50 മീറ്ററിൽ കുറയുവാൻ പാടുള്ളതല്ല. ഇതിലേക്കായി അളവുകൾ നടത്തേണ്ടത് ചീനവലകളുടെ മധ്യഭാഗത്ത് നിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്.

(8) ഒരു കുറ്റി അഥവാ ഊന്നിവല നിരയിലെ അടുത്തടുത്ത രണ്ട് കുറ്റി അഥവാ ഊന്നികൾ തമ്മിലുള്ള ദൂരം 4 മീറ്ററിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(9) രണ്ട് ഊന്നി അഥവാ കുറ്റി വലനിരകൾ തമ്മിലുള്ള ദൂരം 100 മീറ്ററിൽ കുറയുവാൻ പാടുള്ളതല്ല.

(10) യാതൊരാളും ഒരേ സമയം ചീനവലയുടെയും, ഊന്നി അഥവാ കുറ്റിവലകളുടെയും ഉടമസ്ഥത കൈവശമാക്കാൻ പാടുള്ളതല്ല. എന്നാൽ ഈ ഉപചട്ടത്തിലെ യാതൊന്നുംതന്നെ ഈ ചട്ടങ്ങളുടെ പ്രാരംഭത്തിൽ രജിസ്റ്റർ ചെയ്ത നാലു ഊന്നി അഥവാ കുറ്റിവലകളിൽ കൂടുതൽ കൈവശമുള്ള അങ്ങനെയുള്ള വ്യക്തികൾക്ക് ബാധകമാകുന്നതല്ല.

(11) യാതൊരാളും ഒരേസമയം നാലിൽ അധികം ഊന്നി അഥവാ കുറ്റിവലകളുടെ ഉടമസ്ഥത കൈവശം വെയ്ക്കുവാൻ പാടുള്ളതല്ല. എന്നാൽ ഈ ചട്ടങ്ങളുടെ പ്രാരംഭത്തിൽ ഏതെങ്കിലും വ്യക്തികളുടെയോ, സംഘങ്ങളുടെയോ കൈവശം നാലിൽ കൂടുതൽ രജിസ്റ്റർ ചെയ്യപ്പെട്ട ഊന്നി അഥവാ കുറ്റിവലയോ വലകൾ ഉണ്ടെങ്കിൽ ഈ ഉപചട്ടം ബാധകമാകുന്നതല്ല.

(12) ഒരു മത്സ്യത്തൊഴിലാളിക്ക് തന്റെ നിയമാനുസൃത പിൻതുടർച്ചാവകാശിക്കോ മത്സ്യത്തൊഴിലാളി സംഘങ്ങൾക്കോ ഊന്നി അഥവാ കുറ്റിവലകളോ ചീനവലകളോ കൈമാറ്റം ചെയ്യാവുന്നതാണ്.

(13) യാതൊരാളും ഒരേ സമയം ഒന്നിൽ കൂടുതൽ ചീനവലകൾ കൈവശം വയ്ക്കുവാൻ പാടുള്ളതല്ല:

എന്നാൽ, ഒരു ടൂറിസം സ്ഥാപനത്തിന് വ്യക്തമായ രജിസ്ട്രേഷന്റെയും ലൈസൻസിന്റെയും അടിസ്ഥാനത്തിൽ ഒരു സമയം പരമാവധി രണ്ട് ചീനവലവരെ 'മോക്ക് ഓപ്പറേഷന്' വേണ്ടി കൈവശം വയ്ക്കാവുന്നതാണ്.

(14) ഒരു സ്ഥാവരവലയുടെ പത്ത് മീറ്റർ ചുറ്റളവിൽ സ്വതന്ത്ര വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുവാൻ പാടുള്ളതല്ല.

(15) കരയിൽനിന്നും 30 മീറ്റർ ദൂരത്തിലധികരിച്ച് യാതൊരു ചീനവലയും ഉയർത്തുകയോ സ്ഥാപിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും അങ്ങനെയുള്ള ചീനവലകളുടെ 'പ്രാസ്' കരയിൽ നിന്നും 50 മീറ്ററിൽ അധികരിച്ച് വെള്ളത്തിൽ മുങ്ങുന്ന തരത്തിൽ ക്രമീകരിക്കുവാൻ പാടില്ലാത്തതുമാണ്.

(16) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചതിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള യാതൊരാൾക്കും യാതൊരുവിധ ലൈസൻസുകളോ പെർമിറ്റുകളോ ഈ ചട്ടങ്ങൾപ്രകാരം നൽകുവാൻ പാടുള്ളതല്ല.

(17) ഫിഷറീസ് വകുപ്പിൽനിന്നും നിലവിൽ ലഭിച്ചിട്ടുള്ള വ്യവസ്ഥാപിത ലൈസൻസുള്ളവരുടെ സ്ഥാവര വലകൾക്കല്ലാതെ പുതിയ വലകൾക്ക് രജിസ്ട്രേഷൻ നൽകുവാൻ പാടുള്ളതല്ല.

(18) സർക്കാർ, വിജ്ഞാപനപ്രകാരം, അലങ്കാരമൽസ്യമാണെന്നോ, നശിച്ചുകൊണ്ടിരിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന മത്സ്യമാണെന്നോ, പ്രഖ്യാപിച്ചിട്ടുള്ള യാതൊരു മത്സ്യവും, യാതൊരാളും ശേഖരിക്കാൻ പാടില്ലാത്തതാണ്:

എന്നാൽ, സർക്കാർ സ്ഥാപനങ്ങൾക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടെ ഗവേഷണാവശ്യത്തിനോ സയന്റിഫിക് ആവശ്യങ്ങൾക്കോ വേണ്ടി അത്തരത്തിലുള്ള മത്സ്യങ്ങൾ ശേഖരിക്കാവുന്നതാണ്.

9. <u>അക്വാകൾച്ചറിന്റെ നിയന്ത്രണം.</u>—(1) യാതൊരാളും സർക്കാർ ഈ ആവശ്യത്തിലേക്കായി വിജ്ഞാപനപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയില്ലാതെ പൊതു ജലാശയങ്ങളുമായി ഡ്രയിനേജ് കനാൽ വഴിയോ നേരിട്ടോ ബന്ധപ്പെട്ട് കിടക്കുന്ന സ്വകാര്യ ജലാശയത്തിലോ കീടനാശിനികളോ, ആന്റിബയോട്ടിക്കുകളോ അക്വാകൾച്ചറിനുവേണ്ടി ഉപയോഗിക്കുന്ന മരുന്നുകളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(2) അക്വാകൾച്ചറിനുവേണ്ടി ഉപയോഗിക്കുന്ന മത്സ്യവിത്തുകളുടെ ആരോഗ്യസ്ഥിതി 'സാക്ഷ്യപ്പെടുത്തൽ' എന്ന പ്രക്രിയയിലൂടെ ഉറപ്പ് വരുത്തേണ്ടതാണ്.

(3) വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് വിനിർദ്ദേശിക്കുന്ന മത്സ്യവിത്തുകൾ അല്ലാതെ യാതൊരു ഇനം മത്സ്യവിത്തുകളും അക്വാകൾച്ചറിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(4) ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടതോ അംഗീകൃത ലൈസൻസുള്ളതോ ആയ ഹാച്ചറിയിലൂടെയോ ഫാമുകളിലൂടെയോ അല്ലാതെ യാതൊരാളും വിൽപ്പനാവശ്യത്തിലേക്കായി മത്സ്യപ്രജനനത്തിലേർപ്പെടാൻ പാടുള്ളതല്ല.

(5) യാതൊരാളും സർക്കാർ, വിജ്ഞാപനം ചെയ്തിട്ടുള്ളതല്ലാത്ത, ഏതെങ്കിലും വിദേശീയമായ മത്സ്യം വളർത്തുകയോ, വ്യാപാരം ചെയ്യുകയോ, പ്രദർശിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ സർക്കാർ സ്ഥാപനങ്ങൾക്ക് പരീക്ഷണം നടത്തുന്നതിന് ഈ ചട്ടത്തിലെ വ്യവസ്ഥകൾ ബാധകമാക്കേണ്ടതില്ല.

(6) യാതൊരാളും സാക്ഷ്യപ്പെടുത്തൽ ഇല്ലാത്ത ഏതെങ്കിലും മത്സ്യവിത്തിന്റെ വ്യാപാരം നടത്താൻ പാടുള്ളതല്ല.

(7) ആക്റ്റിലേയും ഈ ചട്ടങ്ങളിലേയും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുള്ളതിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള യാതൊരാൾക്കും ഈ ആവശ്യത്തിലേയ്ക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ, ലൈസൻസോ നൽകുവാൻ പാടുള്ളതല്ല.

(8) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരാളും ഒരു അക്വാകൾച്ചർ സ്ഥലത്തുനിന്നും തുറസ്സായ ജല പ്രദേശത്തേക്ക് ജീവനുള്ള വളർത്തുമത്സ്യങ്ങളെ മാറ്റുവാൻ പാടുള്ളതല്ല.

(9) പൊതു ജലാശയങ്ങളിലോ, പൊതു ജലാശയവുമായി നേരിട്ടോ ഡ്രയിനേജ് കനാലുകൾ വഴിയോ ബന്ധപ്പെട്ട് കിടക്കുന്ന സ്വകാര്യ ജലാശയങ്ങളിലോ ഊർജ്ജിതമോ അതിഊർജ്ജിതമോ ആയ രീതിയിലുള്ള അക്വാകൾച്ചർ നടത്തുവാൻ പാടില്ലാത്തതാണ്:

എന്നാൽ, ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്ത അക്വാകൾച്ചർ പ്രദേശത്തിൽ ഈ ഉപചട്ടത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(10) ക്വാളിറ്റി 'സീഡ് സർട്ടിഫിക്കേഷൻ' ലഭിക്കാത്തതോ ക്വാറന്റയിൻ പ്രക്രിയ നടത്താത്തതോ ആയ മത്സ്യങ്ങളോ മത്സ്യവിത്തുകളോ അക്വാകൾച്ചറിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(11) അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽനിന്നും ലഭിക്കുന്ന ഒരു ക്യാച്ച് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിളവെടുപ്പ് നടത്തപ്പെട്ട അക്വാകൾച്ചർ ഉൽപ്പന്നങ്ങൾ തരം തിരിക്കേണ്ടതാണ്.

(12) ക്യാച്ച് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ ചുവടെ വിവരിക്കുന്ന വിവരങ്ങൾ ഉൾപ്പെട്ടിരിക്കണം, അതായത്:—

(എ) അക്വാകൾച്ചർ രജിസ്ട്രേഷനും ലൈസൻസും അനുവദിച്ച തീയതി.

(ബി) അക്വാകൾച്ചർ രജിസ്ട്രേഷന്റെയും ലൈസൻസിന്റെയും നമ്പർ.

(സി) വിളവെടുപ്പ് നടത്തപ്പെട്ട അക്വാകൾച്ചർ ഉൽപ്പന്നങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണം.

(ഡി) അക്വാകൾച്ചർ ഉൽപ്പന്നങ്ങൾ വിളവെടുപ്പ് നടത്തിയ തീയതി.

10. <u>അക്വാകൾച്ചർ പ്രദേശം</u>.—(1) ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അക്വാകൾച്ചർ പ്രദേശമായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള പൊതു ജലാശയങ്ങൾ അക്വാകൾച്ചർ പ്രവർത്തനങ്ങളല്ലാതെയുള്ള വ്യാവസായികാവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(2) അപ്രകാരം വിജ്ഞാപനം ചെയ്ത യാതൊരു അക്വാകൾച്ചർ പ്രദേശവും അക്വാകൾച്ചറുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കല്ലാതെയുള്ള ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(3) അക്വാകൾച്ചർ പ്രദേശമായി വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ വേലിയേറ്റ-വേലിയിറക്ക പ്രതിഭാസം അനുഭവപ്പെടുന്ന പ്രദേശങ്ങൾ കൂടുകൃഷിക്കായും കക്ക വർഗ്ഗ ജീവികളുടെ വളർത്തലിനുമായി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

(4) ഏതൊരാളും ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് അക്വാകൾച്ചർ പ്രവർത്തനത്തിനായി അനുവദിച്ചിട്ടുള്ള വാർഷിക ലൈസൻസിന്റെയും അടിസ്ഥാനത്തിൽ മാത്രമേ ഒരു അക്വാകൾച്ചർ പ്രദേശത്ത് അക്വാകൾച്ചറിൽ ഏർപ്പെടാൻ പാടുള്ളൂ.

(5) അക്വാകൾച്ചർ പ്രദേശത്ത് അക്വാകൾച്ചർ നടത്തുന്നതിനായി രജിസ്ട്രേഷനും ലൈസൻസും ആ പ്രദേശങ്ങൾക്കടുത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് അഞ്ച് വർഷക്കാലത്തേക്ക് അനുവദിക്കാവുന്നതാണ്:

എന്നാൽ, ഏതൊരു സാഹചര്യത്തിലും യാതൊരു സംഘത്തിനും മൂന്നിൽ കൂടുതൽ എണ്ണം മത്സ്യക്കൂടുകളും കക്കവർഗ്ഗ ജീവികളുടെ കൃഷിക്കായി ഒന്നിൽ കൂടുതൽ യൂണിറ്റും അനുവദിക്കാൻ പാടില്ലാത്തതും, ഒരു മത്സ്യക്കൂടിന്റെ വ്യാപ്തം നാല് ക്യൂബിക് മീറ്ററിലും അധികരിക്കാൻ പാടില്ലാത്തതും, കക്ക വർഗ്ഗ ജീവികളുടെ കൃഷിക്കായുള്ള 'റാക്ക്' 25 ചതുരശ്ര മീറ്ററിലും അധികരിക്കുവാൻ പാടില്ലാത്തതുമാകുന്നു.

(6) അക്വാകൾച്ചർ പ്രദേശത്ത് അക്വാകൾച്ചർ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും അപ്രകാരമുള്ള ജലാശയത്തിന്റെ പരിസ്ഥിതിക്ക് ഹാനികരമായിരിക്കുവാൻ പാടില്ല.

(7) ഈ ചട്ടങ്ങൾ പ്രകാരം അക്വാകൾച്ചറിനായി ഏതൊരാൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള ഒരു രജിസ്ട്രേഷനോ, ലൈസൻസോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ഏതൊരു സമയത്തും ആയത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നു എന്ന് ബോധ്യപ്പെടുന്നപക്ഷം റദ്ദ് ചെയ്യാവുന്നതാണ്:

എന്നാൽ, ഇപ്രകാരമുള്ള റദ്ദാക്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് അയാൾക്ക് എന്തെങ്കിലും ഇത് സംബന്ധിച്ച് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിനുള്ള അവസരം നൽകേണ്ടതാണ്,

(8) ഒരു ജലാശയത്തിന്റെ വഹനക്ഷമതയോ, മറ്റേതെങ്കിലും സാങ്കേതിക കാര്യങ്ങളോ പരിഗണിച്ച് ഒരു അക്വാകൾച്ചർ പ്രദേശത്ത് അക്വാകൾച്ചറിനായുള്ള രജിസ്ട്രേഷനും, ലൈസൻസും ഏതു സമയത്തും നിർത്തിവയ്ക്കാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്.

(9) അക്വാകൾച്ചർ പ്രദേശത്ത് അക്വാകൾച്ചർ പ്രവർത്തനത്തിന് അനുമതി നൽകുന്നതിനായുള്ള മുൻഗണന മത്സ്യത്തൊഴിലാളി സ്വയം സഹായ സംഘങ്ങൾ, മത്സ്യത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളി വിധവകൾ, മത്സ്യത്തൊഴിലാളി വനിതകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ, വിമുക്തഭടന്മാർ, ചെറുകിട കർഷകർ എന്നീ ക്രമത്തിലായിരിക്കണം നൽകേണ്ടത്. ഇത്തരത്തിലൊരു അനുമതിയനുവദിക്കുമ്പോൾ ആയത് പൊതുജലാശയങ്ങളുമായി ബന്ധപ്പെട്ട നിലവിലുള്ള മറ്റേതെങ്കിലും നിയമവ്യവസ്ഥയ്ക്ക് വിരുദ്ധമാകരുത്.

(10) അക്വാകൾച്ചർ പ്രദേശത്തിന്റെയോ, അക്വാകൾച്ചർ ഫാമിന്റെയോ അടുത്തായി ഏതെങ്കിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ ആയതിന്റെ ആവശ്യത്തിലേക്ക് ഫിഷറീസ് വകുപ്പിന്റെ പക്കൽനിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

(11) ഒരു അക്വാകൾച്ചർ പ്രദേശത്തെ അക്വാകൾച്ചർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള ഒരു ഫാമിംഗ് പ്രദേശത്തിന്റെ അതിർത്തികൾ മാറ്റേണ്ടതായി വരികയാണെങ്കിൽ ആയതിന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതും, ഇത്തരത്തിൽ മാറ്റം വരുത്തുമ്പോൾ ആയത് ഉൾനാടൻ ജലപാതയുടെ അതിരുകൾ അതിലംഘിക്കുകയോ, ജെട്ടിയുടെയോ, കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെയോ, വളരെ അടുത്തേക്ക് വരികയോ ചെയ്യാൻ പാടില്ലാത്തതുമാണ്.

## അദ്ധ്യായം V

## രജിസ്ട്രേഷൻ

11. <u>മത്സ്യബന്ധന ഉരുക്കൾ, സ്വതന്ത്രവലകൾ, സ്ഥാവരവലകൾ എന്നിവയുടെ രജിസ്ട്രേഷൻ</u>.—(1) മത്സ്യബന്ധന ഉരുക്കളും സ്വതന്ത്ര വലകളും അനുബന്ധം ഫാറം നമ്പർ ആർ. വി. 1-ഉം സ്ഥാവര വലകൾക്ക് ഫാറം നമ്പർ ആർ. എഫ്. 1-ഉം പട്ടിക I-ൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ഫീസോടുകൂടി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരമുള്ള അപേക്ഷകൾ മത്സ്യത്തൊഴിലാളികളിൽ നിന്നോ, മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളിൽ നിന്നോ നിർദ്ദിഷ്ട ഫീസടക്കം ലഭിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനുശേഷം അപേക്ഷ നിരസിക്കുകയോ ഈ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള ഫാറം നമ്പർ ആർ. വി. 3-ലോ ആർ. എഫ്. 3-ലോ ഉള്ള രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയതിനുശേഷം മത്സ്യബന്ധന ഉരുക്കൾക്കായും സ്വതന്ത്രവലകൾക്കായും ഉള്ള ഫാറം നമ്പർ ആർ. വി. 2-ലും സ്ഥാവര വലകൾക്കായുള്ള ഫാറം നമ്പർ ആർ. എഫ്. 2-ലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയോ ചെയ്യാവുന്നതാണ്.

(3) രജിസ്ട്രേഷനായി ലഭിക്കുന്ന ഏതൊരു അപേക്ഷയും ആയത് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ തീർപ്പാക്കേണ്ടതും അപേക്ഷ നിരസിക്കുന്ന സംഗതിയിൽ ആക്റ്റിലെ 12-ാം വകുപ്പിലെ (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരമുള്ള അത്തരം നിരസിക്കലിന്റെ കാരണം ഉത്തരവിൽ രേഖപ്പെടുത്തി അപേക്ഷകന് നൽകേണ്ടതുമാണ്.

(4) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മത്സ്യബന്ധനയാനങ്ങൾക്കോ, സ്ഥാവര വലകൾക്കോ അനുവദിക്കുന്ന രജിസ്ട്രേഷൻ അടയാളം പ്രത്യക്ഷത്തിൽ ദർശിക്കാവുന്ന വിധത്തിൽ ഇവയുടെ ഏതെങ്കിലും വശത്ത് മഞ്ഞച്ചായമടിച്ച പ്രതലത്തിൽ വെളുത്ത നിറത്തിൽ ആലേഖനം ചെയ്യേണ്ടതാണ്.

(5) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്വതന്ത്രവലകൾക്കായി അനുവദിച്ച രജിസ്ട്രേഷൻ അടയാളം രണ്ട് ഇഞ്ച് വ്യാസമുള്ള ഒരു സ്റ്റെയിൻലെസ് സ്റ്റീൽ തകിടിൽ ആലേഖനം ചെയ്ത് വലയുടെ ഏതെങ്കിലും ഒരറ്റത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

(6) അധികാരപ്പെട്ട ഉദ്യോഗസ്ഥന് ആക്ട് പ്രകാരം അനുവദിക്കപ്പെട്ട ഏതൊരു രജിസ്ട്രേഷനും ആക്റ്റിലെ 12-ാം വകുപ്പിലെ (5)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ എഴുതി രേഖപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് റദ്ദുചെയ്യുകയോ, സസ്പെൻഡ് ചെയ്യുകയോ ചെയ്യാവുന്നതാണ് :

എന്നാൽ, ഇത്തരത്തിലുള്ള റദ്ദാക്കലോ, സസ്പെൻഡ് ചെയ്യലോ നടത്തുന്നതിന് മുമ്പ് ആയതിന്റെ ഉടമസ്ഥന് ഇത് സംബന്ധിച്ച് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിനുള്ള അവസരം നൽകേണ്ടതാണ്.

12. <u>അക്വാകൾച്ചർ സ്ഥലവും ഫിൽട്രേഷൻ പ്രദേശവും രജിസ്റ്റർ ചെയ്യൽ</u>.—(1) അക്വാകൾച്ചർ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് ഫാറം നമ്പർ എ. ആർ. 1-ലും ചെമ്മീൻ കെട്ട് രജിസ്റ്റർ ചെയ്യുന്നതിന് ഫാറം നമ്പർ ആർ. പി. എഫ്. 1-ലും കാണുന്ന പ്രകാരമുള്ള അപേക്ഷാ ഫോറം പട്ടിക I-ൽ വിവരിക്കും പ്രകാരമുള്ള ഫീസ് ഒടുക്കി അക്വാകൾച്ചർ സ്ഥലമോ, ഫിൽട്രേഷൻ പ്രദേശമോ ഉൾപ്പെട്ട അധികാരപരിധിയിലുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

(2) രജിസ്ട്രേഷനായി അപേക്ഷിക്കുന്ന വ്യക്തി വില്ലേജ് ആഫീസറുടെ പക്കൽ നിന്നും ലഭിച്ചിട്ടുള്ള ലൊക്കേഷൻ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(3) രജിസ്ട്രേഷൻ ഫീസ് ഉള്ളടക്കം ചെയ്ത് അപേക്ഷാഫാറം ലഭിച്ചു കഴിഞ്ഞാൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ യുക്തമെന്നു തോന്നുന്ന അന്വേഷണങ്ങൾ നടത്തി പ്രസ്തുത പ്രദേശത്തിന്റെ സാങ്കേതിക അനുയോജ്യത സംബന്ധിച്ച് തൃപ്തിപ്പെടുന്നപക്ഷം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(4) കെട്ട് പ്രദേശത്തിനും അക്വാകൾച്ചറിനും ഉള്ള സ്ഥലത്തിനുള്ള ഓരോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഫാറം ആർ. പി. എഫ്.2-ലും ഫാറം എ.ആർ.2-ലും യഥാക്രമം ഈ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള ഫാറം ആർ. പി. എഫ്. 3-ലും ഫാറം എ.ആർ. 3-ലും ഉള്ള രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയതിനുശേഷം നൽകേണ്ടതാണ്.

(5) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ അനുവദിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(6) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, രജിസ്ട്രേഷൻ ലഭിക്കുന്നതിലേക്കായി സമർപ്പിക്കപ്പെട്ട ഒരു അപേക്ഷ ആക്റ്റോ, ചട്ടങ്ങളോ അനുവദിക്കുന്ന മറ്റേതെങ്കിലും മത്സ്യബന്ധന പ്രവർത്തനവുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടാകാൻ സാധ്യതയുണ്ടെങ്കിലോ, വിഭവ വിനിയോഗത്തിലേർപ്പെട്ടിട്ടുള്ള മറ്റുള്ളവരുമായി തർക്കങ്ങളിലാകുമെന്നോ, ദോഷകരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നോ അല്ലെങ്കിൽ നിർദ്ദിഷ്ട പ്രദേശം പാരിസ്ഥിതിക ദുർബല പ്രദേശത്തിൽ ഉൾപ്പെടുന്നുവെന്നോ ബോധ്യമുള്ളപക്ഷം അത്തരത്തിലുള്ള അപേക്ഷകൾ നിരസിക്കാവുന്നതാണ്.

(7) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായുള്ള ഒരു അപേക്ഷ നിരസിക്കുന്നപക്ഷം അപ്രകാരം നിരസിക്കുന്നതിന്റെ കാരണം രേഖാമൂലം വ്യക്തമാക്കുന്ന ഉത്തരവ് അപേക്ഷകന് നൽകേണ്ടതുമാണ്.

(8) അക്വാകൾച്ചർ സ്ഥലത്തിനോ ചെമ്മീൻ കെട്ട് പ്രദേശത്തിനോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിച്ച് നൽകിയിട്ടുള്ള രജിസ്ട്രേഷൻ അടയാളം അതതു സംഗതിപോലെ ഏതെങ്കിലും രണ്ട് അനുയോജ്യമായ സ്ഥലങ്ങളിൽ മഞ്ഞച്ചായമടിച്ച പ്രതലത്തിൽ വെളുത്ത നിറത്തിൽ ആലേഖനം ചെയ്ത് ഒരെണ്ണം കായൽ വശത്തും, മറ്റേത് വഴിവശത്തും എന്ന നിലയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(9) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അത് അനുവദിച്ച തീയതിമുതൽ ഏതെങ്കിലും കാരണത്താൽ ആയത് റദ്ദ് ചെയ്യപ്പെടുന്നത് വരെ നിലനിൽക്കുന്നതാണ്:

എന്നാൽ, അത്തരം റദ്ദാക്കലുകൾ നടത്തുന്നപക്ഷം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശാവകാശക്കാരന് ആയത് സംബന്ധിച്ച് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടുവെങ്കിൽ ആയത് ബോധിപ്പിക്കുവാനുള്ള അവസരം നൽകേണ്ടതാണ്.

(10) നിലവിൽ അക്വാകൾച്ചറിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് ആയത് ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ 6 മാസം വരെയോ അല്ലെങ്കിൽ അങ്ങനെയുള്ള രജിസ്ട്രേഷനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിൽ തീരുമാനം ഉണ്ടാകുന്ന കാലംവരെയോ, അക്വാകൾച്ചർ പ്രവർത്തനങ്ങൾ തുടരാവുന്നതാണ്.

13. <u>ഹാച്ചറികളുടെ രജിസ്ട്രേഷൻ.</u>—(1) ഹാച്ചറികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫാറം നമ്പർ എച്ച്. ആർ. 1-ൽ ഉള്ള ഫാറത്തിൽ പട്ടിക I-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഫീസ് ഒടുക്കി ഹാച്ചറിയോ, പ്രജനനകേന്ദ്രങ്ങളോ സ്ഥാപിക്കുന്ന പ്രദേശത്തിന്റെ അധികാരപരിധിയിൽപ്പെട്ട അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള ഓരോ അപേക്ഷയുടെയും കൂടെ ചുവടെ വിവരിക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്, അതായത്:—

(എ) വില്ലേജാഫീസറുടെ പക്കൽ നിന്നുള്ള ഒരു ലൊക്കേഷൻ പ്ലാൻ;

(ബി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച് നൽകിയിട്ടുള്ള/ തന്നിട്ടുള്ള ഹാച്ചറിയുടെയോ, മത്സ്യപ്രജനനകേന്ദ്രങ്ങളുടെയോ, അടിസ്ഥാന സൗകര്യ വികസന പ്ലാൻ;

(സി) ഹാച്ചറിയുടെയോ, മത്സ്യപ്രജനനകേന്ദ്രങ്ങളുടെയോ, അവ പ്രവർത്തിപ്പിക്കുന്നപക്ഷം പരിസ്ഥിതിയിലുണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങൾ, ചെലവ്, നേട്ടനിരക്ക്, ധനസ്ഥാപര പ്രസ്താവനകൾ തുടങ്ങിയവ ഉൾപ്പെട്ട വിശദമായ പദ്ധതി രേഖ;

(ഡി) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ.

(3) രജിസ്ട്രേഷൻ ഫീസ് അടക്കം അപേക്ഷാഫോറം സ്വീകരിച്ച് കഴിഞ്ഞാൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യമായ അന്വേഷണങ്ങൾ നടത്തിയതിന് ശേഷം ഫാറം നമ്പർ എച്ച്. ആർ. 3 പ്രകാരമുള്ള രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയശേഷം ഫാറം നമ്പർ എച്ച്. ആർ. 2-ൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകേണ്ടതാണ്.

(4) രജിസ്ട്രേഷൻ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഒരു അപേക്ഷ ആയത് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ രജിസ്ട്രേഷൻ അനുവദിച്ചുകൊണ്ടോ 5-ാം ഉപചട്ടപ്രകാരമുള്ള കാരണങ്ങളാൽ നിരസിച്ചുകൊണ്ടോ തീർപ്പാക്കേണ്ടതാണ്.

(5) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് രജിസ്ട്രേഷൻ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഒരു അപേക്ഷ ആക്ടോ, ഈ ചട്ടങ്ങളോ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും ഫിഷറീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടാകുവാൻ സാധ്യതയുണ്ടെന്നോ, വിവേ വിനിയോഗത്തിലേർപ്പെട്ടിട്ടുള്ള മറ്റുള്ളവരുമായി തർക്കങ്ങളുണ്ടാകുമെന്നോ, കഠിനമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നോ അല്ലെങ്കിൽ നിർദ്ദിഷ്ട പ്രദേശം പാരിസ്ഥിതിക ദുർബല പ്രദേശത്തിൽ ഉൾപ്പെടുന്നുവെന്നോ ബോധ്യമുള്ളപക്ഷം അത്തരത്തിലുള്ള അപേക്ഷകൾ നിരസിക്കാവുന്നതാണ്.

(6) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായുള്ള ഒരു അപേക്ഷ നിരസിക്കുന്നപക്ഷം അപ്രകാരം നിരസിക്കുന്നതിന്റെ കാരണം ഉത്തരവിൽ രേഖപ്പെടുത്തി അപേക്ഷകന് നൽകേണ്ടതുമാണ്.

(7) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഹാച്ചറിക്കായി അനുവദിച്ച് തന്നിട്ടുള്ള രജിസ്ട്രേഷൻ അടയാളം മഞ്ഞച്ചായമടിച്ച പ്രതലത്തിൽ വെള്ളച്ചായത്തിൽ ആലേഖനം ചെയ്ത് ഹാച്ചറിയുടെ പാത അഭിമുഖീകരിക്കുന്ന വ്യക്തമായ ഒരു ഭാഗത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

(8) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അത് അനുവദിച്ച തീയതിമുതൽ ഏതെങ്കിലും കാരണത്താൽ ആയത് റദ്ദ് ചെയ്യപ്പെടുന്നതുവരെ നിലനിൽക്കുന്നതാണ്:

എന്നാൽ, അത്തരം റദ്ദാക്കലുകൾ നടത്തുന്നപക്ഷം ആയത് സംബന്ധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശാവകാശക്കാരന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാനുള്ള അവസരം നൽകേണ്ടതാണ്.

(9) നിലവിൽ ഹാച്ചറി പ്രവർത്തനങ്ങൾ നടത്തിവരുന്ന ഒരു വ്യക്തിക്ക് ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ 6 മാസം വരെയോ, അല്ലെങ്കിൽ ഈ ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിൽ തീരുമാനം ഉണ്ടാകുന്നതുവരെയോ ഹാച്ചറി പ്രവർത്തിപ്പിക്കാവുന്നതാണ്.

## അദ്ധ്യായം VI

## ലൈസൻസ്

14. മത്സ്യബന്ധന ലൈസൻസ് അനുവദിക്കൽ.—(1) ഫാറം നമ്പർ ആർ. എൽ. 1 പ്രകാരമുള്ള മത്സ്യബന്ധന ലൈസൻസ് അപേക്ഷാ ഫാറം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും പട്ടിക I-ൽ വിവരിക്കും പ്രകാരമുള്ള നിർദ്ദിഷ്ട ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതും പൂരിപ്പിച്ച അപേക്ഷകൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുമ്പാകെ സമർപ്പിക്കാവുന്നതുമാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷ സ്വീകരിച്ച് കഴിഞ്ഞാൽ യുക്തമെന്ന് കരുതുന്ന ആവശ്യമായ അന്വേഷണങ്ങൾ നടത്തിയതിനുശേഷം ഫാറം നമ്പർ ആർ. എൽ. 3 പ്രകാരമുള്ള രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയശേഷം ആർ. എൽ. 2 നമ്പർ ഫോറത്തിൽ മത്സ്യബന്ധന പ്രവർത്തനങ്ങൾക്കായുള്ള ലൈസൻസ് അനുവദിച്ച് നൽകാവുന്നതാണ്.

(3) ഫിഷിംഗ് ലൈസൻസ് ലഭിക്കുന്നതിനായുള്ള അപേക്ഷ സ്വീകരിക്കപ്പെട്ട തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ലൈസൻസ് അനുവദിക്കുകയോ 4-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(4) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ലൈസൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഒരു അപേക്ഷ ആക്റ്റിലെയോ, ഈ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും ഫിഷറീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടാകുവാൻ സാധ്യതയുണ്ടെന്നോ വിഭവ വിനിയോഗത്തിൽ ഏർപ്പെട്ടിട്ടുള്ള മറ്റുള്ളവരുമായി തർക്കങ്ങളുണ്ടാകുമെന്നോ ദോഷകരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നോ അല്ലെങ്കിൽ നിർദ്ദിഷ്ട പ്രദേശം പാരിസ്ഥിതിക ദുർബല പ്രദേശങ്ങളിൽ ഉൾപ്പെടുന്നുവെന്നോ ബോധ്യമുള്ള പക്ഷം നിരസിക്കാവുന്നതാണ്.

(5) മത്സ്യബന്ധന ലൈസൻസ് ലഭിക്കുന്നതിനായുള്ള ഒരു അപേക്ഷ നിരസിക്കുന്നപക്ഷം അപ്രകാരം നിരസിക്കുന്നതിന്റെ കാരണം ഉത്തരവിൽ രേഖപ്പെടുത്തി അടച്ച ലൈസൻസിംഗ് ഫീസ് അടക്കം അപേക്ഷകന് നൽകേണ്ടതാണ്.

(6) ഈ ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസ് ഏതെങ്കില കാരണത്താൽ റദ്ദ് ചെയ്യപ്പെട്ടിട്ടില്ലായെങ്കിൽ ലൈസൻസിൽ ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആയത് പുറപ്പെടുവിച്ച തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് നിലനിൽക്കുന്നതായിരിക്കും:

എന്നാൽ, അത്തരം റദ്ദാക്കലുകൾ നടത്തുന്നപക്ഷം ആയത് സംബന്ധിച്ച് ലൈസൻസിന്റെ കൈവശാവകാശക്കാരന് എന്തെങ്കിലും ബോധിപ്പിക്കാനുള്ളപക്ഷം ആയത് ബോധിപ്പിക്കാനുള്ള അവസരം നൽകേണ്ടതാണ്.

(7) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ന്യായവും മതിയായതുമായ കാരണങ്ങളുള്ളപക്ഷം ആയത് ലിഖിതമായി രേഖപ്പെടുത്തിയതിനുശേഷം ഈ ചട്ടത്തിലെ ഉപ ചട്ടം (2) പ്രകാരം അനുവദിക്കപ്പെട്ട ഏതൊരു മത്സ്യബന്ധന ലൈസൻസും ലൈസൻസിന്റെ കൈവശാവകാശക്കാരന് എന്തെങ്കിലും ബോധിപ്പിക്കാനുള്ളപക്ഷം ആയതിന് അവസരം നൽകിയശേഷം രേഖാമൂലമുള്ള ഒരു ഉത്തരവിലൂടെ അത്തരം ലൈസൻസുകൾ സസ്പെന്റ് ചെയ്യുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(8) ഈ ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസ് ചുവടെ വിവരിക്കും പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിരിക്കും, അതായത്:—

(എ) മത്സ്യബന്ധനം നിരോധിക്കപ്പെട്ടിട്ടുള്ള പ്രദേശത്ത് ലൈസൻസിന്റെ കൈവശാവകാശക്കാരൻ യാതൊരു കാരണവശാലും മത്സ്യബന്ധനത്തിലേർപ്പെടാൻ പാടുള്ളതല്ല.

(ബി) മറ്റേതെങ്കിലും നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള നികായങ്ങളുടെയോ, സ്ഥാപനങ്ങളുടെയോ, അതോറിറ്റികളുടെയോ അധീനതയിലുള്ളതോ, നിയന്ത്രണത്തിലുള്ളതോ ആയ ഭൂമിയിലേക്ക് അതിവ്യാപിച്ച് കിടക്കുന്ന ഉൾനാടൻ ജലാശങ്ങളിൽ അത്തരം നികായങ്ങളുടെയോ, സ്ഥാപനങ്ങളുടെയോ അതോറിറ്റികളുടെയോ അനുവാദമില്ലാതെ ഒരു മത്സ്യബന്ധന ലൈസൻസിന്റെ കൈവശക്കാരൻ മത്സ്യബന്ധനം നടത്തുവാൻ പാടുള്ളതല്ല;

(സി) യാതൊരു ലൈസൻസിയും ആക്ടിലെയോ, ഈ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന തരത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടാൻ പാടുള്ളതല്ല;

(ഡി) സ്വകാര്യ ജലാശയത്തിൽ അതിന്റെ ഉടമയുടെ അനുവാദമില്ലാതെ മത്സ്യബന്ധനത്തിലേർപ്പെടാൻ ഒരു മത്സ്യബന്ധന ലൈസൻസിന്റെ കൈവശക്കാരന് അധികാരമുണ്ടായിരിക്കുന്നതല്ല;

(ഇ) ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ആറുമാസക്കാലം വരെയോ അല്ലെങ്കിൽ ഈ ചട്ടങ്ങൾ പ്രകാരം അപ്രകാരം ഉള്ള ഒരു ലൈസൻസ് ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ളപക്ഷം അത്തരം അപേക്ഷകൾ തീർപ്പാക്കുന്നതുവരെയോ ഒരാൾക്ക് നിലവിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മത്സ്യബന്ധനം തുടരാവുന്നതാണ്.

15. മത്സ്യബന്ധന ലൈസൻസ് പുതുക്കൽ.— (1) നിലവിലുള്ള മത്സ്യബന്ധന ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് ഒരു മാസം മുൻപായി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ ഫാറം നമ്പർ ആർ. എൽ. 1 പ്രകാരമുള്ള അപേക്ഷാ ഫോറം മത്സ്യബന്ധന ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കേണ്ടതും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ലൈസൻസ് അനുവദിക്കുന്നതിനായി സ്വീകരിച്ച അതേ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വീണ്ടുമൊരു വർഷക്കാലത്തേക്ക് കൂടി ലൈസൻസ് പുതുക്കി നൽകേണ്ടതാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ഇനിപ്പറയുന്ന കാരണങ്ങളാൽ മത്സ്യബന്ധന ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നിരാകരിക്കാവുന്നതാണ്, അതായത്:—

(എ) ലൈസൻസിന്റെ കൈവശക്കാരൻ ലൈസൻസിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെടുന്നുവെങ്കിൽ;

(ബി) ആക്റ്റിലെയോ ഈ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ലംഘിച്ചതിന് ലൈസൻസിന്റെ കൈവശക്കാരൻ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ.

16. സ്ഥാവര വലകളുടെയും, ചെമ്മീൻ കെട്ടിന്റെയും ലൈസൻസ്.— (1) സ്ഥാവരവലകളുടെയും ചെമ്മീൻ കെട്ടിന്റെയും ലൈസൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ സ്ഥാവരവലകൾക്കായുള്ളത് ഫാറം നമ്പർ എഫ്. എൽ. 1 പ്രകാരവും ചെമ്മീൻ വാറ്റ് കെട്ടിനായുള്ളത് ഫാറം നമ്പർ എൽ.പി.എഫ്. 1 പ്രകാരവും ആയ അപേക്ഷാ ഫോറം പൂരിപ്പിച്ച് ഈ ചട്ടങ്ങളിലെ പട്ടിക I-ൽ വിവരിക്കും പ്രകാരമുള്ള ഫീസ് ഉള്ളടക്കം ചെയ്തു സ്ഥാവരവലകളോ ചെമ്മീൻ കെട്ടോ സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ അധികാരപരിധിയിലുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ, അപ്രകാരമുള്ള ഫീസ് ഒടുക്കിയ ഇത്തരം ലൈസൻസിനായുള്ള അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ ആവശ്യമുള്ളപക്ഷം യുക്തമായ അന്വേഷണങ്ങൾ നടത്തി തൃപ്തിപ്പെട്ടതിനുശേഷം സ്ഥാവരവലകൾക്കോ ചെമ്മീൻകെട്ടിനോ യഥാക്രമം ഫാറം നമ്പർ എഫ്. എൽ. 3-ലോ, ഫാറം നമ്പർ എൽ. പി. എഫ്. 3-ലോ ഈ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളിൽ ആവശ്യമായ ഉൾക്കുറിപ്പുകൾ രേഖപ്പെടുത്തിയശേഷം യഥാക്രമം ഫാറം നമ്പർ എഫ്. എൽ. 2-ലോ, എൽ.പി.എഫ്. 3-ലോ ലൈസൻസ് അനുവദിച്ച് നൽകാവുന്നതാണ്.

(3) ലൈസൻസിനായി ലഭിക്കുന്ന ഏതൊരു അപേക്ഷയും ആയത് ലഭിച്ച് ഒരു മാസത്തിനുള്ളിൽ അനുവദിക്കുകയോ, (4)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കാരണങ്ങളാൽ നിരസിക്കുകയോ ചെയ്തുകൊണ്ട് തീർപ്പാക്കേണ്ടതാണ്.

(4) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, അപ്രകാരം ലൈസൻസ് അനുവദിക്കുന്നത് ആക്ട് പ്രകാരമോ, ഈ ചട്ടങ്ങൾ പ്രകാരമോ, അനുവദിക്കപ്പെട്ടിട്ടുള്ള മത്സ്യബന്ധന പ്രവർത്തനങ്ങളുമായി തർക്കങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നോ, സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നോ, പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നോ, അഭിപ്രായമുള്ളപക്ഷം ലൈസൻസ് നൽകുന്നത് നിരസിക്കാവുന്നതാണ്.

(5) ലൈസൻസ് പുതുക്കുന്നതിനായി ലഭിച്ച അപേക്ഷ നിരസിക്കുന്നപക്ഷം അത്തരത്തിൽ നിരാകരിക്കുന്നതിനിടയാക്കിയ കാരണങ്ങൾ രേഖപ്പെടുത്തിയ നിരസിക്കൽ ഉത്തരവ് അപേക്ഷകന് നൽകേണ്ടതാണ്.

(6) മറ്റേതെങ്കിലും കാരണത്താൽ റദ്ദ് ചെയ്യപ്പെടാത്തിടത്തോളം ലൈസൻസിന്റെ കാലാവധി അത് അനുവദിക്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് ആയിരിക്കുന്നതാണ്:

എന്നാൽ, ചെമ്മീൻ കെട്ടുമായി ബന്ധപ്പെട്ട സീസൺ കെട്ട് സംബന്ധിച്ച് ലൈസൻസിന്റെ കാലാവധി ഓരോ വർഷവും നവംബർ മാസം 15-ാം തീയതി മുതൽ അടുത്ത വർഷം ഏപ്രിൽ 30 വരെ ആയിരിക്കുന്നതാണ്.

17. <u>സ്ഥാവര വലകളുടെയും, ചെമ്മീൻ കെട്ടുകളുടേയും ലൈസൻസ് പുതുക്കൽ</u>:— സ്ഥാവര വലകളുടേയും, ചെമ്മീൻ കെട്ടുകളുടേയും ലൈസൻസ് പുതുക്കുന്നതിനായുള്ള ഓരോ അപേക്ഷയും ലൈസൻസ് കാലാവധി പൂർത്തീകരിക്കുന്നതിന് ഒരു മാസം മുമ്പായി നിലവിലെ ലൈസൻസ് ഉള്ളടക്കം ചെയ്ത് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുമ്പാകെ ഫാറം നമ്പർ എഫ്. എൽ. 1-ലും, ഫാറം നമ്പർ എൽ.പി.എഫ്. 1-ലും സമർപ്പിക്കേണ്ടതും, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഒരു പുതിയ ലൈസൻസ് അനുവദിക്കുന്നതിനായി സ്വീകരിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് വീണ്ടും ഒരു വർഷത്തേക്ക് കൂടി ലൈസൻസ് അനുവദിച്ച് നൽകേണ്ടതുമാണ്.

18. <u>അക്വാകൾച്ചറിനുള്ള ലൈസൻസ്</u>.—(1) അക്വാകൾച്ചറിനായുള്ള ഓരോ അപേക്ഷയും ഫോറം എ. എൽ. 1-ൽ ഈ ചട്ടങ്ങളിലെ പട്ടിക I-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഫീസ് ഒടുക്കി ഹാച്ചറി സ്ഥിതിചെയ്യുന്ന അക്വാകൾച്ചർ പ്രദേശത്തിന്റെ അധികാരപരിധിയുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്:

എന്നാൽ, അക്വാകൾച്ചർ പ്രദേശത്തിന്റെ വിസ്തൃതി 10 ഹെക്ടറിൽ അധികമുണ്ടെങ്കിൽ അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണബോർഡിന്റെ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്'കൂടി ഹാജരാക്കേണ്ടതാണ്.

(2) നിർദ്ദിഷ്ട ഫീസോടുകൂടി അപേക്ഷാഫാറം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്വീകരിച്ച് കഴിഞ്ഞാൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അന്വേഷണങ്ങൾ നടത്തിയതിനുശേഷം ജലാശയം പരിസ്ഥിതിയെ ബാധിക്കാത്ത തരത്തിലുള്ള അക്വാകൾച്ചറിന് അനുയോജ്യമാണെന്ന് കാണുന്നപക്ഷം ഫാറം എ. എൽ. 3-ൽ കാണുന്ന വിധത്തിലുള്ള രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയശേഷം ഫാറം നമ്പർ എ.എൽ. 2-ൽ ലൈസൻസ് അനുവദിക്കാവുന്നതാണ്.

(3) ലൈസൻസിനുള്ള ഓരോ അപേക്ഷയും ആയത് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ അനുവദിക്കുകയോ, (4)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(4) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ലൈസൻസിനുള്ള അപേക്ഷ, ആക്ടിലേയോ, ഈ ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും മത്സ്യബന്ധനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടാകുവാൻ സാധ്യതയുണ്ടെന്നോ, വിഭവ വിനിയോഗത്തിൽ ഏർപ്പെട്ടിട്ടുള്ള മറ്റുള്ളവരുമായി തർക്കങ്ങളുണ്ടാകുമെന്നോ സാമൂഹ്യമോ, പാരിസ്ഥിതികമോ ആയ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുമെന്നോ നിർദ്ദിഷ്ട പ്രദേശം പാരിസ്ഥിതിക ദുർബല പ്രദേശമാണെന്നോ അഭിപ്രായമുള്ളപക്ഷം നിരസിക്കാവുന്നതാണ്.

(5) ലൈസൻസ് പുതുക്കുന്നതിനായി ലഭിച്ച ഒരു അപേക്ഷ നിരസിക്കുന്ന പക്ഷം അപ്രകാരം നിരസിക്കുന്നതിന്റെ കാരണം രേഖപ്പെടുത്തിയ ഉത്തരവ് അപേക്ഷകൻ അടച്ച ലൈസൻസ് ഫീസടക്കം അപേക്ഷകന് നൽകേണ്ടതാണ്.

(6) ഏതെങ്കിലും കാരണത്താൽ റദ്ദ് ചെയ്യാത്തിടത്തോളം കാലം ലൈസൻസ് അനുവദിക്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലത്തേയ്ക്ക് അതിന് കാലാവധി ഉണ്ടായിരിക്കുന്നതാണ്.

19. <u>അക്വാകൾച്ചർ ലൈസൻസ് പുതുക്കൽ.</u>—അക്വാകൾച്ചർ ലൈസൻസ് പുതുക്കുന്നതിനുള്ള ഓരോ അപേക്ഷയും, നിലവിലുള്ള ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ഫാറം നമ്പർ എ.എൽ.1-ൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുമ്പാകെ സമർപ്പിക്കേണ്ടതും, അദ്ദേഹത്തിന് പുതിയതായി ലൈസൻസ് അനുവദിക്കുന്നതിന് അനുവർത്തിച്ച അതേ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരു വർഷക്കാലത്തേയ്ക്ക് കൂടി ലൈസൻസ് പുതുക്കി നൽകാവുന്നതുമാണ്.

20. <u>ഹാച്ചറിക്ക് ലൈസൻസ് നൽകൽ.</u>—(1) ഹാച്ചറി ലൈസൻസിനായുള്ള ഓരോ അപേക്ഷയും, ഈ ചട്ടങ്ങളിലെ പട്ടിക I-ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമുള്ള ഫീസ് സഹിതം ഫാറം നമ്പർ എച്ച്. എൽ. 1-ൽ ഹാച്ചറി സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ അധികാരപരിധിയുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ട താണ്.

(2) നിർദ്ദിഷ്ട നിരക്കിലുള്ള ലൈസൻസ് ഫീസ് അങ്ങനെയുള്ള അപേക്ഷാഫാറം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്വീകരിച്ചു കഴിഞ്ഞാൽ തനിക്ക് യുക്തമെന്ന് തോന്നുന്ന അന്വേഷണങ്ങൾ നടത്തുകയും ഫാറം നമ്പർ എച്ച്. എൽ. 3-ൽ കാണുന്ന വിധത്തിലുള്ള രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്തതിനുശേഷം ഫാറം നമ്പർ എച്ച്. എൽ. 2-ൽ ലൈസൻസ് അനുവദിച്ച് നൽകാവുന്നതാണ്.

(3) ലൈസൻസിനായി ലഭിക്കുന്ന ഓരോ അപേക്ഷയും ആയത് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ അനുവദിക്കുകയോ (4)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(4) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ലൈസൻസിനുള്ള അപേക്ഷ ആക്റ്റിലേയോ ഈ ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും മത്സ്യബന്ധന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടാകുവാൻ സാധ്യതയുണ്ടെന്നോ, വിഭവ വിനിയോഗത്തിൽ ഏർപ്പെട്ടിട്ടുള്ള മറ്റുള്ളവരുമായി തർക്കങ്ങളുണ്ടാകുമെന്നോ സാമൂഹ്യമോ പാരിസ്ഥിതികമോ ആയ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുമെന്നോ നിർദ്ദിഷ്ട പ്രദേശം പാരിസ്ഥിതിക ദുർബല പ്രദേശമാണെന്നോ അഭിപ്രായമുള്ളപക്ഷം ലൈസൻസിനുള്ള അപേക്ഷ നിരസിക്കാവുന്നതാണ്.

(5) ലൈസൻസിനായി ലഭിച്ച ഒരു അപേക്ഷ നിരസിക്കുന്നപക്ഷം അപ്രകാരം നിരസിക്കുന്നതിന്റെ കാരണം രേഖപ്പെടുത്തിയ ഉത്തരവ് ലൈസൻസ് ഫീസടക്കം അപേക്ഷകന് നൽകേണ്ടതുമാണ്.

(6) ഏതെങ്കിലും കാരണത്താൽ റദ്ദ് ചെയ്യാത്തിടത്തോളം ലൈസൻസ് അനുവദിക്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലത്തേയ്ക്ക് അതിന് കാലാവധി ഉണ്ടായിരിക്കുന്നതാണ്.

21. <u>ഹാച്ചറി ലൈസൻസ് പുതുക്കൽ.</u>—ഹാച്ചറി ലൈസൻസ് പുതുക്കുന്നതിനായുള്ള ഓരോ അപേക്ഷയും ലൈസൻസ് കാലാവധി പൂർത്തീകരിക്കുന്നതിന് ഒരു മാസം മുമ്പായി നിലവിലെ ലൈസൻസിനോടൊപ്പം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ ഫാറം നമ്പർ എച്ച്.എൽ.1-ൽ സമർപ്പിക്കേണ്ടതും ഇത്തരത്തിലുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഒരു പുതിയ ലൈസൻസ് അനുവദിക്കുന്നതിനായുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ലൈസൻസ് പുതുക്കി നൽകാവുന്നതുമാണ്.

## അദ്ധ്യായം VII

## കടത്ത് പെർമിറ്റ്

22. <u>കടത്ത് പെർമിറ്റ് അനുവദിക്കൽ.</u>—(1) മത്സ്യങ്ങൾ അഥവാ കക്ക, കക്കയിറച്ചി അഥവാ രണ്ടും കൂടിയോ ഒരു അധികാരപരിധിയിൽ നിന്നും മറ്റൊരു അധികാര പരിധിയിലേക്ക് ഉൾനാടൻ ജലാശയത്തിലൂടെ കടത്തിക്കൊണ്ട് പോകുന്നതിന് പെർമിറ്റ് അനുവദിക്കുന്നതിനായുള്ള ഓരോ അപേക്ഷയും, ഫാറം നമ്പർ പി1-ൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അത്തരത്തിലുള്ള അപേക്ഷകൾ ലഭിച്ചാൽ അപേക്ഷകന് അനുവദിച്ചിട്ടുള്ള ലൈസൻസിന്റെ വിശദാംശങ്ങൾ, ചരക്ക് കടത്തേണ്ടതിന്റെ ആവശ്യകത, ഏത് സ്ഥലത്തേയ്ക്കാണ് ചരക്ക് കടത്തേണ്ടത് തുടങ്ങിയ മറ്റനുബന്ധ വിവരങ്ങളും സംബന്ധിച്ച് തനിക്ക് യുക്തമെന്ന് തോന്നുന്ന അന്വേഷണങ്ങൾ നടത്തേണ്ടതാണ്.

(3) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് പ്രസ്തുത അപേക്ഷയിൻമേൽ ആയത് പെർമിറ്റ് കൊടുക്കേണ്ടത് ശരിയായ കാര്യമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ഫാറം നമ്പർ പി.2-ൽ ഓരോ പെർമിറ്റിനും 100 രൂപ ഫീസീടാക്കിയശേഷം പെർമിറ്റ് നൽകാവുന്നതാണ്.

## അദ്ധ്യായം VIII

## ഉടമസ്ഥത കൈമാറ്റം ചെയ്യൽ

23. മത്സ്യബന്ധന ഉരുക്കൾ, സ്വതന്ത്രവലകൾ, സ്ഥാവര വലകൾ, ചെമ്മീൻ കെട്ടുകൾ, അക്വാകൾച്ചർ ഫാമുകൾ, ഹാച്ചറികൾ എന്നിവ കൈമാറ്റം ചെയ്യൽ.—(1) മത്സ്യബന്ധന ഉരുക്കൾ, സ്വതന്ത്രവലകൾ, സ്ഥാവര വലകൾ, ചെമ്മീൻ കെട്ടുകൾ, അക്വാകൾച്ചർ ഫാമുകൾ, ഹാച്ചറികൾ എന്നിവയുടെ ഉടമസ്ഥാവകാശം ഇനിപ്പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് കൈമാറ്റം ചെയ്യാവുന്നതാണ്, അതായത്:—

(i) മത്സ്യബന്ധന ഉരുക്കൾ, സ്വതന്ത്ര വലകൾ, സ്ഥാവര വലകൾ, അക്വാകൾച്ചർ ഫാമുകൾ, ഹാച്ചറികൾ എന്നിവ നിയമാനുസൃത പിൻതുടർച്ചാവകാശിക്കോ അല്ലെങ്കിൽ മത്സ്യത്തൊഴിലാളിക്കോ അല്ലെങ്കിൽ മത്സ്യത്തൊഴിലാളി സംഘത്തിനോ അല്ലാതെ മറ്റൊരാൾക്കും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും സ്വതന്ത്ര വലകൾ ഒഴികെയുള്ള സംഗതികളിൽ ഒരു രജിസ്റ്റർ ചെയ്ത ഉടമ്പടി പ്രകാരം അല്ലാതെ കൈമാറ്റം നടത്തുവാൻ പാടുള്ളതല്ല;

(ii) സ്ഥാവരവലയുടെ കൈമാറ്റ കാര്യത്തിൽ അത്തരം വല ഏറ്റുവാങ്ങുന്ന ആൾക്ക് മറ്റേതെങ്കിലും വിഭാഗത്തിൽപ്പെടുന്ന സ്ഥാവര വലകളുടെ ഉടമസ്ഥത ഉണ്ടായിരിക്കുവാൻ പാടില്ലാത്തതും വല സ്ഥിതിചെയ്യുന്ന പ്രദേശത്ത് കുറഞ്ഞത് മൂന്ന് വർഷമായെങ്കിലും സ്ഥിര താമസക്കാരൻ ആയിരിക്കേണ്ടതുമാണ്;

(iii) ഉടമസ്ഥതാ കൈമാറ്റം സംബന്ധിച്ച വിവരം വില്പന നടന്ന് 15 ദിവസത്തിനുള്ളിൽ അനുബന്ധത്തിൽ കാണുന്ന ഫാറത്തിൽ രണ്ടു കൂട്ടരും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനെ അറിയിച്ചിരിക്കേണ്ടതാണ്;

(iv) കൈമാറ്റം വാങ്ങിയ ആൾ ആയതിന്റെ ഉടമസ്ഥാവകാശം മാറ്റം ചെയ്ത് വാങ്ങേണ്ടതും അതിനായി ഒരു പുതിയ രജിസ്ട്രേഷൻ ലഭിക്കുന്നതിനാവശ്യമായ എല്ലാ നടപടിക്രമങ്ങളും പാലിക്കുകയും യഥാക്രമമുള്ള ഫീസ് ഒടുക്കേണ്ടതും നിലവിലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പേര് മാറ്റലിന്റെ ആവശ്യത്തിലേക്ക് സമർപ്പിക്കേണ്ടതുമാണ്;

(v) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഒരു പുതിയ രജിസ്ട്രേഷൻ നൽകുന്നതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് രജിസ്ട്രേഷൻ മാറ്റി നൽകേണ്ടതും സർട്ടിഫിക്കറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നൽകേണ്ടതുമാണ്.

(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനത്തിലൂടെ, ഇക്കാര്യത്തിൽ മറ്റേതെങ്കിലും വ്യവസ്ഥകൾ ഏർപ്പെടുത്താവുന്നതും, അപ്രകാരം ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട മറ്റു കക്ഷികളും പാലിക്കേണ്ടതുമാണ്.

## അദ്ധ്യായം IX

# രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ

24. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ള ഒരാളിന്റെ കർത്തവ്യങ്ങൾ.-- (1) സ്ഥാവരവല, മത്സ്യ വിത്തുൽപ്പാദന ഫിൽട്രേഷൻ മേഖല, രണ്ട് ഹെക്ടറിലധികം വിസ്തീർണ്ണമുള്ള ജലകൃഷി പ്രദേശം എന്നിവയുടെ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ള ഒരാൾ ഓരോ വിൽപ്പനയുടെയും രോഗങ്ങളുണ്ടാകുന്നതിന്റെയും എണ്ണം, നിർദ്ദിഷ്ട സ്ഥലം എന്നിവ സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതാണ്.

(2) വിത്തുൽപ്പാദന കേന്ദ്രത്തിന്റെയും അക്വാകൾച്ചർ പ്രദേശത്തിന്റെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ള ഒരാൾ മത്സ്യവിത്ത്, ബ്രൂഡ് മത്സ്യം എന്നിവയുടെ സ്രോതസ്സ്, അവ എത്തിക്കുന്ന മാർഗ്ഗം, ഉപയോഗിക്കുന്ന ആഹാരത്തിന്റെ ഇനവും അളവും, ഔഷധത്തിന്റെ ഉപയോഗക്രമം, ചികിത്സാ കാലയളവ്, ചികിത്സാതീയതി, മത്സ്യ ഇനത്തിന്റെ വിവരം, സ്റ്റോക്കിംഗ് നിരക്ക് എന്നിവയുടെ രേഖകളും ദിവസവും വിൽക്കുന്ന ഓരോ ഇനം മത്സ്യത്തിന്റെയും എണ്ണവും ഭാരവും ഓരോ വില്പനയുടെയും സ്ഥലവും ഉൾപ്പെടെ വിൽപ്പനയുടെ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

(3) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ള ഒരാൾ ഫിഷറീസ് വകുപ്പിലെ ഏതൊരു ഉദ്യോഗസ്ഥന്റെയും അഭ്യർത്ഥനയിൻമേൽ ഓരോ ആഴ്ചയിലും ഓരോ യൂണിറ്റിലെയും മരണനിരക്കിന്റെ വിവരം രേഖാമൂലം സൂക്ഷിക്കേണ്ടതാണ്.

(4) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളയാൾ തന്റെ ജലകൃഷി മേഖലയിൽ നിന്നുള്ള ജലകൃഷി ഉൽപ്പന്നങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പരിശോധനാ പ്രവർത്തനങ്ങളോ, ചികിത്സാ മാർഗ്ഗങ്ങളോ നടത്തിയത് സംബന്ധിച്ച വാക്കാലോ രേഖാമൂലമോ ഉള്ള വിവരം ലഭിച്ചതിനുശേഷം പത്ത് ദിവസത്തിനകം അദ്ദേഹത്തിന്റെയോ ജലകൃഷി ഉൽപ്പന്നങ്ങളിൽ പരിശോധനപ്രവർത്തനങ്ങളോ, ചികിത്സാ മാർഗ്ഗങ്ങളോ നടത്തിയ വ്യക്തിയുടേയോ ഒപ്പോടുകൂടി അധികാരപ്പെട്ട ഉദ്യോഗസ്ഥന് ലിഖിതമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(5) പ്രസ്തുത റിപ്പോർട്ടിൽ ഇനിപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഏതെങ്കിലും ആരോഗ്യ പരിശോധന പ്രവൃത്തിയുടെ റിസൽട്ടിന്റെയും വിശദാംശങ്ങളുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്;

(ബി) ഏതെങ്കിലും മരുന്നിന്റെയോ, പ്രയോഗിച്ച രാസഘടകത്തിന്റെയോ പേര്, ഉപയോഗക്രമം, ആകെ അളവ് എന്നിവ;

(സി) മരുന്ന് അല്ലെങ്കിൽ രാസഘടകം ഉപയോഗിച്ച കാലയളവ്;

(ഡി) മരുന്ന് അല്ലെങ്കിൽ രാസഘടകം ഉപയോഗിച്ചപ്പോൾ ജലത്തിന്റെ ഊഷ്മാവ്;

(ഇ) പരിശോധനയ്ക്കെടുത്ത ജലകൃഷി വിഭവത്തിന്റെ ലോട്ടും നമ്പരും.

(6) (1), (2), (3) എന്നീ ഉപചട്ടങ്ങളിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ള ആളിന്റെ സ്ഥലത്ത് കുറഞ്ഞത് മൂന്ന് വർഷമെങ്കിലും സൂക്ഷിക്കേണ്ടതാണ്.

(7) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ വിനിർദ്ദേശിക്കാവുന്ന അത്തരം സമയത്തിനുള്ളിലും അപ്രകാരമുള്ള രീതിയിലും ഈ ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കുന്ന ഏതൊരു രേഖയും അല്ലെങ്കിൽ വിവരവും ഒരു ലൈസൻസി നൽകേണ്ടതാണ്.

## അദ്ധ്യായം X

## റിട്ടേണുകൾ നൽകൽ

25. രജിസ്ട്രേഡ് അക്വാകൾച്ചർ പാടത്തിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ പാട്ടക്കാരനോ ലഭ്യമാക്കേണ്ടുന്ന റിട്ടേണുകൾ.—(1) ആക്ടിലെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം റിട്ടേണുകൾ നൽകാൻ ബാദ്ധ്യതയുള്ള ഏതൊരാളും അവരുടെ റിട്ടേണുകൾ ഓരോ വർഷവും ഏപ്രിൽ മാസം ഒന്നാം തീയതിക്ക് മുമ്പ് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) റിട്ടേണുകൾ ഫാറം നമ്പർ ആർ.എ.1-ൽ ഫയൽ ചെയ്യേണ്ടതാണ്.

(3) ഈ ചട്ടപ്രകാരം സമർപ്പിക്കപ്പെട്ട ഏതൊരു റിട്ടേണും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ഏത് സമയത്തും പരിശോധന നടത്തി കൃത്യത ഉറപ്പാക്കാവുന്നതാണ്.

(4) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഓരോ വർഷവും അയാൾക്ക് ലഭിച്ച എല്ലാ റിട്ടേണുകളുടെയും വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഫാറം നമ്പർ ആർ.എ.2-ൽ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(5) അപ്രകാരം റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ നിലവിലുള്ള രജിസ്ട്രേഷനും ലൈസൻസും റദ്ദു ചെയ്യുന്നതിന് കാരണമാകുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള യാതൊരു റദ്ദാക്കലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ, ലൈസൻസോ കൈവശമുള്ളയാൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ അവസരം നൽകാതെ നടപ്പിലാക്കാൻ പാടില്ലാത്തതാണ്.

## അദ്ധ്യായം XI

## സ്ഥലം മാറ്റൽ

26. പൊതു ജലാശയങ്ങളിലെ സ്ഥാവര വലയുടെയും അക്വാകൾച്ചർ യൂണിറ്റിന്റെയും ഒരിക്കൽ നിർണ്ണയിക്കപ്പെട്ട സ്ഥാനം മാറ്റൽ.—(1) സ്ഥാവരവലയുടെയും അക്വാകൾച്ചർ യൂണിറ്റിന്റെയും നിലവിലുള്ള സ്ഥലം മാറ്റേണ്ടത് ആവശ്യമാണെങ്കിൽ ഇനിപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അങ്ങനെ ചെയ്യാവുന്നതാണ്, അതായത്:—

(എ) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ലിഖിതമ: മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടതാണ്;

(ബി) വില്ലേജ് അധികാരിയോട് കൂടിയാലോചിച്ചുകൊണ്ട് മാത്രമേ ഇത്തരം മാറ്റങ്ങൾ നടത്തുവാൻ പാടുള്ളൂ;

(സി) ഇത്തരം സ്ഥലംമാറ്റത്തിന്റെ വിശദാംശങ്ങൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും പ്രസിദ്ധപ്പെടുത്തി ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതാണ്;

(ഡി) സർക്കാർ, ഗസറ്റ് വിജ്ഞാപനപ്രകാരം, ചുമത്താവുന്ന മറ്റേതെങ്കിലും വ്യവസ്ഥകളുണ്ടെങ്കിൽ ആയതിനും അനുസൃതമായിരിക്കും.

(2) സ്ഥലം മാറ്റൽ നടത്തുന്നതിനുള്ള അപേക്ഷ അസ്സൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലൈസൻസും ഇനിപ്പറയുന്ന രേഖകൾ സഹിതം അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഫാറം നമ്പർ എ 1-ൽ സമർപ്പിക്കേണ്ടതാണ്.

(എ) സ്ഥാവര വലകൾ അല്ലെങ്കിൽ അക്വാകൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തിരഞ്ഞെടുത്ത പുതിയ സ്ഥലത്തിന്റെ ലൊക്കേഷൻ പ്ലാനും സർവ്വേ വിവരങ്ങളും തുടിങ്ങയവ;

(ബി) ഉൾനാടൻ ജലഗതാഗത അധികാരികളിൽ നിന്നുള്ള 'നോ ഒബ്ജക്ഷൻ' സർട്ടിഫിക്കറ്റ്;

(സി) തുറമുഖ പരിധിക്കുള്ളിലെ പ്രദേശമാണ് തെരഞ്ഞെടുത്തിരിക്കുന്നതെങ്കിൽ തുറമുഖ അധികാരികളിൽ നിന്നുള്ള 'നോ ഒബ്ജക്ഷൻ' സർട്ടിഫിക്കറ്റ്;

(ഡി) ആരുടെ വസ്തുവിന്റെ മുമ്പിലാണോ സ്ഥാവര വലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ആ വസ്തു ഉടമയുടെ മുദ്രപത്രത്തിലുള്ള സമ്മതപത്രം

(3) പട്ടിക 1-ൽ പറഞ്ഞിരിക്കുന്ന ഫീസ് സഹിതം അങ്ങനെയുള്ള അപേക്ഷ സ്വീകരിച്ചുകഴിഞ്ഞാൽ തനിക്ക് യുക്തമെന്ന് കരുതുന്ന അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ടതിനുശേഷം ഈ ആവശ്യത്തിലേയ്ക്കായി ഫോറം എ 3-ൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ആവശ്യമായ കുറിപ്പുകൾ ഉൾക്കൊള്ളിച്ചശേഷം ഫോറം നമ്പർ എ 2-ൽ സ്ഥലം കൈമാറ്റം ചെയ്യുന്നതിന് അനുവാദം നൽകാവുന്നതാണ്.

(4) അപേക്ഷ ലഭിച്ച തീയതി മുതൽ ഒരു മാസക്കാലത്തിനകം സ്ഥലം മാറ്റത്തിനായുള്ള അപേക്ഷ പരിശോധിച്ച് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(5) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അപ്രകാരം സ്ഥലം മാറ്റപ്പെടുന്നത് ഈ ആക്റ്റിലേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള മത്സ്യബന്ധന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുമെന്നോ വിഭവ വിനിയോഗത്തിൽ ഏർപ്പെട്ടിട്ടുള്ള മറ്റുള്ളവരുമായി തർക്കങ്ങൾ ഉണ്ടാകുമെന്നോ സാമൂഹ്യ പ്രശ്നങ്ങളോ പാരിസ്ഥിതിക പ്രശ്നങ്ങളോ സൃഷ്ടിക്കപ്പെടുമെന്നോ നിർദ്ദിഷ്ടപ്രദേശം പാരിസ്ഥിതിക ദുർബല പ്രദേശമാണെന്നോ അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ എഴുതി രേഖപ്പെടുത്തി സ്ഥലം മാറ്റപ്പെടുന്നതിനുള്ള അനുവാദം നിരസിക്കാവുന്നതാണ്.

(6) സ്ഥലം മാറ്റത്തിനുവേണ്ടി സമർപ്പിച്ച അപേക്ഷ നിരസിക്കുകയാണെങ്കിൽ അപ്രകാരം നിരസിക്കുന്നതിന്റെ കാരണം രേഖപ്പെടുത്തിയ ഉത്തരവ് അപേക്ഷകന് നൽകേണ്ടതുമാണ്.

അദ്ധ്യായം XII

## പെർമിറ്റ് നൽകൽ

27. സംരക്ഷിത മത്സ്യസങ്കേതത്തിൽ പ്രവേശിക്കുന്നതിനും താമസിക്കുന്നതിനുമുള്ള പെർമിറ്റ് നൽകൽ.—(1) സംരക്ഷിത മത്സ്യസങ്കേതത്തിൽ പ്രവേശിക്കുന്നതിനും താമസിക്കുന്നതിനുമുള്ള അപേക്ഷ ഫാറം നമ്പർ പി. 3-ൽ ആയിരിക്കേണ്ടതാണ്.

(2) പട്ടിക I-ൽ പറയുന്ന ഫീസ് സഹിതം ഓരോ അപേക്ഷയും അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(3) നിർദ്ദിഷ്ട ഫീസടച്ച അപ്രകാരമുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അദ്ദേഹത്തിന് ഉചിതമെന്ന് കരുതുന്ന അന്വേഷണം നടത്തി അപേക്ഷകന് സംരക്ഷിത മത്സ്യസങ്കേതത്തിൽ ആക്റ്റിലെ 32-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ പ്രതിപാദിക്കുന്ന ആവശ്യങ്ങൾക്കായി, അതത് സംഗതിപോലെ, പ്രവേശിക്കുന്നതിനോ താമസിക്കുന്നതിനോ ഉള്ള പെർമിറ്റ് ഫാറം നമ്പർ പി.5 രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയശേഷം ഫാറം നമ്പർ പി.4-ൽ നൽകാവുന്നതാണ്.

(4) പെർമിറ്റ് നൽകുന്നതിനുള്ള അപേക്ഷ സംരക്ഷിത മത്സ്യസങ്കേതത്തിലേയ്ക്കുള്ള പ്രവേശനത്തിന് ഉള്ളതാണെങ്കിൽ അപേക്ഷ ലഭിച്ച് ഒരു ദിവസത്തിനുള്ളിലും സംരക്ഷിത മത്സ്യസങ്കേതത്തിൽ താമസത്തിനുള്ളതാണെങ്കിൽ അപേക്ഷ ലഭിച്ച തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിലും അധികാരപ്പെട്ട ഉദ്യോഗസ്ഥൻ തീർപ്പാക്കേണ്ടതാണ്.

(5) പെർമിറ്റിനുള്ള അപേക്ഷ നിരസിക്കുന്നപക്ഷം നിരസിക്കാനിടയായ കാരണങ്ങൾ രേഖപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്.

(6) പെർമിറ്റ് മറ്റ് തരത്തിൽ റദ്ദാക്കപ്പെടാത്തപക്ഷം അനുവദിച്ച തീയതി മുതൽ ഒരു വർഷത്തേക്ക് പെർമിറ്റ് പത്രത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(7) അധികാരപ്പെട്ട ഉദ്യോഗസ്ഥന് തക്കതായ കാരണങ്ങൾ എഴുതി രേഖപ്പെടുത്തിക്കൊണ്ട് ഇത്തരത്തിലുള്ള പെർമിറ്റ് പത്രം താൽക്കാലികമായി മരവിപ്പിക്കുകയോ റദ്ദ് ചെയ്യുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള പെർമിറ്റ് താൽക്കാലികമായി മരവിപ്പിക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് മുമ്പ് പെർമിറ്റ് കൈവശമുള്ളയാൾക്ക് പറയാനുള്ളത് പറയാൻ അവസരം നൽകിയിരിക്കേണ്ടതാണ്.

(4) ഈ ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന പെർമിറ്റ് ഇനി പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കേണ്ടതാണ്, അതായത്:—

(എ) ഈ ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന പെർമിറ്റുകൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല;

(ബി) ഈ ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന പെർമിറ്റുകളിൽ അതിൽ രേഖപ്പെടുത്തിയ സംരക്ഷിത മത്സ്യസങ്കേതത്തിലല്ലാതെ മറ്റൊരു സങ്കേതത്തിലും സാധുതയുള്ളതായിരിക്കുന്നതല്ല;

(സി) ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുകയാണെങ്കിൽ പ്രസ്തുത സങ്കേതത്തിൽ നിന്നും മത്സ്യം പിടിക്കുന്ന ഏത് അവസരത്തിലും പെർമിറ്റ് ഹാജരാക്കേണ്ടതാണ്;

(ഡി) ആക്റ്റിനും ഈ ചട്ടങ്ങൾക്കും എതിരായി യാതൊരു പ്രവർത്തനത്തിലും പെർമിറ്റ് പത്രം കൈവശമുള്ളയാൾ ഏർപ്പെടുവാൻ പാടുള്ളതല്ല.

28. പെർമിറ്റ് പുതുക്കൽ.—പെർമിറ്റ് പുതുക്കാനുള്ള അപേക്ഷ മുൻ പെർമിറ്റിന്റെ കാലാവധി അവസാനിക്കുന്നതിന് ഒരു മാസം മുൻപ് പുതിയ പെർമിറ്റ് നൽകുന്നതിനുള്ള അതേ നിയമങ്ങൾ പാലിച്ചുകൊണ്ട് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

29. പെർമിറ്റ് റദ്ദാക്കലോ അല്ലെങ്കിൽ പുതുക്കൽ നിരസിക്കലോ.—അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്,—

(എ) പെർമിറ്റിലെ വ്യവസ്ഥയ്ക്കനുസൃതമായി പ്രവർത്തിക്കുന്നതിൽ അപേക്ഷകന് വീഴ്ച വരുകയാണെങ്കിൽ; അല്ലെങ്കിൽ

(ബി) ആക്റ്റിലെയോ ഈ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ അപേക്ഷകൻ ലംഘിച്ചതിന് ശിക്ഷിക്കപ്പെട്ടാൽ

പെർമിറ്റ് റദ്ദാക്കുകയോ പുതുക്കുന്നതിന് വിസമ്മതിക്കുകയോ ചെയ്യാവുന്നതാണ്.

## അദ്ധ്യായം XIII

## മത്സ്യവിത്തുകളുടെ സാക്ഷ്യപ്പെടുത്തൽ

30. മത്സ്യവിത്തുകളുടെ സാക്ഷ്യപ്പെടുത്തൽ.—(1) ആക്ടിന്റെ 9-ാം വകുപ്പ് പ്രകാരം മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തുന്നതിനായി ചുമതലപ്പെടുത്തിയ ഏജൻസികൾക്ക് താഴെ പറയുന്ന സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) അവർക്ക് സ്വന്തമായ പി. സി. ആർ. ലാബും അതിനോട് ബന്ധപ്പെട്ട മത്സ്യമൈക്രോബയോളജി ലാബിലേക്ക് ആവശ്യമായ ബാക്ടീരിയൽ മീഡിയ, ഓട്ടോക്ലേവ്, ഹോട്ട് എയർ ഓവൻ, ഇൻകുബേറ്റർ, ടെസ്റ്റുകൾ നടത്താനുള്ള പാത്രങ്ങൾ മുതലായ ബന്ധപ്പെട്ട ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്;

(ബി) സാക്ഷ്യപ്പെടുത്തൽ ഏജന്റിനായി ചുമതലപ്പെടുത്തുന്നതിന് രണ്ടു വർഷം മുൻപേ ഈ ഏജൻസികൾ മത്സ്യവിത്തിന്റെ ഗുണമേന്മ പരിശോധനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കേണ്ടതാണ്.

(2) മത്സ്യവിത്തിന്റെ സാക്ഷ്യപ്പെടുത്തലിനായി നൽകുന്ന ഓരോ അപേക്ഷയും ആക്ടിന്റെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിരിക്കുന്ന ഏജൻസികൾക്ക് ഓരോ സാമ്പിളിനും 250 രൂപ നിരക്കിൽ ഫീസ് അടച്ച് സമർപ്പിക്കേണ്ടതാണ്. ആന്റിബയോട്ടിക്കിന്റെ അംശം ഇല്ലാത്ത 20 മത്സ്യവിത്ത് സാമ്പിളുകൾ ഓരോ ഏജൻസിയും ശേഖരിക്കേണ്ടതാണ്.

(3) ഏജൻസികൾ മത്സ്യത്തിന്റെ പോസ്റ്റ്മോർട്ടം നടത്തുകയും ഇനി പറഞ്ഞിരിക്കുന്ന അസുഖങ്ങൾ ഇല്ലായെന്ന് നിർണ്ണയിക്കുകയും ചെയ്യേണ്ടതാണ്, അതായത്:—

(എ) ഏയ്റോമോണാസ് രോഗം ;

(ബി) എന്ററിക്ക് റെഡ് മൗത്ത് രോഗം ;

(സി) നേരിട്ടുള്ള ദൃശ്യ പരിശോധനയിലൂടെയോ ഫ്ളൂറസെന്റ് ആന്റിബോഡി ടെക്നിക്കിലൂടെയോ അധികാര സ്ഥാപനങ്ങളുടെ അംഗീകാരമുള്ള മറ്റ് രീതികളിലൂടെയോ പരിശോധന നടത്തി കണ്ടെത്തുന്ന രോഗം ;

(ഡി) ബാഹ്യപരാദങ്ങൾ ;

(ഇ) ചെമ്മീൻ വിത്തിന്റെ കാര്യത്തിൽ പി. സി. ആർ. നെഗറ്റീവ്

(എഫ്) ഏതെങ്കിലും മറ്റ് അസാധാരണ രോഗങ്ങൾ.

(4) ഫോറം നമ്പർ Q1-ൽ മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തി നൽകേണ്ടതും ഇതിനായി ചെയ്ത ഓരോ പരീക്ഷണങ്ങളുടെയും ഫലം ഫോറം നമ്പർ Q2-ൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതുമാണ്.

(5) ഗുണനിലവാര പരിശോധനയിൽ വെളിപ്പെടുന്ന അപാകതകൾ ഫിഷറീസ് വകുപ്പിലെ ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥനെ എത്രയുംവേഗം അറിയിക്കേണ്ടതും ഉദ്യോഗസ്ഥനിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതുവരെ തീർപ്പ് കൽപ്പിക്കുവാൻ പാടില്ലാത്തതുമാണ്.

850/2017.

അദ്ധ്യായം XIV

## മത്സ്യവിത്ത് കമ്മിറ്റി

31. മത്സ്യവിത്ത് കമ്മിറ്റിയുടെ രൂപീകരണം.—(1) ആക്ടിന്റെ 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ രൂപീകരിക്കുന്ന മത്സ്യവിത്ത് കമ്മിറ്റിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഇനി പറയുന്ന അഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) അക്വാകൾച്ചർ വിഭാഗത്തിൽ നിന്നുള്ള ഒരു പ്രമുഖ ശാസ്ത്രജ്ഞൻ അഥവാ പ്രൊഫസർ—അദ്ദേഹം കമ്മിറ്റിയുടെ ചെയർ പേഴ്സൺ ആയിരിക്കുന്നതാണ് ;

(ii) ഏതെങ്കിലും ഗവേഷണ സ്ഥാപനത്തിലെ അക്വാകൾച്ചറിലുള്ള ഒരു സാങ്കതിക വിദഗ്ദ്ധൻ—അംഗം ;

(iii) ഏതെങ്കിലും ഫിഷറീസ് കോളേജിലെ അക്വാകൾച്ചറിലുള്ള ഒരു സാങ്കേതിക വിദഗ്ദ്ധൻ—അംഗം ;

(iv) അഡാക്കിൽ നിന്നോ ഫിർമയിൽ നിന്നോ ഉള്ള ഒരു പ്രതിനിധി—അംഗം ;

(v) അഡീഷണൽ ഡയറക്ടർ ഓഫ് ഫിഷറീസ്—മെമ്പർ സെക്രട്ടറി.

(2) ചെയർപേഴ്സന്റെയും നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്ക് ആയിരിക്കുന്നതാണ്:

എന്നാൽ, ഈ കാലയളവിനുള്ളിൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുന്ന ചെയർപേഴ്സൺ അഥവാ അംഗം വിരമിക്കലിന് ശേഷം കമ്മിറ്റിയിൽ തുടരാൻ പാടുള്ളതല്ല.

(3) ചെയർപേഴ്സന് സ്വന്തം കൈപ്പടിയിൽ എഴുതിയ കത്ത് സർക്കാരിന് നൽകിക്കൊണ്ട് ഏത് സമയത്തും രാജിവയ്ക്കാവുന്നതാണ്:

എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

(4) സർക്കാരിന് ഉത്തരവ് മൂലം ചെയർപേഴ്സണേയോ ഏതെങ്കിലും അംഗത്തെയോ, അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ, അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം ജോലിയിൽ തുടരുന്നതിന് അയോഗ്യനായി തീരുകയോ, അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരതയില്ലാത്ത ആളായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും ചെയ്യുകയോ, അല്ലെങ്കിൽ

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ, അല്ലെങ്കിൽ

(ഇ) സ്വജനപക്ഷപാതമോ അഴിമതിയോ നടത്തിയെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയോ ചെയ്യുന്നപക്ഷം,

ഔദ്യോഗിക സ്ഥാനത്തും നിന്നും നീക്കം ചെയ്യാവുന്നതാണ്.

(5) മത്സ്യവിത്ത് കമ്മിറ്റിയിലെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റു സേവന വ്യവസ്ഥകളും ഇനി പറയുന്ന പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(എ) കമ്മിറ്റിയിലെ ചെയർപേഴ്സന്റെയും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെയും സിറ്റിംഗ് ഫീ ഒരു ദിവസം 1,000 രൂപ ആയിരിക്കും.

(ബി) മെമ്പർ സെക്രട്ടറിയുടെ ശമ്പളവും ബത്തകളും ഫിഷറീസ് വകുപ്പിലെ അഡീഷണൽ ഡയറക്ടറിന്റേതിന് തുല്യമായിരിക്കും.

(സി) ചെയർപേഴ്സന്റെയും അംഗങ്ങളുടെയും യാത്രാബത്തയും ക്ഷാമബത്തയും കേരള സംസ്ഥാന സർവ്വീസിലെ ക്ലാസ്-1 ഉദ്യോഗസ്ഥരുടേതിന് തുല്യമായിതിക്കും.

(6) ആക്ടിലെയും ഈ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി കമ്മിറ്റിക്ക് അതിന്റെ യോഗനടപടിക്രമങ്ങൾ നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

32. <u>മത്സ്യവിത്ത് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ</u>.—(1) മത്സ്യവിത്ത് കമ്മിറ്റിക്ക് ഇനിപ്പറയുന്ന കർത്തവ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) മത്സ്യവിത്ത് ഗുണമേന്മ അംഗീകരിക്കുന്നതിനുള്ള കാര്യപരിപാടി ഏറ്റെടുത്ത് നടത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങളും, മാനവശേഷിയും, ധനകാര്യശേഷിയും വികസിപ്പിച്ചെടുക്കുക ;

(ബി) മത്സ്യവിത്ത് ഉൽപ്പാദന കേന്ദ്രത്തിന്റെയും, മത്സ്യഫാമുകളുടെയും ഔദ്യോഗിക അംഗീകാരത്തിനുവേണ്ടി അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും സാക്ഷ്യപ്പെടുത്തുന്ന ഏജൻസികളെയോ അല്ലെങ്കിൽ വ്യക്തികളെയോ അധികാരപ്പെടുത്തുക ;

(സി) മത്സ്യവിത്ത് സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്ന സമയത്ത് ഉയർന്ന് വരുവാൻ ഇടയുള്ള നിയമ പ്രശ്നങ്ങൾ ഏറ്റെടുക്കുക ;

(ഡി) അംഗീകാരത്തിനും സാക്ഷ്യപ്പെടുത്തലിനുമുള്ള പ്രക്രിയയുടെ മാനദണ്ഡങ്ങളിലും നടപടിക്രമങ്ങളിലും കാലാകാലങ്ങളിൽ വേണ്ടുന്ന പരിഷ്കാരങ്ങൾ ആവശ്യമുണ്ടെങ്കിൽ അവ നിർദ്ദേശിക്കുക ;

(ഇ) അംഗീകാരമുള്ള ഹാച്ചറികളിലും മത്സ്യവിത്ത് ഫാമുകളിൽ നിന്നും ഉള്ള വിത്തും ബ്രൂഡ് മത്സ്യങ്ങളും ഉപയോഗിക്കുന്നതിനുള്ള ആവശ്യകത ജനങ്ങളിൽ എത്തിക്കുവാൻ ബോധവൽക്കരണ പരിപാടികൾ ഏറ്റെടുത്തു നടത്തുക ;

(എഫ്) വിദഗ്ദ്ധ സംഘങ്ങൾ വഴി ബ്രൂഡ് മത്സ്യങ്ങളുടെ തിരഞ്ഞെടുക്കൽ, പരിപാലനം, വിത്തുൽപ്പാദന പ്രവർത്തനങ്ങൾ, പരിശോധനാ മാർഗ്ഗങ്ങൾ എന്നിവയെ പ്രതിപാദിക്കുന്ന വിശദമായ മാന്വലുകൾ തയ്യാറാക്കുക :

എന്നാൽ, അപ്രകാരം തയ്യാറാക്കുന്ന മാന്വലുകൾ പരിശോധനയ്ക്കും അംഗീകാരത്തിനും തുടർന്നുവരുന്ന നിരീക്ഷണത്തിനും ഉപയോഗിക്കേണ്ടതും മത്സ്യവിത്ത് ഉൽപ്പാദന വ്യവസായത്തിലെ എല്ലാ ഉൽപ്പാദന യൂണിറ്റുകൾക്കും അവ നടപ്പിലാക്കുന്നതിലേയ്ക്കായി വിതരണം ചെയ്യേണ്ടതുമാണ്.

(2) മുകളിൽ വിവരിച്ച പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിൽ കമ്മിറ്റി ഐ. സി. എ. ആർ. ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സാങ്കേതിക മേൽനോട്ടമോ അഭിപ്രായമോ തേടാവുന്നതും സാക്ഷ്യപ്പെടുത്തലിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ നൽകാവുന്നതുമാണ്.

## അദ്ധ്യായം XV

## സാങ്കേതിക കമ്മിറ്റി

33. <u>സാങ്കേതിക സമിതിയുടെ പ്രവർത്തനങ്ങൾ</u>.—(1) ആക്ടിലെ 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയോഗിക്കുന്ന സാങ്കേതിക സമിതി ഇനി പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്, അതായത് :—

(എ) ബന്ധപ്പെട്ട താലൂക്കിൽ സിറ്റിംഗ് സംഘടിപ്പിക്കുക ;

(ബി) വ്യാപകമായ പ്രചാരണം നൽകിയശേഷം നിർദ്ദേശിക്കപ്പെട്ട സ്ഥലം പരിശോധിക്കുകയും ഇതുമായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികൾ, താമസക്കാർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹിക പ്രവർത്തകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന തൽപ്പര കക്ഷികളിൽ നിന്നും തെളിവുകൾ ശേഖരിക്കുകയും ചെയ്യുക;

(സി) തൽപ്പര കക്ഷികളിൽ നിന്നും എല്ലാ തെളിവുകളും ശേഖരിക്കുകയും അത് പരിശോധിക്കുകയും അവ രേഖപ്പെടുത്തുകയും ചെയ്യുക;

(ഡി) പൊതു ജലാശയത്തിന് മത്സ്യവും അതിന്റെ പരിസ്ഥിതിയും സംരക്ഷിക്കുന്നതിനും പ്രജനനത്തിനും ആക്ടിലെ 28-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രാധാന്യം ഉണ്ടോ എന്നത് തെളിവുകൾ സഹിതം പരിശോധിക്കുകയും ആവശ്യമെങ്കിൽ അന്വേഷണം നടത്തുകയും ചെയ്യുക ;

(ഇ) ഒരു ജലാശയം പൂർണ്ണമായോ ഭാഗികമായോ ഏതെങ്കിലും വംശനാശം നേരിടുന്ന മത്സ്യങ്ങളോ, കണ്ടൽക്കാടുകളോ, മത്സ്യപ്രജനന സ്ഥലങ്ങളോ, മത്സ്യക്കുഞ്ഞുങ്ങൾ വളരുന്ന സ്ഥലമോ ആണെങ്കിൽ അത് മത്സ്യസംരക്ഷണ കേന്ദ്ര മാക്കി മാറ്റാൻ സർക്കാരിനോട് ശുപാർശ ചെയ്യുക ;

(എഫ്) ആവശ്യമെങ്കിൽ ജലാശയത്തിന്റെ ഭൗതികമോ രാസപരമോ ആയ സവിശേഷതകൾ, ജൈവ സസ്യസമ്പത്ത്, മത്സ്യശേഖരത്തെക്കുറിച്ചുള്ള വിശകലനം വംശനാശ ഭീഷണിയുടെ തോത് എന്നിവയിൽ ഒരു സാങ്കേതിക പഠനം നടത്തുക.

34. <u>സാങ്കേതിക സമിതിയുടെ ശുപാർശ.</u>—(1) ഒരു ജലാശയം സംരക്ഷിതമത്സ്യ സങ്കേതമാക്കുന്നതിന്, സംസ്ഥാന സർക്കാരിന് നൽകുന്ന ശുപാർശയിൽ ജില്ലയുടെ പേര്, റവന്യു വില്ലേജ്, റീസർവ്വേ നമ്പർ, സ്ഥലത്തിന്റെ വ്യാപ്തി, ഉടമസ്ഥാവകാശത്തിന്റെ വിശദവിവരം, അതിർത്തി വിവരണം, സംരക്ഷിത മത്സ്യ സങ്കേതമാണെന്ന് ശുപാർശ ചെയ്യുവാൻ മതിയായ കാരണങ്ങൾ, സമിതിക്ക് യുക്തമെന്ന് തോന്നുന്ന മറ്റു കാര്യങ്ങൾ എന്നിവ ഉണ്ടായിരിക്കണം.

(2) ആക്ടിലെ 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ശുപാർശ ലഭിച്ചതിന് ശേഷം സർക്കാർ മൂന്ന് മാസത്തിനുള്ളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും അതനുസരിച്ചു വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

35. <u>ആക്ടിലെ 33-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സാങ്കേതിക സമിതിയുടെ പ്രവർത്തനങ്ങൾ.</u>—ആക്ടിലെ 33-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സാങ്കേതിക സമിതിയുടെ കർത്തവ്യങ്ങൾ ഇനി പറയുന്നവയാണ്, അതായത്:—

(എ) 33-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം തയ്യാറാക്കിയ ഫിഷറിസ് പരിപാലന പദ്ധതി, സമിതിയുടെ യോഗത്തിന് ശേഷം ഒരു മാസത്തിനുള്ളിൽ സമിതി യുടെ കൺവീനർ സർക്കാരിന് അയച്ചുകൊടുക്കേണ്ടതും അതിൽ സന്നിഹിതരായിരുന്ന എല്ലാ അംഗങ്ങളുടെയും കൈയൊപ്പ് പതിച്ചിരിക്കേണ്ടതുമാണ്.

(ബി) സമിതി കൺവീനർ നടപടിക്രമങ്ങൾക്ക് രജിസ്റ്റർ വയ്ക്കേണ്ടതും അതിൽ അംഗങ്ങളുടെ ഹാജരും ആവശ്യമുണ്ടെന്നു കരുതുന്ന മറ്റു കാര്യങ്ങളും രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

(സി) ഓരോ സാമ്പത്തിക വർഷത്തിലെയും ഏപ്രിൽ മാസത്തിൽ സാങ്കേതിക സമിതി വാർഷിക പ്രവർത്തനറിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഡി) സമിതിക്ക് ഉചിതമെന്ന് കരുതുന്ന ഏത് സമയത്തും യോഗം വിളിച്ച് ചേർക്കാവുന്നതും കുറഞ്ഞത് ഓരോ മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം വിളിച്ച് ചേർക്കേണ്ടതുമാണ്. സമിതി കൺവീനർ, ചെയർപേഴ്സൺന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി രണ്ട് ആഴ്ച മുൻപ് എല്ലാ അംഗങ്ങൾക്കും നോട്ടീസ് നൽകി യോഗം വിളിച്ചു ചേർക്കേണ്ടതാണ്.

36. സമിതി യോഗത്തിനുള്ള കോറം.—സമിതി യോഗം ചേരുന്നതിനുള്ള കോറം നാല് ആയിരിക്കുന്നതാണ്.

37. അംഗങ്ങളുടെ യാത്രാപ്പടിയും മറ്റ് ബത്തകളും.—കേരള സംസ്ഥാന സർക്കാർ സർവ്വീസിൽ ഉള്ള ക്ലാസ്സ്-1 ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ള യാത്രാപ്പടിക്കും മറ്റ് ബത്തകൾക്കും കമ്മിറ്റി അംഗങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം XVI

## ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികൾ

38. ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളുടെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും, സിറ്റിംഗ് ഫീസും മറ്റ് ബത്തകളും.—(1) ആക്റ്റിലെ 41-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതിയിലെയും ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതിയിലേയും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും, സിറ്റിംഗ് ഫീസും മറ്റ് ബത്തകളും ഇനിപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(എ) നാമനിർദ്ദേശം ചെയ്യപ്പെട്ട സമിതി അംഗങ്ങളുടെ ഔദ്യോഗിക കാലാവധി വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ അഞ്ചുവർഷം വരെയായിരിക്കുന്നതാണ് ;

(ബി) ഏതൊരു നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗത്തിനും സ്വന്തം കൈപ്പടയിൽ സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് ഏത് സമയത്തും അംഗത്വം രാജിവയ്ക്കാവുന്നതാണ് ;

(സി) (ബി) ഖണ്ഡപ്രകാരം രാജിവയ്ക്കുന്നതു കാരണം ഏതെങ്കിലും സമിതിയിൽ ഒഴിവുണ്ടാകുന്ന പക്ഷം ആക്റ്റിലെ 41-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം മൂന്ന് മാസത്തിനുള്ളിൽ പ്രസ്തുത ഒഴിവ് നികത്തേണ്ടതാണ്:

എന്നാൽ, അങ്ങനെ നിയമിക്കപ്പെട്ട ആൾ ആരുടെ സ്ഥാനത്താണോ നിയമിക്കപ്പെടുന്നത് ആ അംഗത്തിന്റെ അവശേഷിക്കുന്ന കാലയളവിലേക്കുമാത്രമേ ജോലിയിൽ തുടരുവാൻ പാടുള്ളൂ.

(ഡി) സർക്കാരിന് സമിതിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരു അംഗത്തെയും,—

(i) അയാൾ ഒരു അവിമുക്ത നിർധനനായി പ്രഖ്യാപിക്കപ്പെട്ടാൽ;

(ii) അയാൾ ശാരീരികമോ മാനസികമോ ആയ കാരണങ്ങളാൽ ജോലിയിൽ തുടരാൻ കഴിയാതെ വരികയാണെങ്കിൽ;

(iii) അയാൾ ഒരംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായിത്തീർന്നുവെന്നോ, അംഗമായി തുടരുന്നത് പൊതു താൽപ്പര്യത്തിന് ഹാനികരമായിത്തീരത്തക്കവിധം അയാൾ തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം;

ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

(ഇ) സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഒരു ദിവസത്തെ സിറ്റിംഗ് ഫീസ് 2000 രൂപയും ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയിലെ അംഗങ്ങളുടെ സിറ്റിംഗ് ഫീസ് 1000 രൂപയും ആയിരിക്കുന്നതാണ്.

(എഫ്) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ യാത്രാബത്തയും ക്ഷാമബത്തയും കേരള സംസ്ഥാന സർവ്വീസിലെ ക്ലാസ്സ്-1 ഉദ്യോഗസ്ഥരുടേതിന് തുല്യമായിരിക്കും.

39. <u>സമിതികളുടെ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള നടപടിക്രമം</u>:— സമിതികൾ, ആക്റ്റിലെയും ഈ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള നടപടിക്രമങ്ങൾ ക്രമീകരിക്കേണ്ടതാണ്.

## പട്ടിക 1

## ഫീസ്

**1. *അപേക്ഷാഫാറങ്ങൾക്കുള്ള ഫീസ്***

വ്യത്യസ്ഥ അപേക്ഷാഫാറത്തിനുള്ള ഫീസ് താഴെപ്പറയുന്ന രീതിയിലാണ്:

അപേക്ഷാഫാറം ഫീസ്

| *ക്രമ നമ്പർ* | *തരം* | *ഫീസ് (രൂപ)* |
|---|---|---|
| 1 | രജിസ്ട്രേഷനുള്ള അപേക്ഷാഫാറം | 10.00 |
| 2 | ലൈസൻസിനുള്ള അപേക്ഷാഫാറം | 10.00 |
| 3 | രജിസ്ട്രേഷൻ കൈമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷാഫാറം | 10.00 |
| 4 | സ്ഥാനമാറ്റത്തിനുള്ള അപേക്ഷാഫാറം | 10.00 |

**2. *രജിസ്ട്രേഷനുള്ള ഫീസ്***

*(1) വിവിധ മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്*

| *ക്രമ നമ്പർ* | *മത്സ്യബന്ധന യാനം* | *ഫീസ് (രൂപ)* |
|---|---|---|
| 1 | ആകെക്കൂടി 5 മീറ്റർ നീളമുള്ള മത്സ്യബന്ധന യാനം | 100.00 |
| 2 | ആകെക്കൂടി 5 മീറ്റർ നീളമോ അതിൽകൂടുതൽ നീളമോ ഉള്ള മത്സ്യബന്ധന യാനം | 150.00 |

*(2) പലതരത്തിലുള്ള സ്വതന്ത്ര വലയുടെ രജിസ്ട്രേഷൻ ഫീസ്*

| *ക്രമ നമ്പർ* | *സ്വതന്ത്ര വല* | *ഫീസ് (രൂപ)* |
|---|---|---|
| 1 | ചങ്ങാട പാച്ചിൽ, ചീപ്പുചാൽ വല, ആയിരം ചൂണ്ട, പെരുവല, വരിയൻ വല, കൊമ്പൻ വല, കൊടിവല | 100.00 |
| 2 | നീട്ടുവല, കോരു വല, കലി വല, കൊരട്ടു വല, കോല വല, കുഴിയ വല | 50.00 |
| 3 | അടിച്ചിൽ, കാടുവല, മൂവല, വീശുവല, ഞണ്ടുവല കൈകോരുവല, മത്സ്യട്രാപ്പ്, വടിചൂണ്ട, ഇരിചൂണ്ട, ചാട്ടുളി, അമ്പും വില്ലും, മത്സ്യബന്ധന കലം, കൂട, മറ്റ് മത്സ്യബന്ധന ഉപായങ്ങൾ | 25.00 |

*(3) സ്ഥാവര വലകളുടെ രജിസ്ട്രേഷൻ ഫീസ്*

| *ക്രമ നമ്പർ* | *സ്ഥാവര വലയുടെ തരം* | *ഫീസ് (രൂപ)* |
|---|---|---|
| 1 | ഊന്നിവല (ഓരെണ്ണം) | 250.00 |
| 2 | ചീന വല | 500.00 |
| 3 | ചീപ്പ് ചാൽ വല | 500.00 |
| 4 | മറ്റ് സ്ഥാവര വലകൾ | 500.00 |

*(4) പലതരത്തിലുള്ള ചെമ്മീൻ കെട്ട് പാടത്തിന്റെ രജിസ്ട്രേഷൻ ഫീസ്*

| *ക്രമ നമ്പർ* | *തരം* | *ഫീസ് (രൂപ)* |
|---|---|---|
| 1 | 100 ഹെക്ടറിൽ കുറഞ്ഞ വിസ്തൃതിയുള്ള ചെമ്മീൻ കെട്ട് പാടം | 200.00 |
| 2 | 100 ഹെക്ടറോ അതിനു മുകളിലോ 200 ഹെക്ടറിനു താഴെയോ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 400.00 |
| 3 | 200 ഹെക്ടറോ അതിനു മുകളിലോ 500 ഹെക്ടറിനു താഴെയോ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 700.00 |
| 4 | 500 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ചെമ്മീൻ കെട്ട് പാടം | 1000.00 |
| 5 | സീസൺ കെട്ട് (ചെമ്മീൻ കെട്ട്) പാടം/ഹെക്ടർ | 25.00 |

(5) അക്വാകൾച്ചറിനുള്ള രജിസ്ട്രേഷൻ ഫീസ്

| ക്രമ നമ്പർ | തരം | ഓരുജല മത്സ്യകൃഷി | ശുദ്ധജല മത്സ്യകൃഷി |
|---|---|---|---|
| 1 | മത്സ്യകൃഷി | ഒരു ഹെക്ടറിന് 100 രൂപ | ഒരു ഹെക്ടറിന് 25 രൂപ |
| 2 | അലങ്കാര മത്സ്യ കൃഷി | ഒരേക്കറിന് താഴെ 250 രൂപ/ ഒരേക്കറോ അതിന് മുകളിലോ ഉള്ള കൃഷിയിടം 1000 രൂപ/ഏക്കർ | ഒരേക്കറിന് താഴെ 250 രൂപ/ ഒരേക്കറിന് മുകളിൽ 1000 രൂപ/ഏക്കർ |
| 3 | കൂട് മത്സ്യകൃഷി | രൂപ 10/ഘ. മീറ്റർ | രൂപ 10/ഘ. മീറ്റർ |
| 4 | പലക തട്ടിൽ, ചങ്ങാടത്തിൽ, നീണ്ട നാരുകൾ ഉപയോഗിച്ചുള്ള കല്ലുമ്മേക്കായ് കൃഷി | രൂപ 1/ച. മീറ്റർ | രൂപ 1/ച. മീറ്റർ |

(6) പലതരത്തിലുള്ള മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ ഫീസ്

| ക്രമ നമ്പർ | തരം | ഓരു ജലം | ശുദ്ധ ജലം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 0.2 ഹെക്ടർ വരെ ജല വിസ്തൃതിയുള്ള മത്സ്യ വിത്തുൽപ്പാദന കേന്ദ്രം | 200 രൂപ | 200 രൂപ |
| 2 | 0.2 ഹെക്ടർ ജല വിസ്തൃതിയോ അതിൽ കൂടുതലോ ഉള്ള മത്സ്യ പ്രജനന കേന്ദ്രം | 0.2 ഹെക്ടറിന്റെ ഗുണിതങ്ങൾക്കും ബാക്കി വരുന്ന സ്ഥലത്തിനും 100 രൂപ വച്ച് | 0.2 ഹെക്ടറിന്റെ ഗുണിതങ്ങൾക്കും ബാക്കി വരുന്ന സ്ഥലത്തിനും 100 രൂപ വച്ച് |
| 3 | 5 ദശലക്ഷം പി.എൽ. വരെ ഉൽപ്പാദന ശേഷിയുള്ള ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രം | 500 രൂപ | 500 രൂപ |
| 4 | 5 ദശലക്ഷം പി.എൽ.-നു മുകളിൽ ഉൽപ്പാദന ശേഷിയുള്ള ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രം | 5 മില്യൺ പി.എൽ.-ന്റെ ഗുണിതങ്ങൾക്കും ബാക്കി പി.എൽ.-നും 750 രൂപ വച്ച് | 5 മില്യൺ പി.എൽ.-ന്റെ ഗുണിതങ്ങൾക്കും ബാക്കി പി.എൽ.-നും 350 രൂപ വച്ച് |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 0.1 ഹെക്ടർ വരെ ജല വിസ്തൃതിയുള്ള അലങ്കാര മത്സ്യക്കുഞ്ഞ് വിത്തുൽപ്പാദന കേന്ദ്രം | 150 രൂപ | 150 രൂപ |
| 6 | 0.1 ഹെക്ടറിന് മുകളിൽ ജല വിസ്തൃതിയുള്ള അലങ്കാര മത്സ്യവിത്ത് ഉൽപ്പാദന കേന്ദ്രം | 0.1 ഹെക്ടറിന്റെ ഗുണിതങ്ങൾക്കും ബാക്കി സ്ഥലത്തിനും 250 രൂപ വച്ച് | 0.1 ഹെക്ടറിന്റെ ഗുണിതങ്ങൾക്കും ബാക്കി സ്ഥലത്തിനും 250 രൂപ വച്ച് |

*7. രജിസ്ട്രേഷൻ കൈമാറ്റത്തിനുള്ള ഫീസ്*

| *ക്രമ നമ്പർ* | *വിവരണം* | *ഫീസ് (രൂപ)* |
|---|---|---|
| 1 | മത്സ്യബന്ധന യാനത്തിന്റെ രജിസ്ട്രേഷൻ | 50.00 |
| 2 | സ്വതന്ത്ര വലയുടെ രജിസ്ട്രേഷൻ | 25.00 |
| 3 | ചെമ്മീൻകെട്ട് പാടത്തിന്റെ രജിസ്ട്രേഷൻ | 250.00 |
| 4 | ശുദ്ധജല മത്സ്യകൃഷിയുടെ രജിസ്ട്രേഷൻ | 100.00 |
| 5 | ഓരുജല അകാകൾച്ചർ രജിസ്ട്രേഷൻ | 100.00 |
| 6 | മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ | 250.00 |
| 7 | ഊന്നി വലയും ചീപ്പുചാൽ വലയുടെയും രജിസ്ട്രേഷൻ | 250.00 |
| 8 | ചീനവലയുടെ രജിസ്ട്രേഷൻ | 250.00 |
| 9 | മറ്റുസ്ഥാവര വലകളുടെ രജിസ്ട്രേഷൻ | 250.00 |

***3. ലൈസൻസിനുള്ള ഫീസ്***

*(i) മത്സ്യബന്ധന ലൈസൻസ് ഫീസ്.*—മത്സ്യബന്ധന ലൈസൻസിനുള്ള ഫീസ് 25 രൂപയാണ്.

*(ii) പലതരത്തിലുള്ള സ്ഥാവര വലയുടെ ലൈസൻസ് ഫീസ്*

| *ക്രമ നമ്പർ* | *സ്ഥാവര വലയുടെ തരം* | *ശരാശരി വാർഷിക വരുമാനം* | *അനുമതി ഫീസ് (രൂപ)* |
|---|---|---|---|
| 1 | ചീനവല | മോക്ക് ഗിയർ | 300.00 |
| 2 | | 20,000 രൂപയിൽ കൂടുതൽ | 150.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 100.00 |
| | | 10,000 രൂപയ്ക്ക് താഴെ | 50.00 |
| 3 | ഊന്നിവല | 20,000 രൂപയിൽ കൂടുതൽ | 250.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 150.00 |
| | | 10,000 രൂപയ്ക്ക് താഴെ | 50.00 |
| 4 | ചീപ്പ് ചാൽ വല | 20,000 രൂപയിൽ കൂടുതൽ | 250.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 100.00 |
| | | 10,000 രൂപയ്ക്ക് താഴെ | 50.00 |
| 5 | മറ്റ് വലകൾ | 10,000 രൂപയിൽ കൂടുതൽ | 250.00 |
| | | 5,000 രൂപയ്ക്കും 10,000 രൂപയ്ക്കും ഇടയിൽ | 100.00 |
| | | 5,000 രൂപയ്ക്ക് താഴെ | 50.00 |

*(iii) പലതരത്തിലുള്ള ചെമ്മീൻ കെട്ട് പാടത്തിന്റെ ലൈസൻസ് ഫീസ്*

| *ക്രമ നമ്പർ* | *തരം* | *അനുമതി ഫീസ് (രൂപ)* |
|---|---|---|
| 1 | 100 ഹെക്ടറിൽ കുറഞ്ഞ വിസ്തൃതിയുള്ള ചെമ്മീൻ കെട്ട് പാടം | 200.00 |
| 2 | 100 ഹെക്ടറിനും 200 ഹെക്ടറിനും ഇടയിൽ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 500.00 |
| 3 | 200 ഹെക്ടറിനും 500 ഹെക്ടറിനും ഇടയിൽ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 750.00 |
| 4 | 500 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ചെമ്മീൻ കെട്ട് പാടം | 1000.00 |
| 5 | സീസൺ കെട്ട് (ചെമ്മീൻ കെട്ട്) പാടം/ ഒരു ഹെക്ടറിന് | 10.00 |

*(iv) അക്വാകൾച്ചറിനുള്ള ലൈസൻസ് ഫീസ്*

| ക്രമ നമ്പർ | തരം | ഓരുജല മത്സ്യകൃഷി | ശുദ്ധജല മത്സ്യകൃഷി |
|---|---|---|---|
| 1 | പൊതുജലാശയത്തിൽ മത്സ്യകൃഷി നടത്തുന്നതിന് | 150 രൂപ/ഹെക്ടർ | 50 രൂപ/ഹെക്ടർ |
| 2 | സ്വകാര്യ ജലാശയത്തിലുള്ള മത്സ്യകൃഷി | 100 രൂപ/ഹെക്ടർ | 50 രൂപ/ഹെക്ടർ |
| 3 | അലങ്കാര മത്സ്യകൃഷി | 100 രൂപ/ഹെക്ടർ | 100 രൂപ/ഹെക്ടർ |
| 4 | മത്സ്യങ്ങളുടെ കൂട് കൃഷി | 10 രൂപ/ഘ. മീറ്റർ | 10 രൂപ/ഘ. മീറ്റർ |
| 5 | പലകതട്ടിൽ, ചങ്ങാടത്തിൽ, നീണ്ട നാരുകളുപയോഗിച്ചുള്ള കല്ലുമ്മേക്കായ് കൃഷി | 1 രൂപ/ച. മീറ്റർ | 1 രൂപ/ച. മീറ്റർ |

*(v) മത്സ്യ വിത്തുല്പാദനത്തിനുള്ള ലൈസൻസ് ഫീസ്*

| ക്രമ നമ്പർ | തരം | ഓരുജല മത്സ്യകൃഷി | ശുദ്ധജല മത്സ്യകൃഷി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 0.2 ഹെക്ടർ വരെ ജലവിസ്തൃതിയുള്ള മത്സ്യവിത്തുൽപ്പാദന കേന്ദ്രം | 200.00 രൂപ | 200.00 രൂപ |
| 2 | 0.2 ഹെക്ടർ ജലവിസ്തൃതിയോ അതിൽ കൂടുതലോ ഉള്ള മത്സ്യവിത്തുൽപ്പാദന കേന്ദ്രം | 0.2 ഹെക്ടറിന്റെ ഗുണിതങ്ങൾക്കും ബാക്കി വരുന്ന സ്ഥലത്തിനും 100 രൂപ വച്ച് | 0.2 ഹെക്ടറിന്റെ ഗുണിതങ്ങൾക്കും ബാക്കി വരുന്ന സ്ഥലത്തിനും 100 രൂപ വച്ച് |
| 3 | 5 ദശലക്ഷം പി. എൽ. വരെ ഉൽപ്പാദനശേഷിയുള്ള ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രം | 250.00 രൂപ | 250.00 രൂപ |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 5 ദശലക്ഷം പി. എൽ.-നു മുകളിൽ ഉൽപ്പാദന ശേഷിയുള്ള ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രം | 5 മില്യൺ പി. എൽ.-ന്റെ ഗുണിതങ്ങൾക്കും ബാക്കി പി. എൽ.-നും 350 രൂപ വച്ച് | 5 മില്യൺ പി. എൽ.-ന്റെ ഗുണിതങ്ങൾക്കും ബാക്കി പി. എൽ.-നും 350 രൂപ വച്ച് |
| 5 | 0.1 ഹെക്ടർ വരെ ജലവിസ്തൃതിയുള്ള അലങ്കാര മത്സ്യ വിത്തുൽപ്പാദന കേന്ദ്രം | 100.00 രൂപ | 100.00 രൂപ |
| 6 | 0.1 ഹെക്ടറിന് മുകളിൽ ജല വിസ്തൃതിയുള്ള അലങ്കാര മത്സ്യ വിത്തുൽപ്പാദന കേന്ദ്രം | 0.1 ഹെക്ടറിന്റെ ഗുണിതങ്ങൾക്കും ബാക്കി വരുന്ന സ്ഥലത്തിനും 100 രൂപ വച്ച് | 0.1 ഹെക്ടറിന്റെ ഗുണിതങ്ങൾക്കും ബാക്കി വരുന്ന സ്ഥലത്തിനും 100 രൂപ വച്ച് |

**4. *മത്സ്യ സംരക്ഷണ കേന്ദ്രത്തിൽ കയറാനോ താമസിക്കാനോ ഉള്ള ഫീസ്***

മത്സ്യ സംരക്ഷണ കേന്ദ്രത്തിൽ കയറാനോ താമസിക്കാനോ ഒരു ദിവസം 10 രൂപ വീതം നൽകണം.

കുറിപ്പ് :—സർക്കാർ വിജ്ഞാപനത്തിലൂടെ ഓരോ വർഷവും 10 ശതമാനത്തിൽ കൂടാതെയുള്ള ഒരു സംഖ്യയ്ക്ക് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

പട്ടിക II

ഫാറം നമ്പർ S1

[ചട്ടം 4 (V) കാണുക ]

**പിടിച്ചെടുത്ത മത്സ്യം/തോടുള്ള മത്സ്യം പൊതുലേലത്തിലൂടെ നീക്കം ചെയ്യുന്നതിനുള്ള സ്റ്റേറ്റ്മെന്റ്**

1. പിടിച്ചെടുത്ത മത്സ്യത്തിന്റെ ഉടമസ്ഥന്റെ പേരും മേൽവിലാസവും :
2. പിടിച്ചെടുത്ത യാനം/വാഹനത്തിന്റെ പേര് :
3. രജിസ്ട്രേഷൻ നമ്പരും തീയതിയും :

4. പിടിച്ചെടുത്ത സ്ഥലം, സമയം, തീയതി :

5. നിയമം ലംഘിച്ചതിന്റെ വിശദവിവരം :

6. പിടിച്ചെടുത്ത ഓരോ മത്സ്യങ്ങളുടെയും/ തോടുള്ള മത്സ്യങ്ങളുടെയും ഇവയുടെ ഇനം തിരിച്ചുള്ള പേര് :

7. പിടിച്ചെടുത്ത ഓരോ മത്സ്യങ്ങളുടെയും/ തോടുള്ള മത്സ്യങ്ങളുടെയും ഇവയുടെ ഇനം തിരിച്ചുള്ള തൂക്കം :

8. ലേലം ചെയ്ത ആളിന്റെ പേരും മേൽവിലാസവും :

9. ലേലത്തിന്റെ വിവരങ്ങൾ :

10. സാക്ഷികളുടെ പേര് : ഒപ്പ്

1.

2.

11. ഈടാക്കിയ തുക :

12. തുക ഒടുക്കിയതിന്റെ വിശദവിവരം :

സ്ഥലം : ( ഒപ്പ്)

തീയതി: *ഉദ്യോഗസ്ഥന്റെ പേരും തസ്തികയും*

# ഫാറം നമ്പർ RV 1

[ ചട്ടം 11 (1) കാണുക ]

## മത്സ്യബന്ധന യാനങ്ങളുടെയും സ്വതന്ത്ര വലകളുടെയും രജിസ്ട്രേഷനുള്ള അപേക്ഷ

1. ഉടമസ്ഥൻ/ഉടമസ്ഥരുടെ പേരും മേൽവിലാസവും മുഴുവനായി :
2. മത്സ്യബന്ധന യാനത്തിന്റെ പേര് :
3. മുൻപ് രജിസ്റ്റർ ചെയ്ത വിവരങ്ങൾ (ഉണ്ടെങ്കിൽ) :
4. മത്സ്യബന്ധന യാനങ്ങൾ സ്വന്തമാക്കിയത് എവിടെനിന്ന് എപ്പോൾ :
5. മത്സ്യബന്ധന യാനത്തിന്റെ വിവരങ്ങൾ
   - (1) നീളം :
   - (2) വീതി :
   - (3) താഴ്ച :
   - (4) എഞ്ചിന്റെ കുതിരശക്തിയും നിർമ്മിതിയും :
   - (5) യാനത്തിന്റെ തരം :
6. നിർമ്മിച്ച സ്ഥലം :
7. നിർമ്മിച്ച വർഷം :
8. സ്വന്തമാക്കിയത് എങ്ങനെ, എന്ന് :
9. പ്രവർത്തന മേഖല :
10. മത്സ്യത്തൊഴിലാളികളുടെ എണ്ണം :
11. പരിശീലനം നേടിയ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ, അവരുടെ യോഗ്യതയും :
12. യാനത്തിൽ സൂക്ഷിച്ചിട്ടുള്ള ജീവൻരക്ഷാ ഉപകരണങ്ങളുടെ വിശദവിവരം :
13. ഫീസ് ഒടുക്കിയതിന്റെ വിശദ വിവരവും ഒടുക്കിയ വിധവും :

സ്ഥലം :

തീയതി :

*ഉടമസ്ഥൻ/ഉടമസ്ഥരുടെ ഒപ്പ്*

## ഫാറം നമ്പർ R F 1

[ചട്ടം 11 (1) കാണുക ]

### സ്ഥാവര വലകളുടെ രജിസ്ട്രേഷനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും മേൽവിലാസവും ഫോൺ നമ്പരും :
2. അച്ഛന്റെ/ഭർത്താവിന്റെ/അമ്മയുടെ പേര് :
3. മത്സ്യബന്ധന വലയുടെ തരം :
4. റീസർവ്വേ നമ്പർ :
5. വില്ലേജും താലൂക്കും :
6. സ്ഥലം :
7. വിവരണം :
8. ഫീസ് ഒടുക്കിയതിന്റെ വിശദ വിവരങ്ങൾ :

സ്ഥലം :

തീയതി :

*അപേക്ഷകന്റെ ഒപ്പ്/ വിരലടയാളം*

---

### അന്വേഷണ റിപ്പോർട്ട്

സ്ഥലം :

തീയതി :

*അന്വേഷണ ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

## ഫാറം നമ്പർ RV2

[ ചട്ടം 11 (2) കാണുക ]

### മത്സ്യബന്ധന യാനങ്ങളുടെയും സ്വതന്ത്ര വലകളുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

1. സർട്ടിഫിക്കറ്റ് നമ്പർ :
2. ഉടമസ്ഥന്റെ പേരും മേൽവിലാസവും :
3. മത്സ്യബന്ധന യാനത്തിന്റെ പേര് :
4. മത്സ്യബന്ധന യാനം സ്വന്തമാക്കിയതു എവിടെനിന്ന്, എന്ന് :
5. മത്സ്യബന്ധന യാനത്തിന്റെ വിവരങ്ങൾ :
   (a) നീളം :
   (b) വീതി :
   (c) ആഴം (താഴ്ച) :
   (d) എഞ്ചിന്റെ കുതിരശക്തിയും നിർമ്മിതിയും :
   (e) യാനത്തിന്റെ തരം :
6. നിർമ്മിച്ച സ്ഥലം :
7. നിർമ്മിച്ച വർഷം :
8. പ്രവർത്തന മേഖല :
9. മത്സ്യത്തൊഴിലാളികളുടെ എണ്ണം :
10. പരിശീലനം നേടിയ തൊഴിലാളികളുടെ വിവരങ്ങളും അവരുടെ യോഗ്യതയും :
11. യാനത്തിൽ സൂക്ഷിച്ചിട്ടുള്ള ജീവൻരക്ഷാ ഉപകരണങ്ങളുടെ വിശദവിവരങ്ങൾ :

സ്ഥലം :
തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

(സീൽ)

# ഫാറം നമ്പർ R F2

[ചട്ടം 11 (2) കാണുക]

## സ്ഥാവര വലയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

1. ചീനവല/ഊന്നിവലയുടെ സർട്ടിഫിക്കറ്റ് നമ്പർ :
2. ഉടമസ്ഥന്റെ പേരും മേൽവിലാസവും :
3. സ്ഥാവര വലയുടെ തരം, ചീനവലകൾ/ ഊന്നിവലകൾ :
4. വില്ലേജും താലൂക്കും :
5. സ്ഥലം :
6. വിവരണം :

സ്ഥലം :

തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ*
*ഒപ്പും പേരും തസ്തികയും*

(സീൽ)

ഫാറം നമ്പർ RV3

[ചട്ടം 11 (2) കാണുക]

## മത്സ്യബന്ധന യാനങ്ങളുടെയും സ്വതന്ത്രവലകളുടെയും രജിസ്ട്രേഷൻ നൽകുന്നതിനുള്ള രജിസ്റ്റർ

മത്സ്യബന്ധനയാനത്തെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | മത്സ്യബന്ധന യാനത്തിന്റെ പേര് | നീളം/വീതി/താഴ്ച | എഞ്ചിന്റെ കുതിര ശക്തിയും നിർമ്മിതിയും | യാനത്തിന്റെ തരം | നിർമ്മിച്ച വർഷം | പ്രവർത്തന മേഖല | സ്വന്തമാക്കിയത് എങ്ങനെ, എപ്പോൾ | ഹൾസ് ടെസ്റ്റിനെ സംബന്ധിച്ച വിവരങ്ങൾ | സർട്ടിഫിക്കറ്റിന്റെ നമ്പരും തീയതിയും | അഭിപ്രായം | ഉടമസ്ഥന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |

ഫാറം നമ്പർ RF 3

[ചട്ടം 11 (2) കാണുക]

## സ്ഥാവര വലയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ

| ക്രമനമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | ദൃഢമായി ഉറപ്പിച്ച വലയുടെ തരം | താലൂക്ക് | വില്ലേജ് | സ്ഥലം | വിവരണം | ഫീസ് ഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ | സർട്ടിഫിക്കറ്റിന്റെ നമ്പരും തീയതിയും | അഭിപ്രായം | ഉടമസ്ഥന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |

# ഫാറം നമ്പർ AR 1
[ചട്ടം 12 (1) കാണുക]

## ജലകൃഷിക്ക് ഉപയോഗിക്കുന്ന സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാഫാറം

1. അപേക്ഷകന്റെ പേരും വിലാസവും (ഫോൺ നമ്പർ സഹിതം) :
2. SC/ST ആണോ? :
3. ഏജൻസിയുടെ പേര് :
4. ജലകൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ പേരും സർവ്വേ നമ്പരും
   - വിസ്തീർണ്ണം :
   - വില്ലേജ് :
   - പഞ്ചായത്ത് :
   - താലൂക്ക് :
   - ജില്ല :

   (വില്ലേജ് ഓഫീസർ മുഖേന ലഭിക്കുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റ് അപേക്ഷയുടെ കൂടെ ഉള്ളടക്കം ചെയ്യേണ്ടതാണ്)
5. ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള വിവരങ്ങൾ (സ്ഥലം പാട്ടത്തിന് കൊടുത്തിട്ടുണ്ടെങ്കിൽ പാട്ടം ഉടമയുമായി വച്ച ഉടമ്പടി ഉള്ളടക്കം ചെയ്യേണ്ടതാണ്) :
6. മത്സ്യകൃഷിയിൽ പരിശീലനം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ :
7. ജലകൃഷി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ആഴം :
8. ജലാശയത്തിന്റെ ഉറവിടം :
9. ജലത്തിന്റെ ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ :
10. വളർത്താനുദ്ദേശിക്കുന്ന മത്സ്യത്തിന്റെ പേര്, ഇനം, കൃഷിയുടെ തരം മുതലായവ :
11. മത്സ്യം കുളത്തിൽ നിക്ഷേപിച്ചതു സംബന്ധിച്ചുള്ള വിവരങ്ങൾ :

സ്ഥലം :

തീയതി : *അപേക്ഷകന്റെ ഒപ്പ്/വിരലടയാളം.*

## ഫാറം നമ്പർ RPF 1

[ചട്ടം 12 (1) കാണുക]

### ചെമ്മീൻകെട്ട് പാടം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും മേൽവിലാസവും :
2. അച്ഛന്റെയോ/ഭർത്താവിന്റെയോ/അമ്മയുടെയോ പേര് :
3. വിസ്തീർണ്ണം :
4. സർവ്വേ നമ്പരും വില്ലേജും :
5. ജലാശയത്തിന്റെ വിശദവിവരം :
6. ഉടമസ്ഥന്റെ വിശദവിവരം :
7. ചെമ്മീൻ പിടിക്കുന്നതിന് അയൽവാസികളുടെ പരാതികൾ ലഭിച്ചിട്ടുണ്ടോ? :
8. ഫീസ് ഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ :

സ്ഥലം :

തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം.*

---

### അന്വേഷണ റിപ്പോർട്ട്

സ്ഥലം :

തീയതി :

*അന്വേഷണ ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും.*

# ഫാറം നമ്പർ AR 2

[ചട്ടം 12 (4) കാണുക]

## അക്വാകൾച്ചറിനുള്ള സ്ഥലത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

1. സർട്ടിഫിക്കറ്റ് നമ്പർ :
2. അപേക്ഷകന്റെ പേരും മേൽവിലാസവും :
3. സർവ്വേ നമ്പർ :
4. സ്ഥലം :
5. വിസ്തീർണ്ണം :
6. വില്ലേജ് :
7. പഞ്ചായത്ത് :
8. താലൂക്ക് :
9. ബ്ലോക്ക് :
10. ശേഖരിച്ച മത്സ്യങ്ങളുടെ ഇനം :

സ്ഥലം :

തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും.*

(സീൽ)

## ഫാറം നമ്പർ RPF 2

[ചട്ടം 12 (4) കാണുക]

### ചെമ്മീൻകെട്ട് പാടത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

1. സർട്ടിഫിക്കറ്റ് നമ്പർ :
2. ഉടമസ്ഥന്റെ പേരും മേൽവിലാസവും :
3. വിസ്തീർണ്ണം :
4. സർവ്വേ നമ്പരും വില്ലേജും :
5. ജലാശയത്തിന്റെ വിശദവിവരം :
6. ഉടമസ്ഥന്റെ വിശദവിവരം :
7. ഫീസ് ഒടുക്കിയതിന്റെ വിശദവിവരം :

സ്ഥലം :

തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ*
*ഒപ്പും പേരും തസ്തികയും.*

(സീൽ)

850/2017.

## ഫാറം നമ്പർ AR 3

[ചട്ടം 12 (4) കാണുക]

### അക്വാകൾച്ചറിനുള്ള സ്ഥലത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ

| ക്രമനമ്പർ | അപേക്ഷകന്റെ പേരും വിലാസവും | SC/ST-യിൽ ഉൾപ്പെടുന്നുണ്ടോ? | വിസ്തീർണ്ണം | സർവ്വേ നമ്പർ | വില്ലേജ്/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് | ഉടമസ്ഥതാ വിവരം | വളർത്താനുദ്ദേശിക്കുന്ന മത്സ്യത്തിന്റെ ഇനം | ഫീസ് അടച്ചതിന്റെ വിശദവിവരം | സർട്ടിഫിക്കറ്റിന്റെ നമ്പരും തീയതിയും | അഭിപ്രായം | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |

# ഫാറം നമ്പർ RPF 3

[ചട്ടം 12 (4) കാണുക]

## ചെമ്മീൻകെട്ട് പാടത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ

| ക്രമനമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | വിസ്തീർണ്ണം | സർവ്വേ നമ്പർ | വില്ലേജ്/പഞ്ചായത്ത് | പാടത്തിന്റെ വിശദ വിവരം | ഉടമസ്ഥതയുടെ വിശദവിവരം | ഫീസ് അടച്ചതിന്റെ വിശദവിവരം | സർട്ടിഫിക്കറ്റിന്റെ നമ്പരും തീയതിയും | അഭിപ്രായം | ഉടമസ്ഥന്റെ ഒപ്പ് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |

# ഫാറം നമ്പർ HR 1

[ചട്ടം 13 (1) കാണുക]

## മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങളുടെ (മത്സ്യഹാച്ചറി) രജിസ്ട്രേഷനുള്ള അപേക്ഷ

1. ഹാച്ചറിയുടെ പേരും വിലാസവും :

    ഫോൺ നമ്പർ :

    ഫാക്സ് :

    ഇ-മെയിൽ :

2. ഉടമസ്ഥാവകാശം :

    സർക്കാർ വക/സൊസൈറ്റി വക/
    വ്യക്തികളുടെ വക/സ്വകാര്യ കമ്പനി/
    വൻകിട കമ്പനി

3. സ്ഥാപിച്ച വർഷം :

4. ഹാച്ചറി സ്ഥിതി ചെയ്യുന്ന സ്ഥലവിവരം

    വില്ലേജ് :

    പഞ്ചായത്ത് :

    താലൂക്ക് :

    അടുത്ത പോലീസ് സ്റ്റേഷൻ :

    അടുത്ത റെയിൽവേ സ്റ്റേഷൻ :

    അടുത്ത ജില്ലയും സംസ്ഥാനവും :

5. ഫാമിന്റെ വിശദവിവരം

    a. ആകെ വിസ്തൃതി (ഹെക്ടർ) :

    b. ജലാശയത്തിന്റെ വിസ്തൃതി (ഹെക്ടർ) :

    c. സർവ്വേ നമ്പർ :

    d. ഭൂമി (ഹെക്ടർ) (സ്വന്തം/പാട്ടത്തിന്/മറ്റുള്ളവ വ്യക്തമാക്കുക) :

    c. വളർത്തുന്ന സ്ഥലം :

        (i) ബ്രൂഡ് മത്സ്യകുളങ്ങൾ (എണ്ണം/ഏരിയ) :

        (ii) നഴ്സറി കുളങ്ങൾ (എണ്ണം/ഏരിയ) :

f. ഹാച്ചറി വിശദാംശങ്ങൾ

(i) എണ്ണം/പാറ്റൽ കുളത്തിന്റെ വലിപ്പം (ച. മീ.) :

(ii) എണ്ണം/ഇൻകുബേഷൻ കുളത്തിന്റെ വലിപ്പം (ഘന മീ.) :

(iii) കഴിഞ്ഞ 5 വർഷമായി പരിപാലിച്ചുപോരുന്ന പൊരുന്നു (ബ്രൂഡ്) മത്സ്യങ്ങൾ

| ക്രമ നമ്പർ | വർഷം | ലിംഗം | എണ്ണം | ശരാശരി തൂക്കം | സ്രോതസ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |

g. ഹാച്ചറിയോ/ഫാമോ വെള്ളപ്പൊക്ക സാദ്ധ്യതയുള്ള പ്രദേശത്താണോ സ്ഥിതിചെയ്യുന്നത് :

ആണെങ്കിൽ ഏറ്റവും അവസാനം വെള്ളപ്പൊക്കമുണ്ടായ വർഷം :

6. ഹാച്ചറിയുടെ ശേഷി :

7. ജലസ്രോതസ് (കുഴൽക്കിണർ/റിസർവോയറുകൾ/ജലസേചനക്കനാൽ/തുറന്ന കിണർ) :

8. ഊർജ്ജ സ്രോതസ് (കറന്റ്/ഡീസൽ/മറ്റുള്ളവ) :

9. പൊരുന്നു (ബ്രൂഡ്) മത്സ്യങ്ങളുടെ പൂർവ്വ ചരിത്രം :

a. ബ്രൂഡ് മത്സ്യങ്ങളെ ആദ്യം ലഭിച്ച ഉറവിടം :

(i) സ്രോതസ് (പുഴ/തുറന്ന ജലാശയം, പ്രകൃതിയിൽ നിന്നും ശേഖരിച്ചത്/ഹാച്ചറി/മത്സ്യ കൃഷി ഫാം) :

(ii) ശേഖരിച്ച വർഷവും സ്ഥലവും :

(iii) ഏത് വലിപ്പത്തിലും എണ്ണത്തിലും ഉള്ളതായിരുന്നു :

ഈ സ്ഥലം ഏതെങ്കിലും മലിനീകരണ പ്രശ്നങ്ങളുള്ള പ്രദേശമാണോ? ആണെങ്കിൽ അതിന്റെ വിശദവിവരങ്ങൾ :

11. ഉടമ/ഹാച്ചറി മാനേജരുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും :

തീയതി :

*അപേക്ഷകന്റെ ഒപ്പ്.*

**ശുപാർശ**

*(എന്റെ അറിവിൽ മേൽപ്പറഞ്ഞ വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.)*

ഒപ്പ് :

തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഓഫീസറുടെ തസ്തികയും ഔദ്യോഗിക സീലും*

<u>ഉള്ളടക്കം ചെയ്യേണ്ട രേഖകൾ :</u>

1. വില്ലേജ് ഓഫീസർ നൽകുന്ന ലൊക്കേഷൻ പ്ലാൻ.
2. ഹാച്ചറിയുടെയും പാറ്റൽ മത്സ്യങ്ങളുടെ സൗകര്യങ്ങളെയും സംബന്ധിച്ച വികസന പരിപാടിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയിരിക്കുന്ന അനുമതി.
3. പരിശോധനയ്ക്ക് വയ്ക്കുന്ന ഹാച്ചറിയുടെയോ മത്സ്യപ്രജനന സൗകര്യത്തിന്റെയോ പരിസ്ഥിതി പ്രത്യാഘാത റിപ്പോർട്ടും ലാഭനഷ്ടക്കണക്കുകളും, സാമ്പത്തിക കണക്കുകളും സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട്.
4. ഉടമസ്ഥൻ/മാനേജർ/അപേക്ഷകന്റെ തിരിച്ചറിയൽ രേഖകൾ.
5. ഭൂമി ഉടമസ്ഥാവകാശ രേഖകൾ.
6. ഉടമസ്ഥന്റെയോ, ഹാച്ചറിയുടെ പാട്ടത്തിന്റെ രേഖകൾ (കുറഞ്ഞത് 5 വർഷത്തെ).
7. വാണിജ്യ രജിസ്ട്രേഷന്റെ പകർപ്പ്, ഉണ്ടെങ്കിൽ.
8. വരുമാന നികുതി അടച്ചതിന്റെ സർട്ടിഫിക്കറ്റ്.
9. ലേബർ ഓഫീസിലെ രജിസ്ട്രേഷൻ.
10. സാമ്പത്തിക കാര്യത്തിന്റെ തെളിവ്, ധനകാര്യ സ്ഥാപനങ്ങളുമായി ഇടപെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ.
11. വെള്ളത്തിനായി പാടം പുറംസ്രോതസ്സുകളെ ആശ്രയിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള അനുവാദം.
12. ഡിമാന്റ് ഡ്രാഫ്റ്റ്/ചെക്ക് (ഫീസ്).

## ഫാറം നമ്പർ HR 2

[ചട്ടം 13 (3) കാണുക]

### മത്സ്യ വിത്തുൽപ്പാദനകേന്ദ്രം (മത്സ്യഹാച്ചറി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

1. സർട്ടിഫിക്കറ്റ് നമ്പർ :
2. ഹാച്ചറിയുടെ പേരും അഡ്രസ്സും :
    - ഫോൺ നമ്പർ :
    - ഫാക്സ് :
    - ഇ–മെയിൽ :
3. അപേക്ഷകന്റെ പേരും അഡ്രസ്സും :
4. ഉടമസ്ഥത :
5. സർവ്വേ നമ്പർ/വില്ലേജ്/പഞ്ചായത്ത് :
6. (a) ആകെ വിസ്തീർണ്ണം (ഹെക്ടർ) :
    (b) ജലാശയത്തിന്റെ വിസ്തൃതി (ഹെക്ടർ) :
7. (a) ബ്രൂഡ് മത്സ്യകുളങ്ങൾ (എണ്ണം/വിസ്തീർണ്ണം) :
    (b) നഴ്സറി കുളങ്ങൾ (എണ്ണം/വിസ്തീർണ്ണം) :
    (c) എണ്ണം/പാറ്റൽ കുളത്തിന്റെ വലിപ്പം (ച.മീ.) :
    (d) എണ്ണം/ഇൻകുബേഷൻ കുളത്തിന്റെ വലിപ്പം(ച.മീ.) :
8. ഹാച്ചറിയുടെ ശേഷി :
9. ജലസ്രോതസ്സ് :
10. ഏത് തരം മത്സ്യത്തെയാണ് ഹാച്ചറിയിൽ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് :

സ്ഥലം :

തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ*

*ഒപ്പും പേരും തസ്തികയും*

## ഫാറം നമ്പർ-HR 3

[ചട്ടം 13 (3) കാണുക]

**മത്സ്യഹാച്ചറിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ**

| ക്രമനമ്പർ | ഹാച്ചറിയുടെ പേരും വിലാസവും | അപേക്ഷകന്റെ പേരും വിലാസവും | ഉടമസ്ഥതയുടെ വിവരങ്ങൾ | ആകെ സ്ഥലവിസ്തൃതി (ഹെക്ടർ) | ആകെ ജലാശയത്തിന്റെ വിസ്തൃതി (ഹെക്ടർ) | പൊരുന്നു മത്സ്യക്കുളങ്ങളുടെ എണ്ണം/വിസ്തൃതി | നഴ്സറി കുളങ്ങളുടെ എണ്ണം/വിസ്തൃതി | പാറ്റൽ കുളങ്ങളുടെ എണ്ണം/വിസ്തൃതി (ച.മീ.) | ഇൻകുബേഷൻ കുളത്തിന്റെ എണ്ണം/വിസ്തൃതി (ച.മീ.) | ഹാച്ചറിയുടെ കാര്യക്ഷമത | ഉത്പാദിപ്പിക്കേണ്ട മത്സ്യങ്ങളുടെ ഇനത്തിന്റെ പേര് | തീയതിയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ നമ്പരും | ഫീസ് അടച്ചതിന്റെ വിശദവിവരം | അഭിപ്രായം | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| | | | | | | | | | | | | | | | | |

# ഫാറം നമ്പർ RL 1

[ചട്ടം 14 (1) കാണുക]

## മത്സ്യബന്ധന ലൈസൻസിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും വിലാസവും :
2. അച്ഛന്റെയോ/ഭർത്താവിന്റെയോ/ അമ്മയുടെയോ പേര് :
3. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ രജിസ്ട്രേഷൻ നമ്പർ :
4. താൽക്കാലിക മേൽവിലാസം ഉണ്ടെങ്കിൽ :
5. മത്സ്യഗ്രാമത്തിന്റെ പേര് :
6. സ്ഥിര മേൽവിലാസം :
7. ജനനതീയതി :
8. പ്രധാന വരുമാനമാർഗ്ഗം :
9. പ്രധാന തൊഴിൽ :
10. വർഷത്തിൽ എത്ര ദിവസം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നു :
11. പഴയ മത്സ്യബന്ധന അനുമതിയുടെ നമ്പർ ഉണ്ടെങ്കിൽ :
12. ലൈസൻസ് ലഭിക്കുന്നതിനുള്ള ഉൾനാടൻ ജലാശയത്തിന്റെ പേര് :
13. ഫീസ് ഒടുക്കിയതിനെ സംബന്ധിച്ച തുകയുടെ തീയതിയും രീതിയും :

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പ്/വിരലടയാളം

---

*(ഓഫീസ് ഉപയോഗത്തിന് മാത്രം)*

അന്വേഷണ റിപ്പോർട്ട് :

സ്ഥലം :

തീയതി :

*ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

മത്സ്യബന്ധന ലൈസൻസ് നമ്പർ
(നിരസിക്കുന്നെങ്കിൽ കാര്യം വ്യക്തമാക്കുക)

സ്ഥലം :

തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

# ഫാറം നമ്പർ RL 2

[ചട്ടം 14 (2) കാണുക]

## ഉൾനാടൻ മത്സ്യബന്ധനത്തിന്റെ ലൈസൻസ് സർട്ടിഫിക്കറ്റ്

ഉൾനാടൻ മത്സ്യബന്ധന ലൈസൻസ് നമ്പർ :

......................................മത്സ്യഗ്രാമത്തിൽ താമസിക്കുന്ന..................................ന്റെ മകൻ/ഭാര്യ/മകൾ ആയ..................................ന് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി..........................................ജലാശയത്തിൽ മത്സ്യബന്ധനം.....................തീയതി മുതൽ.................തീയതി വരെ നടത്തുവാൻ അനുവാദം നൽകുന്നു.

മുകളിൽ പ്രസ്താവിച്ച നിയമം ലംഘിച്ചതിനാൽ ശിക്ഷിക്കപ്പെടുകയോ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുകയാണെങ്കിൽ മത്സ്യബന്ധനാനുമതി റദ്ദ് ചെയ്യപ്പെടാവുന്നതാണ്.

സ്ഥലം :
കൊടുത്ത തീയതി:

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ*
*ഒപ്പും പേരും തസ്തികയും*

(സീൽ)

## ഫാറം നമ്പർ RL 3

[ചട്ടം 14 (2) കാണുക]

**ഉൾനാടൻ മത്സ്യബന്ധനത്തിന് ലൈസൻസ് നൽകുന്നതിനുള്ള രജിസ്റ്റർ**

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | KFWFB-യുടെ രജിസ്ട്രേഷൻ നമ്പർ | മത്സ്യഗ്രാമത്തിന്റെ പേര് | പഴയ മത്സ്യബന്ധന ലൈസൻസ് നമ്പർ ഉണ്ടെങ്കിൽ | വർഷത്തിൽ എത്ര ദിവസം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നു | ഫീസ് ഒടുക്കിയതിന്റെ വിശദവിവരം | ലൈസൻസ് ലഭിച്ചിട്ടുള്ള ഉൾനാടൻ ജലാശയത്തിന്റെ പേര് | ലൈസൻസിന്റെ നമ്പരും തീയതിയും കാലയളവും | അഭിപ്രായം | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |

# ഫാറം നമ്പർ FL 1

[ചട്ടം 16 (1) കാണുക]

## സ്ഥാവര വലയുടെ ലൈസൻസിനായുള്ള അപേക്ഷ

അപേക്ഷകന്റെ പേര് :

അച്ഛന്റെ/ഭർത്താവിന്റെ/അമ്മയുടെ പേര് :

സ്ഥിരമായ മേൽവിലാസം :

രജിസ്ട്രേഷൻ നമ്പർ :

റീസർവ്വേ നമ്പരും റവന്യൂ വില്ലേജും :

സ്ഥലം :

വിവരണം :

പഴയ ലൈസൻസ് നമ്പർ ഉണ്ടെങ്കിൽ :

ഫീസ് ഒടുക്കിയ തുകയും രീതിയും തീയതിയും :

സ്ഥലം :

തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം*

---

*(ഓഫീസ് ഉപയോഗത്തിന് മാത്രം)*

അന്വേഷണ റിപ്പോർട്ട് :

സ്ഥലം :

തീയതി :

*ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

സ്ഥാവര വലയുടെ ലൈസൻസ് നമ്പർ
(നിരസിക്കുകയാണെങ്കിൽ കാര്യം വ്യക്തമാക്കുക)

സ്ഥലം :

തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

# ഫാറം നമ്പർ FL 2

[ചട്ടം 16 (2) കാണുക]

## സ്ഥാവര വലയുടെ ലൈസൻസ് സർട്ടിഫിക്കറ്റ്

സ്ഥാവര വലയുടെ ലൈസൻസ് നമ്പർ:

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും അനുസൃതമായി........................ രജിസ്ട്രേഷൻ നമ്പരിലുള്ള പാടം/ജലാശയത്തിൽ................തീയതി മുതൽ...................... തീയതി വരെ................................റവന്യൂ വില്ലേജിൽ......................................... റീസർവ്വേ നമ്പരിൽ........................................................ സ്ഥലത്ത് .............................വീട്ടിൽ താമസം ................................................................ മകൻ/ഭാര്യ/മകൾ ആയ ................................................................ആൾക്ക് സ്ഥാവര വല (ഏത് തരമാണെന്ന് വ്യക്തമാക്കുക) പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നു.

ഈ അനുമതി 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിന്റെയും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി നൽകപ്പെടുന്നതാണ്. പ്ലാനിലോ, ചീപ്പുചാലിലോ, ആഴത്തിലോ മാറ്റം വരുത്തുന്നത് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതിയോടെ മാത്രമേ പാടുള്ളു.

ആക്റ്റിന്റെയും ചട്ടങ്ങളിലെയും നിബന്ധനകൾക്കനുസൃതമായി ലൈസൻസിന് ബാധകമായ ഒരു വ്യവസ്ഥ അനുസരിക്കുന്നതിന് പരാജയപ്പെടുകയാണെങ്കിലോ ഒരു കുറ്റകൃത്യത്തിന് അയാൾ ശിക്ഷിക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽ ലൈസൻസ് റദ്ദ് ചെയ്യപ്പെടാവുന്നതാണ്.

സ്ഥലം :

കൊടുത്ത തീയതി:

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ*
*ഒപ്പും പേരും തസ്തികയും*

(സീൽ)

# ഫാറം നമ്പർ FL 3

[ചട്ടം 16 (2) കാണുക]

## സ്ഥാവര വലയുടെ ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ഏത് തരം ഉറപ്പിച്ച മത്സ്യബന്ധന വലയാണ് ഉപയോഗിക്കുന്നത് | താലൂക്ക് | വില്ലേജ് | സ്ഥലം | ഉടമസ്ഥതയുടെ വിവരങ്ങൾ | ഫീസ് ഒടുക്കിയതിന്റെ വിശദവിവരം | രജിസ്ട്രേഷൻ നമ്പരും തീയതിയും | ലൈസൻസ് നമ്പരും തീയതിയും/ കാലയളവും | അഭിപ്രായം | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |

## ഫാറം നമ്പർ LPF 1

[ചട്ടം 16 (1) കാണുക]

**ചെമ്മീൻ കെട്ട് പാടത്തിന്റെ ലൈസൻസിനുള്ള അപേക്ഷ**

| | | |
|---|---|---|
| അപേക്ഷകന്റെ പേര് | : | |
| അച്ഛന്റെ/ഭർത്താവിന്റെ/ അമ്മയുടെ പേര് | : | |
| സ്ഥിരമായ മേൽവിലാസം | : | |
| റീസർവ്വേ നമ്പരും റവന്യൂ വില്ലേജും | : | |
| രജിസ്ട്രേഷൻ നമ്പരും തീയതിയും | : | |
| വിസ്തീർണ്ണം | : | |
| പാടത്തിന്റെ വിശദവിവരം | : | |
| പഴയ ലൈസൻസ് നമ്പർ ഉണ്ടെങ്കിൽ | : | |
| ഭൂമി ഉടമസ്ഥതയുടെ സ്വഭാവം | : | |
| ഫീസ് ഒടുക്കിയ തുകയും തീയതിയും രീതിയും | : | |

സ്ഥലം :

തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം*

---

*(ഓഫീസ് ഉപയോഗത്തിന് മാത്രം)*

അന്വേഷണ റിപ്പോർട്ട് :

സ്ഥലം :

തീയതി :

*ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

ചെമ്മീൻകെട്ട് പാടത്തിന്റെ ലൈസൻസ് നമ്പർ:

(നിരസിക്കുന്നെങ്കിൽ കാര്യം വ്യക്തമാക്കുക)

സ്ഥലം :

തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

# ഫാറം നമ്പർ LPF 2

[ചട്ടം 16 (2) കാണുക]

## ചെമ്മീൻ കെട്ട് പാടത്തിന്റെ ലൈസൻസ് സർട്ടിഫിക്കറ്റ്

ചെമ്മീൻ കെട്ട് പാടത്തിന്റെ ലൈസൻസ് നമ്പർ:

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും അനുസൃതമായി...................... രജിസ്ട്രേഷൻ നമ്പരിലുള്ള പാടം/ജലാശയത്തിൽ...............വിസ്തൃതിയിൽ...........തീയതി മുതൽ............................ തീയതി വരെ........................റവന്യു വില്ലേജിൽ .........റീസർവ്വേ നമ്പരിൽ................................. സ്ഥലത്ത് ....................................വീട്ടിൽ താമസം ............................................................ മകൻ/ഭാര്യ/മകൾ ആയ .............................. ആൾക്ക് അരിപ്പ് പാടത്തിൽ കൃഷി നടത്തുന്നതിനുള്ള അനുമതി നൽകുന്നു.

ഈ അനുമതി 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിന്റെയും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി നൽകപ്പെടുന്നതാണ്. പ്ലാനിലോ, ചീപ്പുചാലിലോ, ആഴത്തിലോ മാറ്റം വരുത്തുന്നത് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതിയോടെ മാത്രമേ പാടുള്ളൂ.

മുകളിൽ പ്രസ്താവിച്ച നിയമമോ ചട്ടങ്ങളോ ലംഘിച്ചതിനാൽ ശിക്ഷിക്കപ്പെടുകയോ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുകയാണെങ്കിൽ ചെമ്മീൻ കെട്ട് പാടത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യപ്പെടാവുന്നതാണ്.

സ്ഥലം :
കൊടുത്ത തീയതി:

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ*
*ഒപ്പും പേരും തസ്തികയും*

(സീൽ)

## ഫാറം നമ്പർ LPF 3

[ചട്ടം 16 (2) കാണുക]

**ചെമ്മീൻകെട്ട് പാടത്തിന് ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ**

| ക്രമനമ്പർ | അപേക്ഷകന്റെ പേരും വിലാസവും | വിസ്തൃതി | സർവ്വേ നമ്പർ | വില്ലേജ് | പാടത്തിന്റെ വിശദ വിവരം | ഉടമസ്ഥതയുടെ വിവരങ്ങൾ | ഫീസ് ഒടുക്കിയതിന്റെ വിശദവിവരം | രജിസ്ട്രേഷൻ നമ്പരും തീയതിയും | ലൈസൻസ് നമ്പരും തീയതിയും/കാലയളവും | അഭിപ്രായം | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |

# ഫാറം നമ്പർ AL1

[ചട്ടം 18 (1) കാണുക]

## അക്വാകൾച്ചർ ലൈസൻസിനായുള്ള അപേക്ഷ

| | | |
|---|---|---|
| അപേക്ഷകന്റെ പേര് | : | |
| അച്ഛന്റെ/ഭർത്താവിന്റെ/അമ്മയുടെ പേര് | : | |
| സ്ഥിരമായ മേൽവിലാസം | : | |
| രജിസ്ട്രേഷൻ നമ്പർ | : | |
| റീ സർവ്വേ നമ്പരും റവന്യൂ വില്ലേജും | : | |
| വിസ്തൃതി | : | |
| പാടത്തിന്റെ വിശദവിവരം | : | |
| പഴയ ലൈസൻസ് നമ്പർ, ഉണ്ടെങ്കിൽ | : | |
| ഭൂമി ഉടമസ്ഥതയുടെ സ്വഭാവം | : | |
| വളർത്താനുദ്ദേശിക്കുന്ന മത്സ്യത്തിന്റെ ഇനം | : | |
| ഫീസ് ഒടുക്കിയ തുകയും, തീയതിയും, രീതിയും | : | |

സ്ഥലം :

തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം*

---

*(ആഫീസ് ഉപയോഗത്തിന് മാത്രം)*

**അന്വേഷണ റിപ്പോർട്ട് :**

സ്ഥലം :

തീയതി :

*ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

അക്വാകൾച്ചർ ലൈസൻസ് നമ്പർ :

(നിരസിക്കുകയാണെങ്കിൽ കാരണം വ്യക്തമാക്കുക)

സ്ഥലം :

തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

850/2017.

# ഫാറം നമ്പർ AL 2

[ചട്ടം 18 (2) കാണുക]

## അക്വാകൾച്ചർ ലൈസൻസ് സർട്ടിഫിക്കറ്റ്

അക്വാകൾച്ചർ ലൈസൻസ് നമ്പർ:

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും അനുസൃതമായി ....................................വിസ്തൃതിയും ........................................രജിസ്ട്രേഷൻ നമ്പരുമുള്ള പാടം/കൂട്/പലകതട്ട്/കുളം/മറ്റേതെങ്കിലും ജലാശയത്തിൽ (ഏത് തരമെന്ന് വ്യക്തമാക്കുക)..................തീയതി മുതൽ.........................തീയതി വരെ.......................... ...................................റവന്യൂ വില്ലേജിൽ....................റീസർവ്വേ നമ്പരിൽ ............................ സ്ഥലത്ത്.........................................................................................വീട്ടിൽ താമസം.....................................................................മകൻ/ഭാര്യ/മകൾ ആയ.........................................ആൾക്ക് ഭക്ഷണത്തിനായോ/അലങ്കാര മത്സ്യകൃഷി സംബന്ധമായോ താഴെപ്പറയുന്ന ഇനത്തിലുള്ള മത്സ്യങ്ങളെ വളർത്തുന്നതിനുള്ള അനുമതി നൽകുന്നു. ജലാശയത്തിന്റെ പ്ലാനിലോ ചിറ്റു ചാലിലോ, ആഴത്തിലോ മാറ്റം വരുത്തുന്നത് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതിയോടെ മാത്രമേ പാടുള്ളൂ. മുകളിൽ പ്രസ്താവിച്ച നിയമം ലംഘിച്ചതിനാൽ ശിക്ഷിക്കപ്പെടുകയോ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുകയാണെങ്കിൽ അക്വാകൾച്ചർ ലൈസൻസ് റദ്ദ് ചെയ്യപ്പെടാവുന്നതാണ്.

<u>മത്സ്യങ്ങളുടെ ഇനം</u>

| | |
|---|---|
| 1. | 5. |
| 2. | 6. |
| 3. | 7. |
| 4. | 8. |

സ്ഥലം :

കൊടുത്ത തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

(സീൽ)

# ഫാറം നമ്പർ AL3

[ചട്ടം 18 (2) കാണുക]

**അക്വാകൾച്ചർ ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ**

| ക്രമനമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ഉടമസ്ഥതയുടെ വിവരം രജിസ്റ്റർ നമ്പരും തീയതിയും | വിസ്തൃതി | സർവ്വേ നമ്പർ | വില്ലേജ്/പഞ്ചായത്ത് | പഴയ ലൈസൻസ് നമ്പർ ഉണ്ടെങ്കിൽ | വളർത്താനുദ്ദേശിക്കുന്ന മത്സ്യത്തിന്റെ ഇനം | ഫീസ് ഒടുക്കിയതിന്റെ വിശദവിവരം | ലൈസൻസ് നമ്പരും തീയതിയും/കാലാവധിയും | അഭിപ്രായം | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |

# ഫാറം നമ്പർ HL1

[ചട്ടം 20 (1) കാണുക]

**മത്സ്യഹാച്ചറി ലൈസൻസിനായുള്ള അപേക്ഷ**

അപേക്ഷകന്റെ പേര് :

അച്ഛന്റെ/ഭർത്താവിന്റെ/അമ്മയുടെ പേര് :

സ്ഥിരമായ മേൽവിലാസം :

രജിസ്ട്രേഷൻ നമ്പർ :

റീ സർവ്വേ നമ്പരും റവന്യൂ വില്ലേജും :

വിസ്തീർണ്ണം :

ഹാച്ചറിയുടെ വിശദവിവരം :

പഴയ ലൈസൻസ് നമ്പർ, ഉണ്ടെങ്കിൽ :

വളർത്താനുദ്ദേശിക്കുന്ന മത്സ്യങ്ങളുടെ ഇനം :

ഒടുക്കിയ തുകയും, അടച്ച വിധവും
തീയതിയും :

സ്ഥലം :
തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം*

---

*(ആഫീസ് ഉപയോഗത്തിന് മാത്രം)*

**അന്വേഷണ റിപ്പോർട്ട് :**

സ്ഥലം :
തീയതി :

*ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

മത്സ്യഹാച്ചറി ലൈസൻസ് നമ്പർ :
(നിരസിക്കുന്നെങ്കിൽ കാരണം വ്യക്തമാക്കുക)

സ്ഥലം :
തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ
ഒപ്പും പേരും തസ്തികയും*

# ഫാറം നമ്പർ HL 2

[ചട്ടം 20 (2) കാണുക]

## മത്സ്യഹാച്ചറിയുടെ ലൈസൻസ് സർട്ടിഫിക്കറ്റ്

മത്സ്യഹാച്ചറിയുടെ ലൈസൻസ് നമ്പർ:

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും നിയമത്തിലെ വ്യവസ്ഥകൾക്കും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും അനുസൃതമായി ..............................വിസ്തീർണ്ണവും .................................. ഉൽപാദന ശേഷിയും..............................രജിസ്ട്രേഷൻ നമ്പരുമുള്ള ഹാച്ചറി...............തീയതി മുതൽ.......................തീയതി വരെ..............................................................റവന്യൂ വില്ലേജിൽ ................റീസർവ്വേ നമ്പരിൽ..........................സ്ഥലത്ത്.............................. ......................................വീട്ടിൽ താമസം.....................................................മകൻ/ഭാര്യ/മകൾ ആയ.......................................ആൾക്ക് ഭക്ഷണത്തിനായോ/അലങ്കാര മത്സ്യകൃഷി സംബന്ധമായോ താഴെപ്പറയുന്ന ഇനത്തിലുള്ള മത്സ്യങ്ങളെ വളർത്തുന്നതിനുള്ള അനുമതി നൽകുന്നു. ഹാച്ചറിയുടെ പ്ലാനിൽ ചീപ്പു ചാലിലോ, ആഴത്തിലോ മാറ്റം വരുത്തുന്നത് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതിയോടെ മാത്രമേ പാടുള്ളു. മുകളിൽ പ്രസ്താവിച്ച നിയമം ലംഘിച്ചതിനാൽ ശിക്ഷിക്കപ്പെടുകയോ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുകയാണെങ്കിൽ മത്സ്യഹാച്ചറിയുടെ ലൈസൻസ് റദ്ദ് ചെയ്യപ്പെടാവുന്നതാണ്.

<u>മത്സ്യങ്ങളുടെ ഇനം</u>

| | |
|---|---|
| 1. | 5. |
| 2. | 6. |
| 3. | 7. |
| 4. | 8. |

സ്ഥലം :

കൊടുത്ത തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ*
*ഒപ്പും പേരും തസ്തികയും*

(സീൽ)

## ഫാറം നമ്പർ HL 3

[ചട്ടം 20 (2) കാണുക]

### മത്സ്യഹാച്ചറിയുടെ ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രജിസ്റ്റർ

| ക്രമനമ്പർ | ഹാച്ചറിയുടെ പേരും വിലാസവും രജിസ്ട്രേഷൻ നമ്പരും തീയതിയും | അപേക്ഷകന്റെ പേരും വിലാസവും | ഉടമസ്ഥതയുടെ വിവരങ്ങൾ | ആകെ സ്ഥല വിസ്തൃതി (ഹെക്ടർ) | ആകെ ജലാശയത്തിന്റെ വിസ്തൃതി (ഹെക്ടർ) | സർവ്വേ നമ്പർ | വില്ലേജ്/പഞ്ചായത്ത് | പഴയ ലൈസൻസ് നമ്പർ ഉണ്ടെങ്കിൽ | മത്സ്യകൃഷി നടത്തേണ്ട മത്സ്യങ്ങളുടെ ഇനം | ഫീസ് അടച്ചതിന്റെ വിശദവിവരം | ലൈസൻസ് നമ്പരും തീയതിയും/കാലാവധിയും | അഭിപ്രായം | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| | | | | | | | | | | | | | | |

## ഫാറം നമ്പർ P1

[ചട്ടം 22 (1) കാണുക]

### മത്സ്യങ്ങൾ, കക്ക/കക്കയിറച്ചി അല്ലെങ്കിൽ രണ്ടും സ്ഥലംമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും വിലാസവും ഫോൺ നമ്പരും :
2. തൊഴിൽ :
3. മത്സ്യങ്ങൾ/കക്ക ശേഖരിക്കുന്ന വള്ളം/ബോട്ടിന്റെ പേരും രജിസ്ട്രേഷൻ നമ്പരും തീയതിയും :
4. ലൈസൻസ് തുക ഒടുക്കിയതിന്റെ വിശദവിവരം :
5. മത്സ്യങ്ങൾ/കക്ക ശേഖരിക്കുന്ന ജലാശയത്തിന്റെ പേര്, ശേഖരിക്കുന്ന അളവ് മുതലായവ :
6. മാറ്റം ചെയ്യപ്പെടേണ്ട സ്ഥലം :
7. എന്തിനുവേണ്ടി :
8. എന്തിനായുള്ള അനുമതി :
9. പഴയ പെർമിറ്റിന്റെ വിവരം ഉണ്ടെങ്കിൽ (സ്ഥാനമാറ്റ അനുവാദം ഉള്ളടക്കം ചെയ്യണം) :

സ്ഥലം :
തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം*

### അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്

സ്ഥലം :
തീയതി :

*അന്വേഷണ ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും (തീയതി സഹിതം)*

# ഫാറം നമ്പർ P2

[ചട്ടം 22 (3) കാണുക]

**മത്സ്യങ്ങളോ, കക്കകളോ/കക്കയിറച്ചിയോ രണ്ടും കൂടിയോ സ്ഥലംമാറ്റം ചെയ്യുന്നതിനുള്ള അനുമതി**

1. അപേക്ഷകന്റെ പേരും മേൽവിലാസവും ഫോൺ നമ്പരും :
2. തൊഴിൽ :
3. മത്സ്യങ്ങൾ/കക്കകൾ ശേഖരിക്കുന്ന വള്ളം/ബോട്ടിന്റെ രജിസ്ട്രേഷൻ നമ്പരും തീയതിയും :
4. മത്സ്യങ്ങൾ/കക്കകൾ ശേഖരിക്കുന്ന ജലാശയത്തിന്റെ പേരും, ശേഖരിക്കുന്ന അളവും :
5. മാറ്റം ചെയ്യപ്പെടേണ്ട സ്ഥലം :
6. മാറ്റം ചെയ്യപ്പെടുന്നതിന്റെ ആവശ്യം :
7. എന്തിനായുള്ള അനുമതി :
8. പെർമിറ്റ് നമ്പർ :

സ്ഥലം :
തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ*
*ഒപ്പും പേരും തസ്തികയും*

## ഫാറം നമ്പർ RA 1

[ചട്ടം 25 (2) കാണുക]

**റിട്ടേൺ (സ്ഥിതി വിവരങ്ങൾ) ഫയൽ ചെയ്യുന്നതിനുള്ള അപേക്ഷ**

1. അപേക്ഷകന്റെ പേരും വിലാസവും (ഫോൺ നമ്പർ സഹിതം) :

2. അക്വാകൾച്ചർ/ഹാച്ചറി/സ്ഥാവര വല/ചെമ്മീൻകെട്ടിന്റെ സ്ഥിതി വിവരങ്ങൾ
   - വില്ലേജ് :
   - പഞ്ചായത്ത് :
   - താലൂക്ക് :
   - ജില്ല :

3. രജിസ്ട്രേഷൻ നമ്പർ/ലൈസൻസ് നമ്പർ (പകർപ്പ് ഉള്ളടക്കം ചെയ്യണം) :

4. മാസംതോറും പിടിക്കുന്ന മത്സ്യങ്ങളുടെ ഇനം/തൂക്കം മുതലായവ :

5. വാർഷിക വിൽപ്പനയുടെ വിശദവിവരം വില ഈടാക്കിയത് മുതലായവ (പ്രത്യേക ഷീറ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്) :

സ്ഥലം :
തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം*

**അന്വേഷണ റിപ്പോർട്ട്**

സ്ഥലം :
തീയതി :

*ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും*

850/2017.

## ഫാറം നമ്പർ RA2

[ചട്ടം 25 (4) കാണുക]

### റിട്ടേണുകൾ (സ്ഥിതി വിവരങ്ങൾ) ഫയൽ ചെയ്യുന്നതിനുള്ള രജിസ്റ്റർ

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | അക്വാകൾച്ചർ/ഹാച്ചറി/ ഉറപ്പിച്ച മത്സ്യബന്ധന ഉപാധി/ചെമ്മീൻകെട്ട് | | | ഉടമസ്ഥാവകാശ വിവരം | രജിസ്ട്രേഷൻ നമ്പർ/ ലൈസൻസ് നമ്പർ/ കാലയളവ് | പിടിക്കുന്ന മത്സ്യത്തിന്റെ ഇനം, തൂക്കം എന്നിവയെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് | വില്പനയുടെ പ്രതിമാസ റിപ്പോർട്ട് | അഭിപ്രായം | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|
| | | വിസ്തൃതി | പഞ്ചായത്ത് | താലൂക്ക് | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | | | | | | | | | | |

## ഫാറം നമ്പർ A1

[ചട്ടം 26 (2) കാണുക]

### പൊതു ജലാശയത്തിൽ സ്ഥാപിച്ച മത്സ്യബന്ധനവല/അക്വാകൾച്ചർ യൂണിറ്റിന്റെ സ്ഥാനമാറ്റത്തിനായുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും വിലാസവും (ഫോൺ നമ്പർ സഹിതം) :
2. അച്ഛന്റെ/ഭർത്താവിന്റെ/അമ്മയുടെ പേര്
3. ഉറപ്പിച്ച മത്സ്യബന്ധന ഉപാധിയുടെ തരം/ ജലകൃഷി യൂണിറ്റിന്റെ സ്ഥലം :
   ഏരിയ/സർവ്വേ നമ്പർ :
   വില്ലേജ് :
   പഞ്ചായത്ത് :
4. രജിസ്ട്രേഷൻ നമ്പരും തീയതിയും (യഥാർത്ഥ രേഖ **ഉള്ള**ടക്കം ചെയ്യണം) :
5. ലൈസൻസ് നമ്പരും തീയതിയും (യഥാർത്ഥ രേഖ **ഉള്ള**ടക്കം ചെയ്യണം) :
6. സ്ഥലം മാറ്റുന്നതിനുള്ള കാരണം :
7. ഫീസ് ഒടുക്കിയതിന്റെ വിശദവിവരം :

സ്ഥലം :

തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം*

***ഉള്ളടക്കം ചെയ്യേണ്ട രേഖകൾ***

1. മത്സ്യബന്ധനവല സ്ഥാപിക്കുന്നതിനോ ജലകൃഷി യൂണിറ്റ് തുടങ്ങുന്നതിനോ ഉള്ള പുതിയ സ്ഥാനത്തിന്റെ സ്ഥാനരൂപരേഖയും സർവ്വേ വിവരങ്ങളും.
2. ഉൾനാടൻ ജലഗതാഗത അതോറിറ്റിയുടെ തർക്കരഹിത സർട്ടിഫിക്കറ്റ്.
3. തെരഞ്ഞെടുത്ത സ്ഥലം തുറമുഖ വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥലമാണെങ്കിൽ അവരുടെ തർക്കരഹിത സർട്ടിഫിക്കറ്റ്.
4. വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
5. സ്ഥലം മാറ്റം ചെയ്തത് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിന്റെ പകർപ്പ്.
6. മത്സ്യബന്ധനവല സ്ഥാപിക്കുന്ന ജലാശയത്തിന് മുൻപിലുള്ള സ്ഥല ഉടമയുടെ സമ്മതം കരാർ പത്രത്തിൽ എഴുതി വാങ്ങിയത്.

## ഫാറം നമ്പർ A 2

[ചട്ടം 26 (3) കാണുക]

### പൊതു ജലാശയത്തിൽ സ്ഥാപിച്ച മത്സ്യബന്ധനവലയുടെ സ്ഥാനമാറ്റത്തിനായുള്ള അനുവാദ പത്രം

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും നിയമത്തിലെ വ്യവസ്ഥകൾക്കും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും അനുസൃതമായി ..............................വിസ്തീർണ്ണമുള്ള.......................................രജിസ്ട്രേഷൻ നമ്പരുള്ള ......................ജലാശയം/പാടം....................തീയതി മുതൽ.........................തീയതി വരെ റവന്യൂ.................വില്ലേജിൽ......................റീസർവ്വേ നമ്പരിൽ...............................സ്ഥലത്ത് ..............................................വീട്ടിൽ താമസം.......................................മകൻ/ ഭാര്യ/മകൾ ആയ..........................................................ആൾക്ക് പൊതുജലാശയത്തിൽ സ്ഥാപിച്ച മത്സ്യബന്ധനവലയുടെ സ്ഥാനമാറ്റത്തിനായുള്ള അനുവാദം നൽകിയിരിക്കുന്നു.

സ്ഥലം :
കൊടുത്ത തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും.*

(സീൽ)

# ഫാറം നമ്പർ A3

[ചട്ടം 26 (3) കാണുക]

**പൊതുജലാശയത്തിലുള്ള ഉറപ്പിച്ച മത്സ്യബന്ധനവലയുടെയോ/അക്വാകൾച്ചർ യൂണിറ്റിന്റെയോ സ്ഥാനമാറ്റ അനുമതി നൽകുന്നതിനുള്ള രജിസ്റ്റർ**

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ഉറപ്പിച്ച മത്സ്യബന്ധന വലയുടെ തരവും ജലകൃഷി യൂണിറ്റിന്റെ സ്ഥലവിവരവും | വിസ്തൃതിയും സർവ്വേ നമ്പരും | വില്ലേജ്/പഞ്ചായത്ത് | രജിസ്ട്രേഷൻ നമ്പരും തീയതിയും | അനുമതി നമ്പർ, തീയതി/ കാലയളവ് | സ്ഥലം മാറ്റത്തിന്റെ കാരണം | ഫീസ് ഒടുക്കിയതിന്റെ വിശദവിവരം | അഭിപ്രായം | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |

## ഫാറം നമ്പർ P3

[ചട്ടം 27 (1) കാണുക]

**മത്സ്യസങ്കേതത്തിൽ കയറാനോ താമസിക്കാനോ ഉള്ള അപേക്ഷ**

1. അപേക്ഷകന്റെ പേരും മേൽവിലാസവും :
   (ഫോൺ നമ്പർ സഹിതം)
2. തൊഴിൽ :
3. മത്സ്യസങ്കേതം സ്ഥിതി ചെയ്യുന്ന സ്ഥലം :
   - വില്ലേജ് :
   - പഞ്ചായത്ത് :
   - താലൂക്ക് :
   - ജില്ല :
4. സന്ദർശിക്കാനുള്ള കാരണം :
5. അനുവാദം ചോദിച്ചിരിക്കുന്ന കാലയളവ് :
6. ഫീസ് ഒടുക്കിയതിന്റെ വിശദവിവരം :
7. എന്തിന് വേണ്ടിയുള്ള അനുവാദം :

സ്ഥലം :
തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം.*

# ഫാറം നമ്പർ P4

[ചട്ടം 27 (3) കാണുക]

**മത്സ്യസങ്കേതത്തിൽ കയറാനോ താമസിക്കാനോ ഉള്ള അനുവാദപത്രം**

1. അപേക്ഷകന്റെ പേരും മേൽവിലാസവും (ഫോൺ നമ്പർ സഹിതം) :
2. തൊഴിൽ :
3. മത്സ്യസങ്കേതം സ്ഥിതി ചെയ്യുന്ന സ്ഥല വിവരം :

   വില്ലേജ് :

   പഞ്ചായത്ത് :

   താലൂക്ക് :

   ജില്ല :
4. സന്ദർശിക്കാനുള്ള കാരണം :
5. എന്തിനുവേണ്ടിയുള്ള അനുവാദം :
6. അനുവാദ കാലയളവ് :
7. ഫീസ് ഒടുക്കിയതിന്റെ വിശദവിവരം :

സ്ഥലം :

കൊടുത്ത തീയതി :

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ*

*ഒപ്പും പേരും തസ്തികയും.*

## ഫാറം നമ്പർ P5

[ചട്ടം 27 (3) കാണുക]

**മത്സ്യസങ്കേതത്തിൽ കയറാനോ താമസിക്കുവാനോ <u>ഉള്ള</u> അനുവാദത്തിനായുള്ള രജിസ്റ്റർ**

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | തൊഴിൽ | സങ്കേതം സ്ഥിതി ചെയ്യുന്ന സ്ഥലം | | | സന്ദർശിക്കുന്നതിനുള്ള കാരണം | എന്തിനുവേണ്ടിയുള്ള അനുവാദം | അനുവാദ കാലയളവ് | ഫീസ് ശേഖരിച്ചതിന്റെ വിശദവിവരം | അഭിപ്രായം | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | വില്ലേജ് | പഞ്ചായത്ത് | താലൂക്ക് | | | | | | | |
| | | | | | | | | | | | | |

# ഫാറം നമ്പർ Q1

[ചട്ടം 30 (4) കാണുക]

## മത്സ്യവിത്തിന്റെ സർട്ടിഫിക്കറ്റ്

1. അപേക്ഷകന്റെ പേരും വിലാസവും :

2. മത്സ്യവിത്തുൽപ്പാദനകേന്ദ്രത്തിന്റെ (മത്സ്യ ഹാച്ചറിയുടെ) പേരും വിലാസവും :

3. ഇനം, വളർച്ച ഘട്ടം :

4. (1) ശേഖരിച്ച തീയതി :

   (2) കൈപ്പറ്റിയ തീയതി :

   (3) പരിശോധന പൂർത്തിയാക്കിയ തീയതി :

5. പരിശോധനയുടെ പേര് :

6. :

| പരിശോധന മാനദണ്ഡം | പരിശോധന ഫലം (mg/kg) | പരമാവധി അവശിഷ്ട പരിധി (mg/kg) | അനുവർത്തനം/ യോജിപ്പ് | അഭിപ്രായം |
|---|---|---|---|---|
| | | | | |

സ്ഥലം :

കൊടുത്ത തീയതി :

(സീൽ)

അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും തസ്തികയും.

850/2017.

## ഫാറം നമ്പർ Q2

[ചട്ടം 30 (4) കാണുക]

### മത്സ്യവിത്തിന്റെ സാക്ഷ്യപത്രം നൽകുന്നതിനുള്ള രജിസ്റ്റർ

| ക്രമനമ്പർ | അപേക്ഷകന്റെ പേരും വിലാസവും | മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിന്റെ പേരും വിലാസവും | ഇനം, വളർച്ചാഘട്ടം. ശേഖരിക്കുന്ന തീയതി, കൈവശപ്പെടുന്ന തീയതി, പരിശോധന പൂർത്തിയായ തീയതി | പരിശോധനയുടെ പേര് | പരിശോധന മാനദണ്ഡം | പരിശോധന തീയതി | പരിശോധന ഫലം ($mg/kg$) | പരമാവധി അവശിഷ്ട പരിധി ($mg/kg$) | യോജിപ്പ് | അപേക്ഷകന്റെ ഒപ്പ് | അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7. | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |

## അനുബന്ധം

[ചട്ടം 23 (1) (iii) കാണുക]

### മത്സ്യബന്ധന ഉരുക്കൾ/ബോട്ട്/സ്വതന്ത്ര വല/സ്ഥാവര വല/ചെമ്മീൻകെട്ട്/ജലകൃഷിപ്പാടം/ഹാച്ചറികളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നത്

1. അപേക്ഷകന്റെ പേരും വിലാസവും (ഫോൺ നമ്പർ സഹിതം) :

2. ഏത് തരം ഉറപ്പിച്ച മത്സ്യബന്ധന ഉപകരണം/സ്ഥലം/വിസ്തൃതി/സർവ്വേ നമ്പർ മുതലായവ :

   വില്ലേജ് :

   പഞ്ചായത്ത് :

3. എങ്ങനെ എപ്പോൾ ലഭിച്ചു? :
4. ആർക്ക് വിൽക്കുന്നു :
5. ആരിൽ നിന്നു വാങ്ങുന്നു :
6. രജിസ്റ്റർ നമ്പരും തീയതിയും :
7. ലൈസൻസും തീയതിയും :
8. കൈമാറ്റം ചെയ്തയാൾ ആ സ്ഥലത്ത് എത്ര നാൾ താമസിച്ചു? :
9. കൈമാറ്റം ചെയ്ത ആൾക്ക് മത്സ്യബന്ധന ഉരുക്കൾ/സ്വതന്ത്ര വല/സ്ഥാവര വല/ചെമ്മീൻ കെട്ട്/ജലകൃഷിപ്പാടം/ഹാച്ചറി എന്നിവ ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വ്യക്തമാക്കുക :
10. മത്സ്യബന്ധന ഉരുക്കൾ/സ്വതന്ത്ര വല/സ്ഥാവര വല/ചെമ്മീൻ കെട്ട്/ജലകൃഷിപ്പാടം/ഹാച്ചറികൾ എന്നിവയുടെ വിശദാംശങ്ങൾ :

സ്ഥലം :

തീയതി :

*അപേക്ഷകന്റെ ഒപ്പ്/വിരലടയാളം.*

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗീസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല എങ്കിലും പൊതു ഉദ്ദേശ്യം സൂചിപ്പിക്കുന്നതിലേക്കായി ഇവിടെ ചേർക്കുന്നു.)

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിലെ (2010-ലെ 15-ാം ആക്റ്റ്) 44-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം പ്രസ്തുത ആക്റ്റിന്റെ എല്ലാമോ ഏതെങ്കിലുമോ ഉദ്ദേശ്യം നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. അതനുസരിച്ച് ഇതിലേക്കായി ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ വിജ്ഞാപനം.

അനുബന്ധം II

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2015 മാർച്ച് 9<br>9th March 2015<br>1190 കുംഭം 25<br>25th Kumbham 1190<br>1936 ഫാൽഗുനം 18<br>18th Phalguna 1936 | നമ്പർ<br>No. | 497 |

## കേരള സർക്കാർ

മത്സ്യബന്ധന-തുറമുഖ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 09/2015/മ.തു.വ. *തിരുവനന്തപുരം, 2015 മാർച്ച് 9.*

**എസ്. ആർ. ഒ. നമ്പർ 115/2015.**—2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010-ലെ 15-ാം ആക്റ്റ്)-ലെ 44-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 മെയ് 28-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 34/13/മ.തു.വ എന്ന നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2013 മെയ് 28-ാം തീയതിയിലെ 1459-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 429/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിലേക്കായി, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2015-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിൽ,—

(1) 2-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടത്തിൽ,—

(i) (ഡി) ഖണ്ഡത്തിൽ, "ഫ്രൈകളോ" എന്ന വാക്കിനു പകരം "മുട്ടകളോ, ഹാച്ച്ലിംഗുകളോ, ഫ്രൈകളോ, ഫിംഗർ ലിംഗുകളോ, നോപ്ളിയകളോ പോസ്റ്റ് ലാർവകളോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (കെ) ഖണ്ഡത്തിൽ, "ഫ്രൈ"കളും എന്ന വാക്കിനുശേഷം "ഹാച്ച് ലിംഗുകളും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (എൽ) ഖണ്ഡത്തിൽ, "മൊളാസ്ക വിഭാഗം" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(iv) (ഒ) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(2) 5-ാം ചട്ടത്തിൽ,—

(i) (1)-ാം ഉപചട്ടത്തിനു നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു പകരം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയോ ജലവിഭവ വകുപ്പിന്റെയോ അധീനതയിലുള്ള ജലാശയങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയോടെ മാത്രമേ പ്രസ്തുത അവകാശം ഫിഷറീസ് വകുപ്പിന് ലഭിക്കുകയുള്ളൂ.";

(ii) (4)-ാം ഉപചട്ടത്തിനു പകരം, താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(4) ഏതൊരു സ്വകാര്യ ജലാശയങ്ങളിലെയും സ്വകാര്യ ചെമ്മീൻ കെട്ടുകളിലെയും പാടശേഖരങ്ങളിലെയും മറ്റു സ്വകാര്യ വെള്ളക്കെട്ടിലെയും മത്സ്യബന്ധനം നടത്തുന്നതിനുള്ള അവകാശം അവയുടെ ഉടമയിലോ ഉടമകളിലോ നിക്ഷിപ്തമായിരിക്കുന്നതും അത്തരം പ്രദേശങ്ങൾ, അതിന്റെ ഉടമകൾക്ക് ഏതെങ്കിലും വ്യക്തിക്കോ സംഘങ്ങൾക്കോ മത്സ്യത്തൊഴിലാളിക്കോ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കോ നികായത്തിനോ പാട്ടത്തിന് നൽകാവുന്നതുമാണ്."

(3) (6)-ാം ചട്ടത്തിൽ,—

(i) (1)-ാം ഉപചട്ടത്തിൽ,—

(എ) (സി) ഖണ്ഡത്തിൽ, "അഴിമുഖം, തോട്, കായൽ" എന്ന വാക്കുകൾക്ക് പകരം "അഴിമുഖം തൊട്ട് കായൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (കെ) ഖണ്ഡത്തിൽ, "നാൽപത്തിയെട്ട് മീറ്റർ വിസ്താരത്തോടെയുള്ള" എന്ന വാക്കുകൾക്ക് പകരം "നാൽപ്പത്തിയെട്ട് മീറ്ററോ അതിൽ കൂടുതലോ ചുറ്റളവുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (7)-ാം ഉപചട്ടം വിട്ടുകളയേണ്ടതാണ്.

(iii) (8)-ാം ഉപചട്ടത്തിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടി ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ശാസ്ത്രീയമായ ചെമ്മീൻ കൃഷിയുടെ കാര്യത്തിൽ മേൽപ്പറഞ്ഞ വ്യവസ്ഥ പാലിക്കേണ്ടതില്ല".

(iv) (13)-ാം ഉപചട്ടത്തിനുപകരം, താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(13) യാതൊരാളും ഇരുപത് മില്ലീമീറ്ററിൽ കുറഞ്ഞ കണ്ണി വലിപ്പമുള്ള വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ പാടില്ലാത്തതാണ്.".

(4) (7)-ാം ചട്ടത്തിൽ,—

(i) (4)-ഉം (5)-ഉം ഉപചട്ടങ്ങൾ വിട്ടുകളയേണ്ടതാണ്.

(ii) (7)-ാം ഉപചട്ടത്തിൽ, "ഒരു ഹാച്ചറിയിൽ നിന്നുല്പാദിപ്പിച്ചതോ അയൽ സംസ്ഥാനത്ത്നിന്ന് കൊണ്ടുവന്നതോ ആയ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(iii) (8)-ഉം (9)-ഉം ഉപചട്ടങ്ങൾ വിട്ടുകളയേണ്ടതാണ്.

(5) 8-ാം ചട്ടത്തിൽ,—

(i) (5)-ാം ഉപചട്ടത്തിൽ, "സ്വതന്ത്ര വലകൾ" എന്ന വാക്കുകൾക്കു പകരം "സ്ഥാവര വലകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (9)-ാം ഉപചട്ടത്തിന്, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടി ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഈ ഉപചട്ടത്തിലെ യാതൊന്നും തന്നെ ഈ ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ള ഊന്നി അഥവാ കുറ്റി വലകൾക്ക് ബാധകമാകുന്നതല്ല.";

(iii) (10)-ാം ഉപചട്ടത്തിനുള്ള ക്ലിപ്തനിബന്ധന പ്രത്യേക ഖണ്ഡികയായി ചേർക്കേണ്ടതും അപ്രകാരം പ്രത്യേക ഖണ്ഡികയായി ചേർത്ത ക്ലിപ്തനിബന്ധനയിൽ "നാല് ഊന്നി അഥവാ കുറ്റിവലകളിൽ കൂടുതൽ" എന്ന വാക്കുകൾക്കുപകരം "ഊന്നി അഥവാ കുറ്റിവലകളോ ചീനവലകളോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (11)-ാം ഉപചട്ടത്തിനുള്ള ക്ലിപ്തനിബന്ധന പ്രത്യേക ഖണ്ഡികയായി ചേർക്കേണ്ടതും അപ്രകാരം പ്രത്യേക ഖണ്ഡികയായി ചേർത്ത ക്ലിപ്തനിബന്ധനയിൽ "സംഘങ്ങളുടെയോ" എന്ന വാക്കിനുശേഷം "പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയോ മത്സ്യത്തൊഴിലാളികളുടെ സ്ഥാപനങ്ങളുടെയോ സംഘടനയുടെയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (12)-ാം ഉപചട്ടത്തിൽ, "മത്സ്യത്തൊഴിലാളി സംഘങ്ങൾക്കോ" എന്ന വാക്കുകൾക്കുശേഷം "പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംഘടനകൾക്കോ സ്ഥാപനങ്ങൾക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(vi) (13)-ാം ഉപചട്ടത്തിനു, നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, ഈ ഉപചട്ടത്തിലെ യാതൊന്നും തന്നെ ഈ ചട്ടങ്ങളുടെ പ്രാരംഭത്തിൽ ഒന്നിൽ കൂടുതൽ ചീനവലകൾ കൈവശം വച്ചിരിക്കുന്ന അങ്ങനെയുള്ള വ്യക്തികൾക്ക് ബാധകമാകുന്നതല്ല.";

(vii) (16)-ാം ഉപചട്ടത്തിൽ, "ലൈസൻസുകളോ പെർമിറ്റുകളോ" എന്ന വാക്കുകൾക്കുശേഷം "ശിക്ഷ അനുഭവിച്ചതിനുശേഷം രണ്ടു വർഷക്കാലം വരെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(viii) (18)-ാം ഉപചട്ടത്തിൽ, "അലങ്കാര മത്സ്യമാണെന്നോ നശിച്ചു കൊണ്ടിരിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന മത്സ്യമാണെന്നോ" എന്ന വാക്കുകൾക്കു പകരം "നശിച്ചുകൊണ്ടിരിക്കുന്ന വിഭാഗത്തിൽപ്പെടുന്ന മത്സ്യമാണെന്ന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(6) 9-ാം ചട്ടത്തിൽ,—

(i) (1)-ാം ഉപചട്ടത്തിൽ, "സ്വകാര്യ ജലാശയത്തിലോ" എന്ന വാക്കുകൾക്കുപകരം "സ്വകാര്യ ജലാശയങ്ങളിലോ അക്വകൾച്ചർ നടത്തുന്ന മറ്റ് ജലാശയങ്ങളിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (3)-ാം ഉപചട്ടത്തിനു പകരം, താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(3) സർക്കാർ വിജ്ഞാപനപ്രകാരം നിരോധിച്ചിരിക്കുന്ന മത്സ്യ വിത്തുകൾ യാതൊരു കാരണവശാലും അക്വാകൾച്ചറിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.";

(iii) (4)-ാം ഉപചട്ടം വിട്ടുകളയേണ്ടതാണ്;

(iv) (5)-ാം ഉപചട്ടത്തിനുള്ള ക്ലിപ്തനിബന്ധനയിൽ, "സർക്കാർ സ്ഥാപനങ്ങൾക്ക്" എന്ന വാക്കുകൾക്ക് പകരം "സർക്കാർ സ്ഥാപനങ്ങൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (7)-ാം ഉപചട്ടത്തിൽ, "ശിക്ഷിക്കപ്പെട്ടിട്ടുള്ള യാതൊരാൾക്കും" എന്ന വാക്കുകൾക്കു ശേഷം "ശിക്ഷ അനുഭവിച്ച് രണ്ട് വർഷക്കാലം വരെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7) 10-ാം ചട്ടത്തിൽ,—

(i) (3)-ാം ഉപചട്ടത്തിൽ, "കക്ക വർഗ്ഗ ജീവികളുടെ വളർത്തലിനുമായി" എന്ന വാക്കുകൾക്കു പകരം "കക്കവർഗ്ഗ ജീവികളുടെ വളർത്തലിനും പെൻകൃഷിയ്ക്കായും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (5)-ാം ഉപചട്ടത്തിൽ, "രജിസ്ട്രേഷനും ലൈസൻസും ആ പ്രദേശങ്ങൾക്കടുത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക്" എന്ന വാക്കുകൾക്കു പകരം "രജിസ്ട്രേഷൻ ആ പ്രദേശങ്ങൾക്കടുത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കോ മത്സ്യത്തൊഴിലാളി സംഘങ്ങൾക്കോ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം മത്സ്യകർഷകർക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (9)-ാം ഉപചട്ടത്തിൽ, "മത്സ്യത്തൊഴിലാളി വനിതകൾ" എന്ന വാക്കുകൾക്കു ശേഷം "മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, മത്സ്യ കൃഷിക്കാരൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(8) 11-ാം ചട്ടത്തിൽ,—

(i) (2)-ാം ഉപചട്ടത്തിൽ, "മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളിൽ നിന്നോ" എന്ന വാക്കുകൾക്കു ശേഷം "പരമ്പരാഗത മത്സ്യത്തൊഴിലാളി സംഘടനകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (5)-ാം ഉപചട്ടം വിട്ടുകളയേണ്ടതാണ്.

(9) 12-ാം ചട്ടത്തിന്റെ, (2)-ാം ഉപചട്ടത്തിൽ, "ലൊക്കേഷൻ സർട്ടിഫിക്കറ്റ്" എന്ന വാക്കുകൾക്കുപകരം "ലൊക്കേഷൻ സർട്ടിഫിക്കറ്റും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റോ അല്ലെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റോ ലീസിന് എടുത്തിട്ടുള്ളതാണെങ്കിൽ ലീസ് എഗ്രിമെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(10) 13-ാം ചട്ടത്തിന്റെ, (2)-ാം ഉപചട്ടത്തിലെ,—

(i) (ബി) ഖണ്ഡത്തിൽ, "തന്നിട്ടുള്ള ഹാച്ചറിയുടെയോ, മത്സ്യപ്രജനന കേന്ദ്രങ്ങളുടെയോ അടിസ്ഥാന സൗകര്യ വികസന പ്ലാൻ" എന്ന വാക്കുകൾക്കു പകരം "കെട്ടിട നിർമ്മാണ പെർമിറ്റ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിനു പകരം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) ഹാച്ചറിയുടെയോ മത്സ്യപ്രജനന കേന്ദ്രങ്ങളുടെയോ പദ്ധതി രേഖ.".

(11) 15-ാം ചട്ടത്തിന്റെ, (2)-ാം ഉപചട്ടത്തിലെ (ബി) ഖണ്ഡത്തിൽ, "ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ" എന്ന വാക്കിനു പകരം "ശിക്ഷിക്കപ്പെട്ട് രണ്ട് വർഷ കാലാവധി കഴിഞ്ഞിട്ടില്ലായെങ്കിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(12) 16-ാം ചട്ടത്തിന്റെ, (6)-ാം ഉപചട്ടത്തിനുള്ള ക്ലിപ്തനിബന്ധനയിൽ "ഏപ്രിൽ 30 വരെ" എന്ന വാക്കുകൾക്കും അക്കത്തിനും പകരം "ഏപ്രിൽ 14 വരെ" എന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്.

(13) 18-ാം ചട്ടത്തിൽ,—

(i) (1)-ാം ഉപചട്ടത്തിൽ, "ഹാച്ചറി സ്ഥിതിചെയ്യുന്ന" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (1)-ാം ഉപചട്ടത്തിനുള്ള ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ്.

(14) 22-ാം ചട്ടത്തിൽ,—

(i) (1)-ാം ഉപചട്ടത്തിൽ, "മത്സ്യങ്ങൾ അഥവാ കക്ക, കക്കയിറച്ചി അഥവാ രണ്ടും കൂടിയോ ഒരു അധികാരപരിധിയിൽ നിന്നും മറ്റൊരു അധികാരപരിധിയിലേക്ക് ഉൾനാടൻ ജലാശയത്തിലൂടെ" എന്ന വാക്കുകൾക്കു പകരം "ഷെൽ ഒരു അധികാരപരിധിയിൽ നിന്നും മറ്റൊരു അധികാരപരിധിയിലേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (1)-ാം ഉപചട്ടം മുതൽ (3)-ാം ഉപചട്ടം വരെയുള്ളവയുടെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നവ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, വ്യാവസായികാടിസ്ഥാനത്തിലുള്ള ചരക്കു നീക്കത്തിന് മാത്രം പെർമിറ്റ് ബാധകമാണ്".

(15) 23-ാം ചട്ടത്തിന്റെ, (1)-ാം ഉപചട്ടത്തിൽ,—

(i) "സ്വതന്ത്രവലകൾ, ചെമ്മീൻ കെട്ടുകൾ, അക്വാകൾച്ചർ ഫാമുകൾ, ഹാച്ചറികൾ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) നിലവിലുള്ള (i) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(i) മത്സ്യബന്ധന ഉരുക്കൾ, സ്ഥാവര വലകൾ എന്നിവ നിയമാനുസൃത പിൻതുടർച്ചാവകാശിക്കോ അല്ലെങ്കിൽ മത്സ്യബന്ധനത്തിന് ലൈസൻസുള്ള മത്സ്യത്തൊഴിലാളിക്കോ, മത്സ്യത്തൊഴിലാളി സംഘത്തിനോ അല്ലാതെ മറ്റേതൊരാൾക്കും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും അങ്ങനെയുള്ള ഏതൊരു കൈമാറ്റവും ഒരു രജിസ്റ്റർ ചെയ്ത ഉടമ്പടി പ്രകാരം ആയിരിക്കേണ്ടതുമാണ്:

എന്നാൽ, മുകളിൽ പറയുന്ന ഉപചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം മത്സ്യബന്ധന ഉരുക്കൾ, സ്വതന്ത്രവലകൾ, സ്ഥാവര വലകൾ, ചെമ്മീൻകെട്ടുകൾ, അക്വാകൾച്ചർ ഫാമുകൾ എന്നിവയുടെ ഉടമസ്ഥാവകാശം പൂർണ്ണമായോ ഭാഗികമായോ കൈമാറ്റം ചെയ്യുന്നതിന് രജിസ്റ്റേർഡ് ഉടമയ്ക്ക് അവകാശം ഉണ്ടായിരിക്കേണ്ടതാണ്".

(iii) അപ്രകാരം പകരം ചേർത്ത (i) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(iഎ) സ്വതന്ത്ര വലകൾ, അക്വാകൾച്ചർ ഫാമുകൾ, ഹാച്ചറികൾ, ചെമ്മീൻ കെട്ടുകൾ എന്നിവ ഏതൊരാൾക്കും കൈമാറ്റം ചെയ്യാവുന്നതും, സ്വതന്ത്ര വലകൾ ഒഴികെയുള്ള സംഗതികളിൽ ഒരു രജിസ്റ്റർ ചെയ്ത ഉടമ്പടി പ്രകാരമല്ലാതെ കൈമാറ്റം നടത്തുവാൻ പാടില്ലാത്തതുമാണ്.".

(16) 24-ാം ചട്ടത്തിന്റെ, (1)-ാം ഉപചട്ടത്തിൽ, "ഓരോ വിൽപ്പനയുടെയും രോഗങ്ങളുണ്ടാകുന്നതിന്റെയും എണ്ണം, നിർദ്ദിഷ്ട സ്ഥലം എന്നിവ സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതാണ്" എന്ന വാക്കുകൾക്കുപകരം "ഓരോ വിൽപ്പനയുടെയും കൃഷി സംബന്ധിച്ച വിശദാംശങ്ങളുടെയും രേഖകൾ സൂക്ഷിക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(17) 30-ാം ചട്ടത്തിൽ,—

(i) (2)-ാം ഉപചട്ടത്തിൽ, "ഓരോ സാമ്പിളിനും 250 രൂപ നിരക്കിൽ" എന്ന വാക്കുകൾക്കു പകരം "ഓരോ ടെസ്റ്റിനും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (3)-ാം ഉപചട്ടത്തിനുപകരം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(3) ഏജൻസികൾ മത്സ്യവിത്തുകളുടെ പരിശോധന നടത്തുകയും പ്രസ്തുത മത്സ്യവിത്തുകൾക്ക് രോഗമോ, പരാദബാധയോ ഇല്ലായെന്ന് സാക്ഷ്യപ്പെടുത്തുന്നതിനായി ബോദ്ധ്യപ്പെടുകയും ചെയ്യേണ്ടതാണ്.".

(18) 31-ാം ചട്ടത്തിൽ,—

(i) (1)-ാം ഉപചട്ടത്തിനു താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്നതിൽ ഒരാൾ ഒരു മൈക്രോബയോളജിസ്റ്റ് ആയിരിക്കേണ്ടതാണ്.";

(ii) (3)-ാം ഉപചട്ടത്തിൽ, "കൈപ്പിടിയിൽ" എന്ന വാക്കിനു പകരം "കൈപ്പടയിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(19) 32-ാം ചട്ടത്തിന്റെ, (2)-ാം ഉപചട്ടത്തിൽ, "ഐ. സി. എ. ആർ. ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും" എന്ന വാക്കുകൾക്കുപകരം "ഐ.സി.എ.ആർ. ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നോ ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ നിന്നോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(20) 33-ാം ചട്ടത്തിന്റെ, (എഫ്) ഖണ്ഡത്തിൽ, "ജൈവ സസ്യസമ്പത്ത്" എന്ന വാക്കുകൾക്കുപകരം "ജൈവ സമ്പത്ത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(21) പട്ടിക 1-ൽ,—

(i) "2. രജിസ്ട്രേഷനുള്ള ഫീസ്" എന്ന ശീർഷകത്തിൻ കീഴിൽ "(5) അക്വാകൾച്ചറിനുള്ള രജിസ്ട്രേഷൻ ഫീസ്" എന്ന മാർജിനൽശീർഷകത്തിനും അതിൻ കീഴിലുള്ള പട്ടികയ്ക്കും പകരം താഴെപ്പറയുന്ന മാർജിനൽശീർഷകവും പട്ടികയും ചേർക്കേണ്ടതാണ്, അതായത്:—

*"(5) അക്വാകൾച്ചറിനുള്ള രജിസ്ട്രേഷൻ ഫീസ്*

| *ക്രമനമ്പർ* | *തരം* | *ഓരുജല മത്സ്യകൃഷി* | *ശുദ്ധജല മത്സ്യകൃഷി* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മത്സ്യകൃഷി | അഞ്ചു ഹെക്ടർ വരെ | |
| | | കുറഞ്ഞത് 600 രൂപ എന്ന പരിധിക്ക് വിധേയമായി ഹെക്ടർ ഒന്നിന് 250 രൂപ നിരക്കിൽ | കുറഞ്ഞത് 200 രൂപ എന്ന പരിധിക്ക് വിധേയമായി ഹെക്ടർ ഒന്നിന് 100 രൂപ നിരക്കിൽ |
| | | അഞ്ചു ഹെക്ടറിന് മുകളിൽ പത്ത് ഹെക്ടർ വരെ | |
| | | 1250 രൂപയും അഞ്ചു ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും ഹെക്ടർ ഒന്നിന് 600 രൂപ നിരക്കിൽ | 500 രൂപയും അഞ്ചു ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും ഹെക്ടർ ഒന്നിന് 200 രൂപ നിരക്കിൽ |
| | | പത്ത് ഹെക്ടറിന് മുകളിൽ | |
| | | 4250 രൂപയും പത്തു ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനോ അതിന്റെ ഭാഗത്തിനോ 1100 രൂപ നിരക്കിൽ | 1500 രൂപയും പത്തു ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനോ അതിന്റെ ഭാഗത്തിനോ 300 രൂപ നിരക്കിൽ |
| 2 | അലങ്കാര മത്സ്യ കൃഷി | ഒരേക്കറിന് താഴെ 250 രൂപ ഒരേക്കറോ അതിന് മുകളിലോ ഉള്ള കൃഷിയിടം ഏക്കർ ഒന്നിന് 1000 രൂപ നിരക്കിൽ | ഒരേക്കറിന് താഴെ 250 രൂപ ഒരേക്കറോ അതിന് മുകളിലോ ഉള്ള കൃഷിയിടം ഏക്കർ ഒന്നിന് 1000 രൂപ നിരക്കിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കൂട് മത്സ്യകൃഷി | ഘനമീറ്റർ ഒന്നിന് 10 രൂപ നിരക്കിൽ | ഘനമീറ്റർ ഒന്നിന് 10 രൂപ നിരക്കിൽ |
| 4 | പലക തട്ടിൽ, ചങ്ങാടത്തിൽ, നീണ്ട നാരുകൾ ഉപയോഗിച്ചുള്ള കല്ലുമ്മേക്കായ് കൃഷി | ചതുരശ്ര മീറ്റർ ഒന്നിന് 1 രൂപ നിരക്കിൽ | ചതുരശ്ര മീറ്റർ ഒന്നിന് 1 രൂപ നിരക്കിൽ."; |

(ii) "3. ലൈസൻസിനുള്ള ഫീസ്" എന്ന ശീർഷകത്തിൻ കീഴിൽ,—

(എ) "(ii) പലതരത്തിലുള്ള സ്ഥാവര വലയുടെ ലൈസൻസ് ഫീസ്" എന്ന മാർജിനൽ ശീർഷകത്തിനും അതിൻ കീഴിലുള്ള പട്ടികയ്ക്കും പകരം താഴെ പറയുന്ന മാർജിനൽ ശീർഷകവും പട്ടികയും ചേർക്കേണ്ടതാണ്, അതായത്:—

"*(ii) പലതരത്തിലുള്ള സ്ഥാവര വലകളുടെ ലൈസൻസ് ഫീസ്*

| *ക്രമ നമ്പർ* | *സ്ഥാവര വലയുടെ തരം* | *ശരാശരി വാർഷിക വരുമാനം* | *അനുമതി ഫീസ് (രൂപ)* |
|---|---|---|---|
| 1 | ചീനവല | മോക്ക് ഗിയർ | 300.00 |
| | | 20,000 രൂപയിൽ കൂടുതൽ | 500.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 300.00 |
| | | 10,000 രൂപയ്ക്ക് താഴെ | 250.00 |
| 2 | ഊന്നിവല | 20,000 രൂപയിൽ കൂടുതൽ | 500.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 300.00 |
| | | 10,000 രൂപയ്ക്ക് താഴെ | 250.00 |
| 3 | ചീപ്പ് ചാൽ വല | 20,000 രൂപയിൽ കൂടുതൽ | 500.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 300.00 |
| | | 10,000 രൂപയ്ക്ക് താഴെ | 250.00 |
| 4 | മറ്റ് വലകൾ | 20,000 രൂപയിൽ കൂടുതൽ | 300.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 250.00 |
| | | 10,000 രൂപയ്ക്ക് താഴെ | 150.00."; |

(ബി) (iii) "പലതരത്തിലുള്ള ചെമ്മീൻകെട്ട് പാടത്തിന്റെ ലൈസൻസ് ഫീസ്" എന്ന മാർജിനൽ ശീർഷകത്തിനും അതിൻ കീഴിലുള്ള പട്ടികയ്ക്കും പകരം താഴെപ്പറയുന്ന മാർജിനൽ ശീർഷകവും പട്ടികയും ചേർക്കേണ്ടതാണ്, അതായത്:—

*(iii) "പലതരത്തിലുള്ള ചെമ്മീൻ കെട്ട് പാടത്തിന്റെ ലൈസൻസ് ഫീസ്"*

| *ക്രമ നമ്പർ* | *തരം* | *അനുമതി ഫീസ് (രൂപ)* |
|---|---|---|
| 1 | 100 ഹെക്ടറിൽ കുറഞ്ഞ വിസ്തൃതിയുള്ള ചെമ്മീൻ കെട്ട് പാടം | ഹെക്ടർ ഒന്നിന് 200 രൂപ നിരക്കിൽ |
| 2 | 100 ഹെക്ടറിനും 200 ഹെക്ടറിനും ഇടയിൽ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 20,000 രൂപയും 100 ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും ഹെക്ടർ ഒന്നിന് 250 രൂപ നിരക്കിൽ |
| 3 | 200 ഹെക്ടറിനും 500 ഹെക്ടറിനും ഇടയിൽ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 45,000 രൂപയും 200 ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും ഹെക്ടർ ഒന്നിന് 300 രൂപ നിരക്കിൽ |
| 4 | 500 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 1,35,000 രൂപയും 500 ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും ഹെക്ടർ ഒന്നിന് 500 രൂപ നിരക്കിൽ |
| 5 | സീസൺ കെട്ട് (ചെമ്മീൻ കെട്ട്) പാടം/ ഒരു ഹെക്ടറിന് | ഹെക്ടറിന് 100 രൂപ.". |

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 മെയ് 28-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) 34/13/മ.തു.വ. നമ്പർ ആയി പുറപ്പെടുവിച്ചതും 2013 മെയ് 28-ാം തീയതിയിലെ 1459-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 429/2013 ആയി പ്രസിദ്ധീകരിച്ചതുമായ 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തുവാൻ ബന്ധപ്പെട്ട വിഷയനിർണ്ണയ സമിതി 2013 ഡിസംബർ 4-ാം തീയതി കൂടിയ യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി. ആയതിനാൽ, പ്രസ്തുത ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.